KNANAYADEEPAM

# ക്നാനായദീപം

Vol: 37 / Issue: 1 January 2026 ₹:20/-

## പുതുവത്സരാശംസകൾ

# 2026


Mindu
The Migration Agent
AUSTRALIA
MINDU
THE MIGRATION AGENT
OUR SERVICES
ALL KIND OF VISA APPLICATIONS
GENERAL SKILL MIGRATIONS/ SKILL ASSESSMENT
UNIVERSITY ADMISSIONS/ STUDENT VISA
OSCE TRAINING
AHPRA REGISTRATION
REGISTERED MIGRATION CONSULTANT MARN 2318137
CONTACT US
AUSTRALIA: +61 87333 3322 1300 080 322
UAE: +97142657849
KERALA: +919995398752 +919995391452
www.themaraagent.com

# ക്നാനായ ദീപം

2026 ജനുവരി പുസ്തകം 37 ലക്കം 1

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

കുർബ്ബാന വീഥിയിൽ 09
ഫാ. ജേക്കബ് കല്ലുകുളം

പുതുവർഷം: വഴിമാറാതെ... 10
ഫാ. മോനായി കെ. ഫിലിപ്പ് കർക്കടകംപള്ളിൽ

ജ്ഞാനംകൊണ്ട് ഭവനം പണിയാം 15
സുനിൽ ഡി. കുരുവിള

മാമോദീസ 17
ഉണ്ണി ഏബ്രഹാം കൊറ്റുചാലിൽ

ഏവൻഗേലിയോൻ ദീപം 20
ഫാ. കുറിയാക്കോസ് തിരുനിലത്ത്

ഇങ്ങനെയും ജീവിതം 22
ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്

പരി. മഞ്ഞനിക്കര ബാവ 23
ഫാ. ജേക്കബ് ഫിലിപ്പ് നടയിൽ

ഉല്പത്തിയെക്കുറിച്ച് ഞാൻ മനസ്സിലാക്കിയത് 24
സണ്ണി ജേക്കബ് കാട്ടുവേലിൽ

വാതിലുകളുടെ വാതിൽ 25
ഫാ. ഡാർലി എടപ്പങ്ങാട്ടിൽ

മലർവാടിക്കൂട്ടം, ബാലദീപം ക്വിസ് 26

39 മല്പാനോട് ചോദിക്കാം

40 പഴമയും പുതുമയും
അമ്മാൾ രാജൻ പുളിമൂട്ടിൽ

41 കാല്പ്പാടുകൾ
എബി

42 നോമ്പ് - സ്നേഹത്തിലുള്ള ശിക്ഷണം
ഡോ. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പാ മൂലയിൽ

44 The Plight of the Elderly...
Stephen Rajan Vathakatt

46 വിശുദ്ധ ഗ്രന്ഥം (ബൈബിൾ)
ജയ്നമ്മ മർക്കോസ്, നടുവിലെപറമ്പിൽ

47 മാട്രിമോണിയൽ

49 A Year abunding in ...
Seema Shinto, Kanniyel


SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Abraham Mathew (Roy Achan)**
**Cor Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby)
Komarathumparambil
Mathew Abraham (Wailskutty),
Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary

Visit www.
knanayadeepam.in

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
**Ph: 0481-2430176, 0481-2961213**
**Mob. 85475 84440**
**Fr. Jacob Kallookulam 9447563240**
E-mail:
**kna.deepam@gmail.com**

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




**"ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തിരം അല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല"**

**ക്നാനായ ദീപം വായനക്കാർക്ക് ക്രിസ്തുയേശുവിന്റെ നാമത്തിൽ സ്നേഹവന്ദനവും പുതുവത്സര ആശംസകളും നേരുന്നു.**

കർത്താവിൽ പ്രിയരെ,

പുത്തൻ പ്രതീക്ഷകളും പുതിയ സ്വപ്നങ്ങളുമായി ഇതാ 2026 വന്നെത്തി. 2025 ക്രിസ്തീയ വിശ്വാസികൾക്ക് പലവിധത്തിലും വേദനയും പരിഭ്രമവും ഉണ്ടാക്കിയ വർഷമായിരുന്നു. എതിർപ്പ്, അറസ്റ്റ്, ജയിൽ, ന്യായം കിട്ടാതെ പോകുന്നു, ആരാധനാ സ്വാതന്ത്ര്യം തടഞ്ഞു, ആരാധനാലയങ്ങൾ തകർക്കപ്പെട്ടു. സുവിശേഷം പറയുന്നതിനെതിരെ നിയമങ്ങൾ കഠിനമായി ഭയപ്പെടുത്തുന്ന വിധത്തിൽ ശക്തിപ്പെടുത്തുകയും മൂർച്ച കൂട്ടുകയും ചെയ്തു. ഇൻഡ്യയിലെ പൗരന്മാരായ നമ്മെ പരിപാലിക്കുകയും രക്ഷിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യേണ്ട ഭരണാധിപന്മാർ പുറം തിരിഞ്ഞു നിൽക്കുന്നു. ഇവയെല്ലാം പൊതു ക്രിസ്തീയ സമൂഹം മുഴുവനും അനുഭവിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ പരിശുദ്ധ സഭയിൽ പ്രശ്നങ്ങൾ കൊടുമ്പിരിക്കൊണ്ടിരിക്കുന്നു. ഒന്നായി ഒരുമയോടെ ഒറ്റക്കെട്ടായി നൂറ്റാണ്ടുകൾ ജീവിച്ചിരുന്ന നമ്മുടെ ചെറിയ സമുദായമായ ക്നാനായ സമുദായത്തെ നേതൃത്വം ഭിന്നിപ്പിച്ച് നശിപ്പിക്കുന്നു. ഇങ്ങനെയുള്ള സാഹചര്യത്തിൽ ആണ് 2026 ലേയ്ക്ക് നാം പ്രവേശിച്ചത്. ലോകം ഇതുവരെയും ദർശിച്ചിട്ടില്ലാത്ത ഏറ്റവും കൊടിയ ഒരു കാലത്തു നാം എത്തിച്ചേർന്നിരിക്കുകയാണ്. രാഷ്ട്രീയ ഗതിയും മതത്തിന്റെ പോക്കും വഷളായിരിക്കുകയാണ്. രാഷ്ട്രവും മതവും ലോകത്തെ നന്നാക്കേണ്ടതിനുള്ള രണ്ട് ഉപാധികളാണല്ലോ. അവയെ കൂടാതെ ഈ ലോകം നിലനിൽക്കുകയില്ല. അഭിവൃദ്ധിപ്പെടുകയുമില്ല. നിലനിൽപ്പിനും അഭിവൃദ്ധിക്കും മുഖാന്തിരമായിരിക്കുന്ന ഈ രണ്ടും ആശയറ്റ നിലയിൽ അധഃപതിച്ചുകൊണ്ടിരിക്കുകയാണ്. ഏതു കാലത്തേയും അപേക്ഷിച്ച് ഇന്ന് മതം അധഃപ്പതിച്ചിരിക്കുകയാണല്ലോ. പഴയകാലത്ത് അന്ധവിശ്വാസങ്ങളിൽ അടിസ്ഥാനപ്പെട്ടെങ്കിലും ദൈവഭയം മനുഷ്യർക്ക് പൊതുവെ ഉണ്ടായിരുന്നു. ഇന്നാകട്ടെ അത് ഒട്ടും ഇല്ലാതായിരിക്കുകയാണ്. ലോകത്തിന് ഏറ്റവും അധികം വെളിച്ചം വീശുന്നതിന് ചുമതലയുള്ളത് ക്രിസ്ത്യാനികൾക്കാണ്. അവർ വിവിധ നിലകളിൽ തോറ്റുപോയിരിക്കുകയാണ്. ഇന്ന് അഖിലലോക മതസംഘടന ഉണ്ടായിരിക്കുകയാണ്. അത് ബലപ്പെടുത്തുവാനുള്ള വ്യഗ്രതയിൽ സഭാമേലദ്ധ്യക്ഷന്മാർ മുന്നേറുന്നു. "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തിരം അല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" എന്ന് നമ്മുടെ കർത്താവ് ഖണ്ഡിതമായി പറഞ്ഞു. "മറ്റൊരു ആളിലും രക്ഷയില്ല. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല" എന്നു തീർത്തു പറഞ്ഞിരിക്കെ ക്രിസ്തീയ നേതാക്കൾ സർവ്വമത സംഘടനയെ താങ്ങി ഉയർത്തുന്നത് എത്രയോ പരിതാപകരമാണ്. എന്തൊരു അധഃപതനമാണ്. സ്വന്തവിവേകത്തിൽ ഊന്നി പ്രമാണരഹിതമായി മുന്നേറുന്നു. വിശ്വാസികൾ അവരുടെ നടപടികളേയും ജീവിതക്രമങ്ങളേയും അനുകരിക്കുന്ന ദയനീയമായ കാഴ്ചയാണ് കാണുന്നത്. പള്ളികളിലും കൂട്ടായ്മകളിലും വഴക്കുകളും കേസുകളും, ഇടവക യോഗങ്ങൾ കൂടുമ്പോൾ അടിയും വെട്ടും ബഹളങ്ങളും തന്നെ. സമാധാനത്തിന്റെ ആരാധന അർപ്പിച്ച് ലോകത്തിന്റെ മുൻപിൽ യേശുക്രിസ്തുവിന്റെ സ്നേഹം പകർന്നുകൊടുക്കേണ്ട സഭയുടെ മക്കൾ ഇത്രമാത്രം ലജ്ജാകരമായ വിധത്തിൽ അധഃപതിച്ചിട്ടും പണത്തിനുവേണ്ടി മാത്രം ജീവിക്കുന്ന ഒരു സമൂഹമായി മോശമായി താണുപോയിരിക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്. ഈ സാഹചര്യം നമ്മെ വിളിച്ചറിയിക്കുന്നത് ഇത് അന്ത്യകാലമാകയാൽ ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ രണ്ടാംവരവ് ആസന്നമായിരിക്കുന്നു എന്നതാണ്. ഈ വരവിൽ മണവാട്ടിസഭ എടുത്തുകൊള്ളപ്പെടും എന്നുള്ളത് ജീവിക്കുന്ന വിശ്വാസികൾക്ക് ആശ്വാസം നൽകുന്ന കാര്യമാണ്. ഈ പുതിയ വർഷത്തിൽ എനിക്ക് പറയാനുള്ള സന്ദേശം കേൾക്കു. നിങ്ങൾ ബോംബെയിലായിരുന്നാലും ഡൽഹിയിലായിരുന്നാലും, അമേരിക്കയിലോ, ഇംഗ്ലണ്ടിലോ, ഓസ്ട്രേലിയായിലോ ആയിരുന്നാലും, ആശുപത്രിലായിരുന്നാലും, ട്രെയിനിലായിരുന്നാലും ആരാധന മുടക്കരുത്. ആരാധനയാണ് നിങ്ങളുടെ സുരക്ഷാ കവചം. നിനക്കും, വീടിനും, നിനക്കുള്ളതിനും ചുറ്റുമുള്ള സുരക്ഷയുടെ വേലി ആരാധനയാണ്. പ്രിയ സുഹൃത്തേ, 2025 കടന്നുപോയി. 2026 നിന്നെ ഭയപ്പെടുത്തുന്നുണ്ടോ. ജോലിയില്ല, എതിർപ്പ് കൂടുതലാണ്. ശത്രു അട്ടഹസിക്കുന്നു, സാമ്പത്തിക ഞെരുക്കമാണ്. കടഭാരമുണ്ട്, മക്കളുടെ വിവാഹം, വീട് ഇടിഞ്ഞു വീഴാറായി. മക്കളുടെ വിദ്യാഭ്യാസം തുടരാൻ മാർഗ്ഗം കാണുന്നില്ല രോഗം ഭയപ്പെടുത്തുന്നു നിന്റെ ആഗ്രഹം നടക്കില്ല എന്നു കരുതുന്നുവോ? നിനക്ക് നല്ല ഭാവി ഉണ്ടാകയില്ല എന്നു വിചാരിക്കുന്നുവോ. ഇന്ന് നിന്നെ കാണുന്ന ദൈവം വിളിച്ചു പറയുന്നു (ഉല്പത്തി 21:17–21). നീ ഭയപ്പെടേണ്ട. നിന്റെ സ്വപ്നങ്ങൾ എല്ലാം സഫലമാകും. നിന്റെ മകന് ഭാര്യയെ, മകൾക്ക് ഭർത്താവിനെ, മക്കൾക്ക് കുഞ്ഞുങ്ങളെ ലഭിക്കും. ഈ ദൈവം 2026 ൽ നിങ്ങളെ അനുഗ്രഹിക്കും ഞാൻ പ്രാർത്ഥിക്കുന്നു.

എന്ന് നിങ്ങളുടെ

**പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



**2026** എന്ന വർഷത്തിലെ നവസന്ദേശമാണിത്. കാലത്തിന്റെ അനന്തമായ ഒഴുക്കിൽ മറ്റൊരു വർഷംകൂടി കടന്നുപോയപ്പോൾ, ദൈവത്തിന്റെ അദൃശ്യമായ കൈ നമ്മുടെ ജീവിതത്തെയും സഭയെയും എത്ര നയിച്ചുവെന്ന് ആത്മപരിശോധന നടത്തേണ്ട ഒരു നിമിഷമാണിത്. സന്തോഷവും കണ്ണീരും, പ്രത്യാശയും നിരാശയും, വിജയവും തകർച്ചയും ചേർന്നുകൂടിയ കഴിഞ്ഞ വർഷത്തിന്റെ എല്ലാ അനുഭവങ്ങളിലൂടെയും നമ്മെ കൈവിടാതെ നയിച്ച കർത്താവിന്റെ സാന്നിധ്യമാണ് ഇന്ന് നമ്മെ പുതിയ തുടക്കത്തിലേയ്ക്ക് ധൈര്യത്തോടെ ക്ഷണിക്കുന്നത്. "ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട്" (മത്തായി 28:20) എന്ന യേശുവിന്റെ വാഗ്ദാനം കാലത്തിന്റെ ഓരോ തിരിവിലും സഭയ്ക്ക് ലഭിച്ചിരിക്കുന്ന ജീവിക്കുന്ന വചനമാണ്; ലോകം മാറുമ്പോഴും മൂല്യങ്ങൾ ചലിക്കുമ്പോഴും മനുഷ്യഹൃദയങ്ങൾ അനിശ്ചിതത്വത്തിൽ ആടിയുലയുമ്പോഴും, ക്രിസ്തുവിന്റെ സാന്നിധ്യം നമ്മുടെ വിശ്വാസത്തിന്റെ ദീപമായി അണയാതെ നിലനിൽക്കുന്നു. പുതുവത്സരം നമ്മെ വെറും കലണ്ടർ മാറ്റത്തിലേക്ക് മാത്രമല്ല, ആത്മാവിന്റെ പുതുക്കത്തിലേക്കും ദൈവസന്നിധിയിൽ പുതുതായി സമർപ്പിക്കപ്പെടുന്ന ഒരു ജീവിതയാത്രയിലേക്കുമാണ് ക്ഷണിക്കുന്നത്. ആരാധനയിൽ ആഴം കൈവരിക്കുകയും, പ്രാർത്ഥനയിൽ ആത്മാർത്ഥത വളർത്തുകയും, സ്നേഹത്തിൽ അതിരുകളില്ലാത്ത വിശാലത പ്രകടിപ്പിക്കുകയും, സേവനത്തിൽ ക്രിസ്തുസദൃശമായ വിനയം പുലർത്തുകയും ചെയ്യുന്ന ഒരു സമൂഹമായി നാം വളരേണ്ടതിന്റെ വിളിയാണിത്.

വ്യക്തികളായും കുടുംബങ്ങളായും സമൂഹമായും, ഭയത്തെ മറികടക്കുന്ന വിശ്വാസവും വിഭജനങ്ങളെ അതിജീവിക്കുന്ന ഐക്യവും, സ്വാർത്ഥതയെ ജയിക്കുന്ന ദൈവസ്നേഹവും നമ്മുടെ ജീവിതത്തിന്റെ അടയാളങ്ങളാകുമ്പോൾ, ഈ പുതുവത്സരം സഭയ്ക്കും ലോകത്തിനും ഒരു സാക്ഷ്യകാലമായി മാറും; ക്രിസ്തു കൂടെയുണ്ടെന്ന ഉറപ്പിൽ, അവന്റെ കൈപിടിച്ച്; പ്രത്യാശയുടെ വെളിച്ചത്തിലേയ്ക്ക് മുന്നേറുന്ന ദൈവജനമായി ഈ വർഷം നമ്മെ കർത്താവ് നയിക്കട്ടെ എന്ന പ്രാർത്ഥനയോടെയും പ്രത്യാശയോടെയും, നമുക്ക് പുതുവത്സരത്തെ വരവേൽക്കാം.

മൂന്നുനോമ്പ് ഈ മാസമാണല്ലോ. നിനുവക്കാരുടെ ഉപവാസം, മാനസാന്തരത്തിന്റെയും ദൈവകരുണയുടെയും ആഴമുള്ള ആത്മീയ ഓർമ്മപ്പെടുത്തലാണ്. യോനാപ്രവാചകന്റെ പ്രസംഗം കേട്ട് രാജാവു മുതൽ സാധാരണ ജനങ്ങൾ വരെ വിനയത്തോടെ ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത നിനവേയരുടെ ജീവിതം, ഹൃദയപരിവർത്തനമാണ് ദൈവസന്നിധിയിൽ യഥാർത്ഥ ആരാധനയെന്ന് നമ്മെ പഠിപ്പിക്കുന്നു. മൂന്നു ദിവസത്തെ ഈ ഉപവാസം ശരീരശുദ്ധിയേക്കാൾ ഏറെ ആത്മശുദ്ധിയിലേക്കാണ് നമ്മെ നയിക്കുന്നത്; അഹങ്കാരം, സ്വാർത്ഥത, അനാസ്ഥ എന്നിവ വിട്ട് കണ്ണുനീരും വിനയവും സഹിതം ദൈവത്തിങ്കലേക്ക് മടങ്ങി വരാനുള്ള അവസരമായി സഭ ഇത് നൽകുന്നു. നിനവേയരുടെ മാനസാന്തരത്തെ കണ്ടു ദൈവം തീരുമാനം മാറ്റിയതു പോലെ, ഇന്നും പശ്ചാത്തപിക്കുന്ന ഹൃദയങ്ങളെ ദൈവം ഉപേക്ഷിക്കുന്നില്ല എന്ന ഉറച്ച പ്രത്യാശയാണ് ഈ ഉപവാസത്തിന്റെ ആത്മാവ്. അതുകൊണ്ട് നിനവേ ഉപവാസം, വ്യക്തിയെയും കുടുംബത്തേയും സഭയേയും പുതുക്കുന്ന ഒരു ആത്മീയ നവീകരണകാലമായി നമുക്ക് അനുഭവിക്കുവാൻ കഴിയട്ടെ.

ഫെബ്രുവരി 2 ന് സഭ ഭക്തിപൂർവ്വം ആചരിക്കുന്ന മായൽത്തോ പെരുന്നാൾ രക്ഷാചരിത്രത്തിലെ അത്യന്തം ഗൗരവമേറിയ ഒരു സംഭവത്തെ ഓർമ്മിപ്പിക്കുന്ന പെരുന്നാളാണ്. ലൂക്കോ. 2:22–38 ൽ ഈ പെരുന്നാളിന്റെ ബൈബിൾ അടിസ്ഥാനം വ്യക്തമായി കാണുന്നു. മോശയുടെ ന്യായപ്രമാണപ്രകാരം, ശുദ്ധീകരണ ദിവസങ്ങൾ പൂർത്തിയായപ്പോൾ പരി.കന്യകമറിയവും നീതിമാനായ യൗസേഫും ശിശുവായ യേശുവിനെ ദൈവത്തിന് സമർപ്പിക്കുവാൻ ദൈവാലയത്തിലേക്കു കൊണ്ടു വന്നു. ദൈവാലയത്തിൽ യേശു പൈതലിനെ ഏറ്റുവാങ്ങിയ നീതിമാനായ ശിമെയോൻ അവനെ "ജാതികൾക്ക് വെളിച്ചമായ പ്രകാശവും ഇസ്രായേലിന്റെ മഹത്വവും" (ലൂക്കോ.2:32) എന്നു പ്രഖ്യാപിച്ചപ്പോൾ, ക്രിസ്തു ലോകത്തിനുള്ള രക്ഷകനാണെന്ന സത്യസാക്ഷ്യം ലഭിക്കുന്നു, മായൽത്തോ പെരുന്നാൾ, കർത്താവിനെ ദൈവാലയത്തിലേയ്ക്ക് കൊണ്ടുവരുന്ന സംഭവമെന്നതിലുപരി, നമ്മുടെ ജീവിതങ്ങളെ ദൈവസന്നിധിയിൽ സമർപ്പിക്കുവാനുള്ള ആത്മീയ ആഹ്വാനമാണ്.

*(ശേഷം പേജ് 19–ൽ)*

# സമുദായ വാർത്തകൾ



 റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പുതുവർഷ ആശംസകൾ. വിശ്വാസത്തിന്റെയും പൈതൃകത്തിന്റെയും പുതിയൊരു വർഷത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. കഴിഞ്ഞ വർഷം മുഴുവൻ നമ്മെ കാത്തു പരിപാലിച്ച ദൈവത്തിന് നന്ദി അർപ്പിച്ചുകൊണ്ടും, സമുദായത്തിന്റെയും ഓരോ വ്യക്തിയുടെയും അഭിവൃദ്ധിക്കായി പ്രാർത്ഥിച്ചുകൊണ്ടും ഏവർക്കും ഹൃദയം നിറഞ്ഞ പുതുവർഷ ആശംസകൾ നേരുന്നു.

യുവജന ശക്തീകരണത്തിന്റെ പുതിയ അദ്ധ്യായം 'യൂത്ത് കണക്ട് 2025' ക്നാനായ സമുദായത്തിന്റെയും ഗ്ലോബൽ ക്നാനായ വിമൻസ് ഫോറത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'യൂത്ത് കണക്ട് 2025' സമുദായ ചരിത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ലായി മാറി. 2025 ഡിസംബർ 30–ന് ചിങ്ങവനം മോർ അപ്രേം സെമിനാരിയിലെ അസ്സോസിയേഷൻ ഹാളിൽ നടന്ന ഈ സംഗമം, നമ്മുടെ യുവതലമുറയെ സമുദായത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും അവർക്ക് കൃത്യമായ ദിശാബോധം നൽകുന്നതിനുമായിട്ടാണ് വിഭാവനം ചെയ്തത്. സമുദായത്തിലെ വിവിധ ദൈവാലയങ്ങളിൽ നിന്നായി നാനൂറിലധികം യുവതീ യുവാക്കളാണ് ഈ ക്യാമ്പിൽ സജീവമായി പങ്കെടുത്തത്. യുവജനങ്ങളുടെ ഈ വൻ പങ്കാളിത്തം സമുദായത്തിന്റെ ഭാവി സുരക്ഷിതമാണെന്നതിന്റെ തെളിവായി മാറി. ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി പരിപാടി ഉദ്ഘാടനം ചെയ്തു. യുവജനങ്ങൾ സമുദായത്തിന്റെ പൈതൃകം കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അദ്ദേഹം ഓർമ്മിപ്പിച്ചു.

സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ നടത്തിയ മുഖ്യപ്രഭാഷണം യുവാക്കൾക്ക് വലിയ ആവേശമായി. സമുദായത്തിന്റെ ആചാരങ്ങളെയും പാരമ്പര്യത്തെയും കുറിച്ച് ആഴത്തിൽ മനസ്സിലാക്കുന്നതിനായി ഫാ.ബിബിൻ ആൻഡ്രൂസ് നയിച്ച 'ക്നാനായ തനിമ' എന്ന ക്ലാസ് ശ്രദ്ധേയമായി. നമ്മുടെ വേരുകളെ മറക്കാതെ എങ്ങനെ ആധുനിക ലോകത്ത് ജീവിക്കാം എന്നതായിരുന്നു ഈ സെഷന്റെ പ്രധാന ഊന്നൽ. മാർത്തോമാ സഭ ആനിമേഷൻ സെന്റർ ഡയറക്ടർ ഫാ. റെൻസി തോമസ് ജോർജ് വിവിധ സെഷ നുകൾക്ക് നേതൃത്വം നൽകി. ഗ്ലോബൽ ക്നാനായ വിമൻസ് ഫോറം സെക്രട്ടറി ഷീബ ജോസഫ്, ട്രസ്റ്റി ജയ ജേക്കബ് മറ്റക്കാട്ട്, ജോയിൻ സെക്രട്ടി മഞ്ജു ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. വികാരി ജനറൽ ഫാ.വി. എ. ഏബ്രഹാം ഇളയശ്ശേരിൽ, ബിജിലി ബിനോയ്, എൽസി രാജു, സോളി, ഷീബ ജോസഫ്, ലിനു വരാത്ര, തോമസ്കുട്ടി തേവരുമുറി, ജോബി കാരിക്കോട്ട്, രഞ്ചു കോഴിമറ്റം, സിനിമോൾ, ബിജി റെജി, സുനിലാജോസഫ്, ഷൈല മാത്യു, റിനാബിൻസി, റിന്റു മജു എന്നിവർ പങ്കെടുത്തു. സമുദായത്തിലെ യുവജനങ്ങളെ സമുദായപ്രവർത്തനങ്ങളിൽ മുൻപന്തിയിലേക്ക് കൊണ്ടുവരിക, അവർക്ക് ആവശ്യമായ ഗൈഡൻസ് നൽകുക. വിവിധ ഇടവകകളിൽ നിന്നുള്ള യുവാക്കൾ തമ്മിൽ മികച്ച സൗഹൃദം കെട്ടിപ്പടുക്കുക എന്നിവയായിരുന്നു ഈ പരിപാടിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഇത്തരത്തിലുള്ള ശക്തീകരണ പരിപാടികൾ വരും വർഷങ്ങളിലും സമുദായത്തിൽ തുടർച്ചയായി സംഘടിപ്പിക്കാൻ ക്നാനായ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ഇത് നമ്മുടെ യുവതലമുറയെ സമുദായ സ്നേഹമുള്ളവരും ഉത്തരവാദിത്തബോധമുള്ളവരുമായി വളർത്താൻ സഹായിക്കും.

കായിക ലഹരിയുമായി ക്നായിത്തൊമ്മൻ ഫുട്ബോൾ ടൂർണമെന്റ്: മദ്യലഹരിയിൽനിന്ന് കായിക ലഹരിയിലേക്ക് യുവത്വത്തെ വഴിതിരിച്ചുവിടുക എന്ന ലക്ഷ്യത്തോടെ രണ്ടാമത് ക്നായി തൊമ്മൻ ഫുട്ബോൾ മത്സരം ഡിസംബർ 26–ന് ചിങ്ങവനത്ത് നടന്നു. ആഗോള ക്നാനായ സമുദായം സംഘടിപ്പിച്ച രണ്ടാമത് ക്നായിത്തൊമ്മൻ ഫുട്ബോൾ മത്സരത്തിൽ സമുദായത്തിലെ വിവിധ ദൈവാലയങ്ങളിൽ നിന്നായി ഇരുപതോളം ടീമുകൾ മാറ്റുരച്ചു. ആവേശകരമായ മത്സരങ്ങൾക്കൊടുവിൽ വിജയികളായവർക്ക് ട്രോഫികൾ വിതരണം ചെയ്തു. മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് വെള്ളൂത്തുരുത്തി സെന്റ്മേരീസ് പള്ളി ടീം ആണ്. വിജയികൾക്കുള്ള ട്രോഫി ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി സമ്മാനിച്ചു. കായിക ലഹരിയിലൂടെ യുവജനങ്ങൾ സമുദായത്തിന്റെ കരുത്തായി മാറണമെന്ന് അദ്ദേഹം ഈ അവസരത്തിൽ ഓർമ്മിപ്പിച്ചു. രണ്ടാം സ്ഥാനം നേടിയത് ബാംഗ്ലൂർ സെന്റ് ജോർജ്ജ് പള്ളി ടീം ആണ്. ഇവർക്കുള്ള ട്രോഫികൾ ക്നാനായ സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ വിതരണം ചെയ്തു. മൂന്നാം സ്ഥാനം ചിങ്ങവനം സെന്റ് ജോൺസ് ദയറാപ്പള്ളി ടീം സ്വന്തമാക്കി. ഇവർക്കുള്ള ട്രോഫികൾ ചിങ്ങവനം എസ്.എച്ച്.ഒ. പ്രദീപ് എസ്. സമ്മാനിച്ചു. സമുദായത്തിലെ യുവാക്കൾക്കിടയിൽ ഐക്യവും സ്പോർട്സ്മാൻ സ്പിരിറ്റും വളർത്താൻ ഇത്തരത്തിലുള്ള മത്സരങ്ങൾ വലിയ പങ്കുവഹിക്കുന്നു. വരും വർഷങ്ങളിൽ സമുദായത്തിന്റേതായ ഒരു മികച്ച ഫുട്ബോൾ ടീമിനെ രൂപീകരിച്ചെടുക്കുക എന്ന ലക്ഷ്യത്തിലേക്കുള്ള വലിയൊരു ചുവടുവെപ്പായിരുന്നു ഈ ടൂർണമെന്റ്.

ക്നാനായ സമുദായത്തിലെ യുവ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ നേട്ടങ്ങളെ ആഗോളതലത്തിൽ അംഗീകരിക്കുന്നതിനുമായി സംഘടിപ്പിച്ച 'മെറിറ്റ് അവാർഡ് 2025' ചിങ്ങവനത്ത് പ്രൗഢഗംഭീരമായി നടന്നു.

സമുദായത്തിന്റെ വിദ്യാഭ്യാസ-സാംസ്കാരിക മേഖലകളിലെ മുന്നേറ്റത്തിന്റെ അടയാളമായി ഈ ചടങ്ങ് മാറി. ബഹുമാനപ്പെട്ട സഹകരണ-തുറമുഖ വകുപ്പ് മന്ത്രി ശ്രീ. വി.എൻ. വാസവൻ ആണ് പുരസ്കാരദാന ചടങ്ങ് ഉദ്ഘാടനം ചെയ്തത്. ക്നാനായ സമുദായം വിദ്യാഭ്യാസ, കലാകായിക രംഗങ്ങളിൽ കാട്ടുന്ന താല്പര്യവും പ്രതിഭകളെ ആദരിക്കുന്ന രീതിയും മറ്റ് സമുദായങ്ങൾക്കും രാജ്യത്തിന് തന്നെയും മാതൃകയാണെന്ന് അദ്ദേഹം പ്രസ്താവിച്ചു. സമുദായത്തിന്റെ കരുത്ത് അതിന്റെ അംഗങ്ങളുടെ അറിവിലും ഐക്യത്തിലുമാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. സമുദായത്തിന്റെ വളർച്ചയിൽ യുവജനങ്ങളുടെ പങ്കിനെക്കുറിച്ച് അദ്ദേഹം ഊന്നിപ്പറഞ്ഞു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ., സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിൽ എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു. 2024-25 കാലയളവിൽ വിവിധ മേഖലകളിൽ ഉന്നത വിജയം നേടിയവർക്കാണ് പുരസ്കാരങ്ങൾ നൽകിയത്. വിവിധ സർവ്വകലാശാലകളിൽ നിന്ന് പി.എച്ച്.ഡി കരസ്ഥമാക്കിയവർ, റാങ്ക് ജേതാക്കൾ, മെഡിക്കൽ എഞ്ചിനീയറിംഗ് രംഗങ്ങളിൽ മികച്ച നേട്ടം കൈവരിച്ചവർ എന്നിവരെ ആദരിച്ചു. ദേശീയ സംസ്ഥാന തലങ്ങളിൽ സമുദായത്തിന്റെ പേര് ഉയർത്തിപ്പിടിച്ച പ്രതിഭകൾക്ക് പ്രത്യേക പുരസ്കാരങ്ങൾ നൽകി. അസ്സോസിയേഷൻ പ്രസിഡന്റും വികാരി ജനറാളുമായ ഫാ.വി.എ. ഏബ്രഹാം ഇളയശ്ശേരിൽ, കമ്മിറ്റി അംഗങ്ങളായ ജോബി കാരിക്കോട്ട്, സജി താന്നിക്കൽ, സാബു കണ്ണാട്ടിപ്പുഴ, ലിനു വരാത്ര, ഉതുപ്പാൻ ജോസഫ്, ഫാ. നോബിൻ തോമസ്, തോമസുകുട്ടി തേവരുമുറിയിൽ, രെഞ്ചു കോഴിമറ്റം, ജേക്കബ് തോമസ് മറ്റക്കാട്ട് എന്നിവർ പ്രസംഗിച്ചു. സമുദായത്തിലെ കുട്ടികൾക്ക് ഉപരിപഠനത്തിനും ഉന്നത ഉദ്യോഗങ്ങൾക്കും പ്രചോദനം നൽകുക എന്നതായിരുന്നു ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം.

സമുദായത്തിന്റെ കരുത്തുറ്റ പെൺകരുത്തിന്റെ വിളംബരം സമുദായത്തിന്റെ ആത്മീയവും സാമൂഹികവുമായ വളർച്ചയിൽ വനിതകൾക്കുള്ള നിർണ്ണായക സ്വാധീനം വ്യക്തമാക്കുന്നതായിരുന്നു ചിങ്ങവനം പുത്തൻപള്ളിയിൽ നടന്ന ക്നാനായ വനിതാ സമാജം വാർഷിക സമ്മേളനം. അത്യപൂർവ്വമായ പങ്കാളിത്തം. കേരളത്തിലെ വിവിധ ഇടവകകളിൽ നിന്നായി വനിതാസമാജം അംഗങ്ങളാണ് ഈ മഹാസംഗമത്തിൽ പങ്കെടുത്തത്. ഒരു സമുദായ സംഘടനയെ സംബന്ധിച്ചിടത്തോളം ഇത്രയും വലിയൊരു ജനപങ്കാളിത്തം അങ്ങേയറ്റം അഭിമാനകരമാണ്. സമുദായത്തിന്റെ കരുത്തായി സമുദായത്തിന്റെ പാരമ്പര്യം വരുംതലമുറയ്ക്ക് പകർന്നു നൽകുന്നതിലും, കുടുംബങ്ങളെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുന്നതിലും വനിതാ സമാജം വഹിക്കുന്ന പങ്ക് ചടങ്ങിൽ ഏറെ പ്രശംസിക്കപ്പെട്ടു. സമുദായ വലിയ മെത്രാപ്പോലീത്തയുടെയും മറ്റ് സമുദായ നേതാക്കളുടെയും സാന്നിധ്യം സമ്മേളനത്തിന് മാറ്റുകൂട്ടി. സമുദായത്തിലെ വനിതകളുടെ ഒത്തൊരുമയും പ്രവർത്തനസന്നദ്ധതയും വിളിച്ചോതുന്ന ഒന്നായി ഈ വാർഷിക സമ്മേളനം ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടു.

ചിങ്ങവനം ക്ലീമീസ് ജൂനിയർ കോളേജിന്റെ 33-ാം വാർഷിക സമ്മേളനം പ്രൗഢഗംഭീരമായി നടന്നു. സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ., ചാണ്ടി ഉമ്മൻ എം.എൽ.എ. എന്നിവർ പങ്കെടുത്ത ചടങ്ങിൽ ഏഷ്യാനെറ്റ് സിംഗർ ജറിൽ ഷാജി മുഖ്യാതിഥിയായിരുന്നു. മാനേജർ റവ.ഫാ.എം.സി. സക്കറിയ മധുരംകോട്ടിന്റെയും പ്രിൻസിപ്പാൾ ജിഷ പി. തരകന്റെയും നേതൃത്വത്തിൽ മികച്ച രീതിയിലാണ് കോളേജ് മുന്നോട്ടു പോകുന്നത്. കൂടാതെ, സമുദായ മെത്രാപ്പോലീത്ത പങ്കെടുത്ത ക്രിസ്തുമസ് ആഘോഷവും ക്ലീമീസ് സ്കൂളിൽ സമുചിതമായി നടന്നു.

ഓതറ നസ്രേത്ത് ഫാർമസി കോളേജിലെ ക്രിസ്തുമസ് ന്യൂഇയർ പ്രോഗ്രാം. ക്നാനായ സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ ഉദ്ഘാടനം ചെയ്തു. ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിൽ, മാനേജർ ജേക്കബ് ലൂക്കോസ് കോയിപ്പുറത്ത്, സെക്രട്ടറി പി.എ. ഏബ്രഹാം കുഴിക്കണ്ടത്തിൽ, പ്രിൻസിപ്പാൾ ഡോ. എൽസി ഏബ്രഹാം. ഗവേണിംഗ് മെമ്പറന്മാരായ പി.കെ. കുര്യൻ പാട്ടമ്പലത്ത്, മെർലിൻ റ്റി. മാത്യു, ബൈജുമോൻ ചാക്കോ പുലയകുന്നിൽ എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽ വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ അരങ്ങേറി. സമുദായത്തിലെ യുവജനങ്ങൾക്ക് തൊഴിൽ നൈപുണ്യം നൽകുന്നതിൽ ഈ സ്ഥാപനം വലിയ പങ്കു വഹിക്കുന്നു. സമുദായത്തിന്റെ വികസന കാര്യത്തിൽ നാം കാണിക്കുന്ന ആർജ്ജവം മാതൃകയാണ്. ഒരു രൂപ പോലും കടമെടുക്കാതെ, സമുദായ സ്നേഹികളുടെ പിന്തുണയോടെ മാത്രം തോട്ടയ്ക്കാട് കോളേജിന്റെ നിർമ്മാണം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ ഇന്ന് ദ്രുതഗതിയിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഇത് സമുദായ പക്ഷത്തിന്റെ കാര്യക്ഷമതയ്ക്കും സുതാര്യതയ്ക്കും തെളിവാണ്. സാമ്പത്തിക ബാധ്യതകളില്ലാതെ സമുദായത്തെ വളർത്തുന്ന ഈ മുന്നേറ്റം തകർക്കാൻ ശ്രമിക്കുന്നവർക്കുള്ള മറുപടി കൂടിയാണ് നമ്മുടെ ഈ വികസന നേട്ടങ്ങൾ".

ക്നാനായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & ടെക്നോളജി: തൊഴിൽ സാധ്യതയുള്ള ഡിപ്ലോമ കോഴ്സുകൾ ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച ഈ സ്ഥാപനം ചുരുങ്ങിയ കാലയളവിനുള്ളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. സമുദായത്തിലെ യുവതീയുവാക്കൾക്ക് ആധുനിക തൊഴിൽ മേഖലകളിൽ മികച്ച പരിശീലനം നൽകുക എന്നതാണ് ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യം. കഴിഞ്ഞ വർഷം 2025 ൽ സമുദായത്തിൽ ക്നാനായ കമ്മിറ്റിക്ക് ചെയ്യുവാൻ സാധിച്ച കാര്യങ്ങൾകൂടി ഓർമ്മപ്പെടുത്തട്ടെ.

12 വർഷങ്ങളായി പ്രവർത്തിച്ചു വരുകയായിരുന്ന നോർത്ത് അമേരിക്കയിലെ ക്നാനായ അൽമായ സംഘടനയായ NAMKC (നോർത്ത് അമേരിക്കൻ മലങ്കര ക്നാനായ കമ്മ്യൂണിറ്റി)-ക്ക് ജീവൻ നൽകിക്കൊണ്ട് അതിന്റെ ഭരണഘടന സമന്വയിപ്പിച്ച് അസ്സോസിയേഷനിൽ അവതരിപ്പിച്ചു. സമുദായ തലത്തിൽ NAMKC ക്ക് അംഗീകാരം നൽകി. അതോടൊപ്പം, അടുത്ത കാലത്തായി വളരെവേഗം വളർന്നു വരുന്ന യൂറോപ്പിലെ ക്നാനായ സമുദായ അംഗങ്ങളെ സംഘടിപ്പിക്കാനും ഒപ്പം ശക്തിപ്പെടുത്താനും ആയി യൂറോപ്പിൽ EKC (യൂറോപ്യൻ ക്നാനായ കമ്യൂണിറ്റി) എന്ന സംഘടനയും അതിന്റെ ബൈലോയ്ക്കും പ്രവർത്തനാനുമതിയും ക്നാനായ അസ്സോസിയേഷനിൽ നേടിയെടുക്കാനും ഇന്നത്തെ ക്നാനായ കമ്മിറ്റിക്ക് കഴിഞ്ഞു. സേവേറിയോസ് വിദ്യാഭ്യാസ നിധിയുടെ ബൈലോ അമന്റ് ചെയ്ത് അസ്സോസിയേഷനിൽ എതിരില്ലാതെ പാസ്സാക്കാൻ സാധിച്ചു.

മറ്റുള്ള ക്രൈസ്തവ സഭകൾക്ക് ഉള്ളതുപോലെ ക്നാനായ സമുദായത്തിന് ഔദ്യോഗികമായി സോഷ്യൽ മീഡിയായിൽ മലങ്കര സുറിയാനി ക്നാനായ സമുദായം (MSKS) എന്ന പേരിൽ ഒരു ഓൺലൈൻ ഫ്ളാറ്റ്ഫോം ഫോം ചെയ്യുവാൻ സാധിച്ചു. ക്നാനായ സമുദായത്തിലെ

എല്ലാ ഔദ്യോഗിക പരിപാടികളും ഈ മീഡിയായിൽ കൂടിയാണ് പ്രക്ഷേപണം ചെയ്യുന്നത്. ഗ്ലോബൽ ക്നാനായ വിമൻസ് ഫോറം (GKWF) ലോകമെമ്പാടുമുള്ള ക്നാനായ വനിതകളെ ഒന്നിപ്പിക്കാൻ ഈ വർഷം സാധിച്ചു.

നീതി ന്യായ പോരാട്ടങ്ങൾ: ഒരു അവലോകനം സമുദായ മെത്രാപ്പോലീത്തായ്ക്കെതിരെയുള്ള അന്യായമായ സസ്പെൻഷൻ നടപടികൾക്കെതിരെ കോടതികളിൽ നിന്ന് അനുകൂലമായ വിധി സമ്പാദിക്കുവാൻ നമുക്ക് സാധിച്ചു. സമുദായത്തിന്റെ ലൗകിക കാര്യങ്ങളിൽ പാത്രിയർക്കീസ് ബാവായ്ക്ക് അധികാരമില്ലെന്ന് കേരള ഹൈക്കോടതി വ്യക്തമാക്കുകയുണ്ടായി. നിലവിൽ സുപ്രീം കോടതി നിർദ്ദേശ പ്രകാരം കേസ് വീണ്ടും ഹൈക്കോടതിയുടെ പരിഗണയിലാണ്. 2026 ജനുവരി 7-ന് കേസ് വീണ്ടും വാദത്തിന് വരികയാണ്. സമുദായത്തിന്റെ നീതിക്കായി നമുക്ക് പ്രാർത്ഥിക്കാം. 2026 ജനുവരി 18-ന് ക്നാനായ ദിന മഹാസംഗമം പാരമ്പര്യവും ഭരണഘടനയും സംരക്ഷിക്കാൻ നമുക്ക് കൈകോർക്കാം.

പ്രിയപ്പെട്ട സമുദായ സ്നേഹികളെ നമ്മുടെ സമുദായത്തിന്റെ നട്ടെല്ലാണ് നൂറ്റാണ്ടുകളായി നാം കാത്തു സൂക്ഷിക്കുന്ന പാരമ്പര്യവും, സ്വാതന്ത്രവും. അത് നിയമപരമായി ഉറപ്പു നൽകുന്ന നമ്മുടെ ഭരണഘടനയും. എന്നാൽ ഇന്ന് ഇവ രണ്ടും അട്ടിമറിക്കാനുള്ള ഗൂഢശ്രമങ്ങൾ സമുദായത്തിനുള്ളിൽ തന്നെ നടക്കുന്നു. സഹായപക്ഷം പാത്രിയർക്കീസ് ബാവായെ സ്വാധീനിച്ച് സമുദായഭരണഘടനയെ വളച്ചൊടിക്കാനും, കാലാകാലങ്ങളായി നാം പിന്തുടരുന്ന എൻഡോഗമി (Endogamy) എന്ന തനിമയെ ഇല്ലാതാക്കാനും ശ്രമിക്കുകയാണ്. ഇതിനെതിരെ സമുദായജനം അണിനിരന്ന് നമ്മുടെ അസ്ഥിത്വം കാത്തുസൂക്ഷിക്കാൻ സമയമായി. നമ്മുടെ ഭരണഘടന - അത് നമ്മുടെ അവകാശമാണ്! നമ്മുടെ പാരമ്പര്യം-അത് നമ്മുടെ അഭിമാനമാണ്! ഇവ രണ്ടും തകർക്കാൻ ശ്രമിക്കുന്ന സഹായപക്ഷത്തിന്റെ അജണ്ടകൾക്ക് ഈ മഹാസംഗമം അന്ത്യം കുറിക്കും. നമ്മുടെ ഭരണഘടനാ സംരക്ഷണം സമുദായത്തിന്റെ അടിസ്ഥാന നിയമങ്ങൾ മാറ്റം വരുത്തുവാൻ ആരെയും അനുവദിക്കില്ല. ഭരണഘടന സംരക്ഷിക്കപ്പെടുക എന്നത് നമ്മുടെ നിലനിൽപ്പിന്റെ ആവശ്യമാണ്. സമുദായത്തിന്റെ ഔദ്യോഗിക പക്ഷത്തിന്റെ സത്യസന്ധമായ നിലപാടുകൾക്ക് പതിനായിരങ്ങളുടെ പിന്തുണ നൽകും. സമുദായവിരുദ്ധ നീക്കങ്ങളെയും ഭരണഘടനയെ തകർക്കാനുള്ള ശ്രമങ്ങളെയും ഒറ്റക്കെട്ടായി പരാജയപ്പെടുത്തും.

2026 ജനുവരി 18 ന് നടക്കുന്ന ഈ സമുദായ ദിന മഹാസംഗമത്തിൽ നമ്മുടെ പാരമ്പര്യവും ഭരണഘടനയും വരും തലമുറയ്ക്കായി കാത്തു സൂക്ഷിക്കുമെന്ന് പ്രതിജ്ഞ ചെയ്യാം! സമുദായത്തോടുള്ള കൂറും സ്നേഹവും മുൻനിർത്തി നിലകൊള്ളുന്ന അവിഭക്തമായ ആ വികാരം ഈ മഹാസംഗമത്തിൽ അലയടിക്കണം. സമുദായ വിരുദ്ധ നീക്കങ്ങളെ പരിനായിരങ്ങളുടെ സാന്നിദ്ധ്യത്തിലൂടെ നമുക്ക് നിഷ്പ്രഭമാക്കാം. വരാനിരിക്കുന്ന പ്രതിസന്ധികളെ അതിജീവിച്ച് സമുദായ സ്നേഹികളെ ഒരു മാലയിലെ മുത്തുകളെപ്പോലെ കോർത്തിണക്കാൻ നമുക്ക് സാധിക്കണം. സമുദായത്തിന്റെ ഐക്യത്തിനും ഉന്നതിക്കുമായി നമുക്ക് കൈകോർക്കാം. എൻഡോഗമിയും പാരമ്പര്യവും നിലനിർത്തി ശത്രുവിന്റെ പ്രവർത്തനങ്ങളെ തടയിടുവാൻ പതിനായിരങ്ങൾ സംബന്ധിക്കുന്ന ഈ ചടങ്ങ് ചരിത്രമാക്കണം.

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**
സമുദായ സെക്രട്ടറി

# ക്നാനായ യൂത്ത് കണക്ട് 2025

ഗ്ലോബൽ ക്നാനായ വിമൻസ് ഫോറവും ക്നാനായ സമുദായവും സംയുക്തമായി നടത്തുന്ന യൂത്ത് കണക്ട് 2025 എന്ന പരിപാടി ചിങ്ങവനത്ത് ക്നാനായ സമുദായ വലിയമെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്തു. ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ മുഖ്യപ്രഭാഷണം നടത്തി. മാർത്തോമ്മാ സഭ ആനിമേഷൻ സെന്റർ ഡയറക്ടർ ഫാ. റെൻസി തോമസ് ജോർജ് വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. ഫാ. ബിബിൻ ആഡ്രൂസ് ക്നാനായ തനിമ എന്ന ക്ലാസ്സ് എടുത്തു.

ഗ്ലോബൽ ക്നാനായ വിമൻസ് ഫോറം സെക്രട്ടറി ഷീബ ജോസഫ്, ട്രസ്റ്റി ജയ ജേക്കബ് മറ്റയ്ക്കാട്ട്, ജോയിൻ സെക്രട്ടറി മഞ്ചു ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളായി അഞ്ഞൂറിൽപരം യുവതി യുവാക്കൾ ക്യാമ്പിൽ പങ്കെടുത്തു.


# ക്നാനായദീപം പുതുക്കിയ പരസ്യനിരക്ക്

| | |
|---|---|
| **ക്നാനായദീപം വരിസംഖ്യ** | |
| ഒരുവർഷം | - 200 |
| പത്തുവർഷം | - 2000 |
| വിദേശത്തേയ്ക്ക് (ഒരു വർഷം) | - 4000 |
| **പരസ്യനിരക്ക്** | |
| ഉപകാരസ്മരണ | - 450 |
| പേര് മാത്രം | - 350 |
| മാട്രിമോണിയൽ | - 750 |
| **ബ്ലായ്ക്ക്& വൈറ്റ്** | |
| എട്ടിലൊന്ന് ബ്ലായ്ക്ക് & വൈറ്റ് | - 1000 |
| കാൽപേജ് | - 2000 |
| അരപേജ് | - 4000 |
| ഫുൾപേജ് | - 6000 |
| **കളർ പരസ്യനിരക്ക്** | |
| കാൽപേജ് | - 5000 |
| അരപേജ് | - 7500 |
| ഫുൾ പേജ് | - 12000 |
| കവർ ഇൻസൈഡ് | - 15000 |
| ബായ്ക്ക് കവർ | - 17500 |

# കുർബ്ബാന വീഥിയിൽ

ഫാ. ജേക്കബ് കല്ലുകുളം

## ആരാധനയിലെ പ്രതീകങ്ങൾ

### ത്രിവർണ്ണ വിരിക്കൂട്ടം

തബ്‌ലിത്തായുടെ പുറത്ത് വിരിക്കുന്ന മൂന്ന് നിറങ്ങളോടു കൂടിയ വിരി. ചുവപ്പ്, പച്ച, വെള്ള. ഇതിലെ വെള്ളവിരിയിലാണ് കാസ, പീലാസ വയ്ക്കുന്നത്. ചുവപ്പ് ദൈവത്തിന്റെ സർവ്വവ്യാപിത്വം, പ്രപഞ്ചം, രക്തസാക്ഷികളുടെ ഗണം ഇവയെ സൂചിപ്പിക്കുന്നു. പച്ച - ലോകവും അതിലൂടെ ദൈവം നൽകുന്ന കൃപയും, സസ്യശ്യാമളമായ ഭൂമി, കൃപാവര സമൃദ്ധി ഇവയെ സൂചിപ്പിക്കുന്നു. വെള്ള പരിശുദ്ധ സഭയെയും, പരിശുദ്ധ ദൈവമാതാവിനെയും സൂചിപ്പിക്കുന്നു. ഈ മൂന്ന് നിറങ്ങൾ സ്വർഗ്ഗം, ലോകം, പാതാളം ഇവയെ സൂചിപ്പിക്കുന്നു. ഇതിന്റെ മുകളിൽ പൂജാ പാത്രങ്ങൾ വെക്കുമ്പോൾ സകലത്തിന്റെയും കർത്താവ് താനാണെന്ന് സൂചിപ്പിക്കുന്നു.

### ശോശപ്പാ

അപ്പ വീഞ്ഞുകൾ ഒരുക്കിയതിനു ശേഷം മൂടുവാൻ ഉപയോഗിക്കുന്ന തുണിയാണ് ശോശപ്പാ. ദൈവസാന്നിദ്ധ്യത്തിന്റെയും തേജസ്സിന്റെയും പ്രതീകം, പുൽക്കൂട്ടിൽ യേശുവിനെ പൊതിഞ്ഞ തുണി, കല്ലറയിൽ കർത്താവിനെ പൊതിഞ്ഞ തുണി, കർത്താവിന്റെ മറുരൂപപെരുന്നാളിൽ താബോർമലയിൽ ആവസിച്ച പ്രകാശമേഘം (മത്തായി 17:5) രഹസ്യങ്ങൾ ശോശപ്പാ കൊണ്ട് മൂടുന്നത് ദൈവീക രഹസ്യങ്ങൾ മനുഷ്യബുദ്ധിക്ക് മറവാണെന്ന് ആണ്.



### കബലാന

കാസായും പീലാസായും മൂടുന്ന മേൽത്തരമായ തുണി കൊണ്ട് ഉണ്ടാക്കിയ ചെറിയ ആവരണമാണ്. കബലാന കൊണ്ട് വിശുദ്ധ രഹസ്യങ്ങൾ മൂടിയിരിക്കുന്ന സമയം നമ്മുടെ കർത്താവ് പിതാവിനോട് കൂടെ ആയിരുന്ന സമയത്തെ സൂചിപ്പിക്കുന്നു. ദൈവാലയത്തിന്റെ മുകളിൽ ആവസിച്ച മേഘത്തിന്റെ പ്രതീകം (1 രാജ. 10–11). നെൽകതിർ ഡിസൈനിൽ കൊണ്ട് ഉണ്ടാക്കിയത് പീലാസ മൂടുവാനും മുന്തിരിവള്ളി കൊണ്ട് ഉണ്ടാക്കിയത് കാസാ മൂടുവാനും ഉപയോഗിക്കുന്നു.

### കാസായും പീലാസായും

പൂജാപാത്രങ്ങളായ കാസായിൽ വീഞ്ഞും പീലാസായിൽ അപ്പവും വയ്ക്കുന്നു. നിയമപെട്ടകത്തിൽ ഉള്ള മന്നാ ഇട്ടുവച്ച പൊൻപാത്രം (എബ്രായർ 8:4), കർത്താവിന്റെ മൃതശരീരം നിക്ഷേപിച്ച കല്ലറയോടും സമമാണ്.

### നക്ഷത്രം (കവ്ക്കുബോ)

പീലാസായുടെ മുകളിൽ വയ്ക്കുന്ന കുരിശാകൃതിയിലുള്ള ഉപകരണം കവ്ക്കുബോ എന്ന് വിളിക്കുന്നു. കർത്താവിന്റെ ജനനസമയത്ത് കണ്ട നക്ഷത്രത്തെ സൂചിപ്പിക്കുന്നു. അലക്ഷ്യമായി അപ്പത്തിൻമേൽ കൈമുട്ടാതിരിക്കുവാൻ സഹായിക്കുന്നു.

### സ്പൂൺ (തർവോദോ)

യെശയ്യാ പ്രവാചകൻ സ്വർഗ്ഗീയ ദർശനത്തിൽ കണ്ട അഗ്നിക്കൊടിലിന്റെ പ്രതീകം (യെശയ്യാവ് 6:6–9). വി.കുർബ്ബാന അനുഭവിക്കുന്ന വിശ്വാസികൾക്ക് നൽകുന്നതിന് ഉപയോഗിക്കുന്നു.

### ഗ്മൂർത്തോ

ചെറിയ കുഷ്യൻ ആണ്, കാസാ പീലാസായുടെ ഇടതുവശത്തായി വയ്ക്കുന്നു. ഇത് കൈതുടയ്ക്കുന്നതിനും കുഞ്ഞുങ്ങൾക്ക് കുർബ്ബാന കൊടുത്തതിനു ശേഷം തുടയ്ക്കുന്നതിനും ഉപയോഗിക്കുന്നു.

### മർബ്ഹാസാ

മാലാഖമാരുടെ മുഖത്തോടും ചിറകുകളോടും, ചുറ്റും ചെറുമണികൾ തൂക്കിയിട്ടിരിക്കുന്ന തകിടാണ്. ഇത് നീളമുള്ള ഒരു കമ്പിൽ ഉറപ്പിച്ചിരിക്കുന്നു. ഇത് മാലാഖമാരുടെ സാന്നിദ്ധ്യത്തിന്റെ അടയാളം (പുറ. 25:18–22). നാലാം നൂറ്റാണ്ടോടുകൂടിയാണ് ആരാധനയിൽ ഇത് ഉപയോഗിച്ചു തുടങ്ങിയത്.

### മ്ശംശോനീസോ

വി. രഹസ്യങ്ങളെ സ്പർശിച്ച ശേഷം പട്ടക്കാരൻ കൈകഴുകാൻ ഉപയോഗിക്കുന്ന ചെറിയ പാത്രം. വീഞ്ഞിൽ വെള്ളം കലർത്തുന്നത് ഇതിൽ വച്ചാണ്.

### ചിത്തോല

വി. ത്രോണോസിന്റെ മുൻഭാഗം പൊതിയുന്ന മൂന്ന് ഭാഗങ്ങളുള്ള ചിത്രത്തുന്നലുകൾ ഉള്ള ഒരു തുണിയാണ്. ഈ മൂന്നു ഭാഗങ്ങൾ പരിശുദ്ധ ത്രിത്വത്തെ സൂചിപ്പിക്കുന്നു. നമ്മുടെ കർത്താവ് ധരിച്ചിരുന്ന തുന്നലുകൾ ഇല്ലാത്ത അങ്കി (യോഹ. 19:23). ത്രോണോസിന്റെ മുകൾഭാഗത്തെ വെള്ളത്തുണി കർത്താവിന്റെ ശരീരം ചുറ്റിയ കേത്താനാ ശീലയായും ഭംഗിയുള്ള വിലയേറിയ തുണി കർത്താവിന്റെ മഹത്വത്തെയും കാണിക്കുന്നു.

# പുതുവർഷം: വഴിമാറാതെ, വഴികാട്ടിയോടൊപ്പം

ഫാ. മോനായി കെ. ഫിലിപ്പ്, കർക്കടകംപള്ളിൽ

2026 എന്ന പുതുവത്സരത്തിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. പുതുവത്സരം നമ്മെ ഒരു പുതിയ കലണ്ടർ ദിവസങ്ങളിലേക്കല്ല, മറിച്ച് ദൈവത്തിന്റെ കരുണകളിലേക്കും പുതുക്കപ്പെട്ട ദൈവദൗത്യത്തിലേക്കും പ്രവേശിപ്പിക്കുന്ന വിശേഷഘട്ടമാണ്. കഴിഞ്ഞ വർഷത്തിലെ അനുഗ്രഹങ്ങളും നഷ്ടങ്ങളും, സന്തോഷങ്ങളും കണ്ണീരുകളും, ഉറപ്പുകളും അനിശ്ചിതത്വങ്ങളും എല്ലാം പിന്നിലാക്കി ഒരു പുതിയ ദൈവോപദേശത്തിന്റെയും ദൈവനേതൃത്വത്തിന്റെയും മുമ്പിൽ നാം വീണ്ടും നിൽക്കുന്നു. അങ്ങനെയുള്ള സാഹചര്യത്തിലാണ് യോശുവ 1:1–9 ന്റെ വെളിച്ചത്തിൽ പുതുവർഷത്തെ ആത്മീയമായി എങ്ങനെ നയിക്കാം എന്ന ചിന്ത ഇവിടെ പങ്കിടുന്നത്.

### വേദഭാഗത്തിന്റെ പഠനം:നേതൃത്വത്തിലേക്കുള്ള മാറ്റഘട്ടം

യോശുവായുടെ പുസ്തകം തുടങ്ങുന്നത് ചരിത്രപരവും ആത്മീയവുമായ വലിയ ഒരു വഴിത്തിരിവിൽ ആണ്. മോശ എന്ന മഹാനേതാവ് വിടവാങ്ങുകയും, യോശുവയെ ദൈവം നേതൃസ്ഥാനത്തേക്ക് ഉയർത്തുകയും ചെയ്യുന്ന നിമിഷം. യിസ്രായേൽ ജനത 40 വർഷത്തെ മരുഭൂമി യാത്ര കഴിഞ്ഞു “വാഗ്ദത്തദേശത്തിന്റെ” തീരത്ത് നിൽക്കുകയാണ്. മോശയുടെ നേതൃത്വത്തിൽ നിയമവും ദൈവദർശനവും രൂപപ്പെട്ടു; എന്നാൽ ദൈവത്തിന്റെ ദൗത്യം അവസാനിച്ചില്ല. ഇപ്പോൾ അത് യോശുവായുടെ കൈകളിലേക്ക് പകരപ്പെടുന്നു. വലിയൊരു ജനതയുടെ ഭാവി, വലിയൊരു ദൗത്യം, വലിയൊരു ഉത്തരവാദിത്വം യോശുവായെ കാത്തിരിക്കുന്നു. ഈ അവസ്ഥയിലാണ് ദൈവത്തിന്റെ ശക്തമായ വചനം യോശുവയെ ഉയർത്തുന്നത്; “ധൈര്യവാനായും ബലവാനായും ഇരിക്ക; ഞാൻ നിനക്കൊപ്പമുണ്ട്.” (യോശു 1:9).

### പുതിയ ദൗത്യത്തിനായുള്ള ദൈവത്തിന്റെ ഒരുക്കം

ദൈവം ഒരു പുതിയ ആരംഭത്തിലേക്ക് യോശുവയെ വിളിക്കുന്നു. യോശുവായോടുള്ള ദൈവത്തിന്റെ ആദ്യവാക്കായ ഇപ്പോൾ നീ എഴുന്നേറ്റു... എന്നത് ഒരു ആത്മീയ വിളിയാണ്. മുൻകാലങ്ങളിൽനിന്ന് ഉയിർത്തെഴുന്നേൽക്കാൻ, മടിച്ചുനിന്ന ഇടങ്ങളിൽനിന്ന് നീങ്ങാൻ, പുതിയ അവസരത്തിലേക്ക് കാൽവെക്കാൻ. പുതുവത്സരത്തിൽ ദൈവം നമ്മോടും ഇതേ സന്ദേശം പറയുന്നു: “എഴുന്നേറ്റ് ഞാൻ ഒരുക്കിയിരിക്കുന്ന പുതിയ വഴിയിലേക്ക് നടക്കുക.”

ഇവിടുത്തെ പ്രത്യേകത, ലക്ഷ്യം നിർണ്ണയിക്കുന്നത് ദൈവം തന്നെയാണ് എന്നതാണ്. ദൈവം യിസ്രായേലിനായി “വാഗ്ദത്തദേശം നേരത്തെ തന്നെ തയ്യാറാക്കിയിരുന്നു; അവർക്ക് ചെയ്യേണ്ടത് വിശ്വാസത്തോടെ നടക്കുക മാത്രമായിരുന്നു. പുതുവത്സരവും അതുപോലെയാണ്, നമ്മുടെ ആരോഗ്യം, ബന്ധങ്ങൾ, ജോലി, വിളി, ഇവയെല്ലാം ദൈവം നമുക്കായി ഒരുക്കുന്ന വാഗ്ദത്തഭൂമികളുടെ വിതാനങ്ങളാണ്.

ഇവിടെ രേഖപ്പെടുത്തിയിരിക്കുന്ന ‘നിന്റെ ജീവകാലമൊക്കെയും നിന്നെ ആരും നേരിടുകയില്ല. ഞാൻ നിന്നെ വിട്ടേക്കുകയില്ല’ എന്നത് പുതുവർഷത്തിലെ ദൈവികസാന്നിദ്ധ്യത്തിന്റെ വാഗ്ദാനമാണ്. ദൈവം കൂടെയുണ്ടെങ്കിൽ, ഭീഷണികൾ നമ്മെ തകർക്കുകയില്ല, അനിശ്ചിതത്വങ്ങൾ നമ്മെ തളർത്തുകയില്ല, വെല്ലുവിളികൾ നമ്മെ തോൽപ്പിക്കുകയില്ല. പുതുവത്സരത്തിലെ ഏറ്റവും വലിയ സമാധാനം നാം ഒരിക്കലും ഒറ്റപ്പെട്ടവർ അല്ല എന്നതും, കഴിഞ്ഞകാലങ്ങളിൽ നമ്മെ നടത്തിയ ദൈവം കൂടെയുണ്ടെന്നും ഉള്ള ഉറപ്പാണ്.

### ദൈവം ആവശ്യപ്പെടുന്ന ആത്മീയ ശീലങ്ങൾ

ദൈവം യോശുവയോട് ആവശ്യപ്പെടുന്നത് ധൈര്യവാനായിരിക്കുക എന്നതാണ്. ഈ ധൈര്യം മനുഷ്യശക്തിയുടെ ഫലമല്ല; ദൈവസാന്നിധ്യത്തിന്റെ അനന്തരമാണ്. പുതുവർഷം അനിശ്ചിതത്വങ്ങൾ നിറഞ്ഞതായാലും, ദൈവം കൂടെയുണ്ടെങ്കിൽ ഭയപ്പെടേണ്ടതില്ല എന്ന ശക്തീകരണം ലഭിക്കുന്നു.

രണ്ടാമതായി ദൈവം ആവശ്യപ്പെടുന്നത്, ന്യായപ്രമാണ പുസ്തകത്തിലുള്ളത് നീങ്ങിപ്പോകരുത് എന്നാണ്. അതായിരിക്കണം നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനം. പുതുവത്സരത്തെ ആത്മീയമായി നയിക്കുന്ന ഏറ്റവും വിശ്വാസ നിർണ്ണായക ശീലം: വചനവായനയും ധ്യാനവും നമ്മുടെ ജീവിതത്തിന് ദിശ നൽകണം, വെളിച്ചം നൽകണം, കരുത്ത് നൽകണം എന്നതാണ്. വചനത്തിൽ ആഴം ഉണ്ടെങ്കിൽ ദൈവത്തിൽ നിന്ന് വഴിമാറാതെ നടക്കാൻ അത് നമ്മെ ബലപ്പെടുത്തും എന്നത് പുതുവർഷത്തിലെ ശക്തിയാണ്.

ദൈവവചനം കേൾക്കുക മാത്രമല്ല; അതനുസരിച്ച് ജീവിക്കുകയാണ് ആത്മീയ വിജയത്തിന്റെ അടിസ്ഥാനം. വചനത്തിന്റെ അനുസരണം നമ്മുടെ മനസ്സിനെയും, പാതയെയും, ദിശയെയും ശരിയാക്കുന്നു എന്നതിനാൽ വചനം വായിക്കുന്നവരായി മാത്രമല്ല, അതിനെ അനുസരിക്കുന്നവരായും ആയിത്തീരാം.

### പുതുവത്സര പ്രതിജ്ഞ: ദൈവത്തോടൊപ്പം നടക്കുക

പുതുവത്സരം പ്രത്യാശയുടെ വർഷമാകുന്നത് ദൈവം നമുക്കൊപ്പം നടക്കുന്നു എന്ന ബോധ്യം തിരിച്ചറിയുമ്പോഴാണ്. ദൈവം നമുക്ക് നൽകുന്നത്, ദൈവദർശനം, ദൈവവചനം, ദൈവസാന്നിധ്യം, ദൈവധൈര്യം, ഇവയെല്ലാം ഒരുമിച്ചാണ്. പുതുവത്സരത്തെ ദൈവത്തിന്റെ കയ്യിൽ സമർപ്പിക്കുന്നവന്റെ ജീവിതം പുതിയ ദിശയിൽ നടക്കുന്നു; വഴിമാറാതെ- കാരണം വചനം നയിക്കുന്നു. വഴികാട്ടിയൊടൊപ്പം– കാരണം ദൈവം വിട്ടുപോകുന്നില്ല.

പുതുവത്സരം ഒരു തീരുമാനത്തിന്റെ അവസരം മാത്രമല്ല, ഒരു ആത്മീയ പുനർസമർപ്പണത്തിന്റെ സമയവുമാണ്. ഇതാകട്ടെ ഈ വർഷത്തെ പ്രതിജ്ഞ: ഞാൻ ധൈര്യത്തോടെ നടക്കും. ഞാൻ ദൈവവചനത്തിൽ ആഴപ്പെടും. ഞാൻ ദൈവസന്നിധിയിൽ എന്നെ സമർപ്പിക്കും, ഞാൻ ദൈവവാഗ്ദാനങ്ങളിൽ ഉറച്ചു നിൽക്കും. ഞാൻ വഴിമാറുകയില്ല കാരണം ദൈവം എന്റെ വഴികാട്ടിയാണ്

### ഉപസംഹാരം

പുതിയവത്സരം ഒരു യാത്രയാണ്. ദൈവം നല്കുന്ന ധൈര്യം ദൈവസാന്നിധ്യത്തിന്റെ കരുത്തും പിടിച്ച്, സമർപ്പിത ഹൃദയത്തോടെ പുതുവർഷത്തിലേക്ക് നടക്കാം. യോശുവയെ വിളിച്ച ദൈവം ഇന്നും നമ്മെ ശക്തിപ്പെടുത്തുന്നു; “ഭയപ്പെടേണ്ട.. ഞാൻ നിന്നോടുകൂടെ ഉണ്ടല്ലോ.” അതുകൊണ്ട്, പുതുവത്സരത്തിൽ നമുക്ക് വഴിമാറാതെ, വഴികാട്ടിയോടൊപ്പം മുന്നേറാം.


50 – ാം വിവാഹവാർഷികം
K.S. ഏബ്രഹാം
(കുഞ്ഞുമോൻ)
&
അന്നമ്മ ഏബ്രഹാം
കിഴക്കേമരുത്ര
കുറ്റൂർ
പ്രാർത്ഥനാപൂർവ്വം ആശംസകളോടെ
മക്കൾ – മായ & മോൻസി, കർക്കടകംപള്ളിൽ
മഞ്ചു & സോനി തൈപ്പറമ്പിൽ
മജിഷ & മനോജ് കാരിയിൽ
മജോഷ് & രമ്യ
കൊച്ചുമക്കൾ – ജംസോ, ജിസ്സാ
അനറ്റ്, ഹന്നാ, അക്സാ, ഹാനോക്ക്
മെൽവിൻ, ലെമീഷ്, സാമുവേൽ, എമിലിൻ,
ഹെലൻ, അബ്രാം
Advt -R


30th Wedding
Anniversary
08-01-2026
Mr. Vinod Thomas
&
Mrs. Lenymol Vinod
Kunnuparampil,
Connecticut, USA
"For the Lord is good, and his faithful love endures forever, his faithfulness continues through all generations" Psalm 100:5
Happy Anniversary
Appa & Amma
Mathew Thomas
Advt -O



ചിങ്ങവനം സെന്റ് മേരീസ് ശാലേം ക്നാനായ പള്ളിയുടെ ശതാബ്ദി ഉദ്ഘാടനം മന്ത്രി **ശ്രീ. വി. എൻ. വാസവൻ** നിർവ്വഹിക്കുന്നു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ, അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ, ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ്, കുറിയാക്കോസ് മോർ ഗ്രിഗോറിയോസ്, കുറിയാക്കോസ് മോർ ഇവാനിയോസ്, ഫാ. നോബിൻ തോമസ് ഇളംകുറ്റൂർ, ഫാ. ജേക്കബ് കല്ലുകുളം, ടി.സി. അരുൺ തകിടിയിൽ, ജയിംസ് മടക്കുംമൂട്ടിൽ, റീനാ ജയിംസ്, കെ.കെ കുരുവിള, അനീഷ് തകിടിയിൽ, എം. ഐ. വർഗീസ് മടുക്കുംമൂട്ടിൽ എന്നിവർ സമീപം.

## ക്നാനായ ദീപം & ക്ലീമിസ് പ്രസ്സ് ക്രിസ്തുമസ് ആഘോഷം



## ക്നാനായ സമുദായ ദിനം – 2026 ജനുവരി 18





കേരള മുഖ്യമന്ത്രി ബഹുമാനപ്പെട്ട പിണറായി വിജയനെ 2026 ജനുവരി 18 സമുദായ ദിനത്തിന് ക്ഷണിക്കുന്നതിനു വേണ്ടി സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി, സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, കമ്മിറ്റി അംഗം ലിനു വരാത്ര, മനീഷ് കണ്ണന്താനം എന്നിവർ മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ്ഹൗസിൽ എത്തിയപ്പോൾ.

## ഗ്ലോബൽ ക്നാനായ വുമൺസ് ഫോറം, ക്നാനായ സമുദായം – യൂത്ത് കണക്ട് 2025



ഗ്ലോബൽ ക്നാനായ വിമൻസ് ഫോറവും ക്നാനായ സമുദായവും സംയുക്തമായി നടത്തിയ യൂത്ത് കണക്റ്റ് 2025 ക്യാമ്പ് ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു. ക്നാനായ സമുദായ സെക്രട്ടറി ടി. ഒ. എബ്രഹാം തോട്ടത്തിൽ, വികാരി ജനറൽ ഫാ. വി.എ.എബ്രഹാം ഇളശ്ശേരിൽ, ഫാ. ബിബിൻ ആൻഡ്രൂസ്, ഫാ. റെൻസി തോമസ് ജോർജ്. ബിജിലി ബിനോയ്, എൽസി രാജു, ജയ ജേക്കബ് മറ്റക്കാട്ട്, സോളി, ഷീബ ജോസഫ്, മഞ്ജു എബ്രഹാം, ലിനു വരാത്ര, തോമസ് കുട്ടി തേവരുമുറി, ജോബി കാരിക്കോട്ട്, രഞ്ചു കോഴിമറ്റം, സിനിമോൾ, ബിജി റെജി, സുനിലാ ജോസഫ്, ഷൈലാമാത്യു, റീനാ ബിൻസി, റിന്റു മജു എന്നിവർ സമീപം.



## ആഗോള ക്നാനായ സമുദായം നടത്തിയ രണ്ടാമത് ക്നായിത്തൊമ്മൻ ഫുട്ബോൾ മത്സരം



ഫസ്റ്റ് പ്രൈസ് കരസ്ഥമാക്കിയ
വെള്ളൂത്തുരുത്തി സെന്റ് മേരിസ് പള്ളി ടീം.



സെക്കന്റ് പ്രൈസ് കരസ്ഥമാക്കിയ
ബാംഗ്ലൂർ സെന്റ് ജോർജ് ക്നാനായ പള്ളി ടീം.

## ക്നാനായ മെറിറ്റ് അവാർഡ് 2025



ക്നാനായ മെറിറ്റ് അവാർഡ് 2025 മന്ത്രി ശ്രീ. വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്യുന്നു. സമുദായ വലിയ മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ, ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിൽ, ജോബി കാരിക്കോട്ട്, സജി താന്നിക്കൽ, സാബു കണ്ണാട്ടിപ്പുഴ, ഫാ. വിഎ. ഏബ്രഹാം ഇളയശ്ശേരിൽ, ലിനു വരാത്ര, ഉതുപ്പാൻ ജോസഫ്, ഫാ.നോബിൻ തോമസ്, തോമസ്കുട്ടി തേവരുമുറിയിൽ, രെഞ്ചു കോഴിമറ്റം, ജേക്കബ് തോമസ് മറ്റക്കാട്ടു എന്നിവർ സമീപം



ക്നാനായ കമ്മിറ്റിയുടെ ക്രിസ്തുമസ് ആഘോഷം സമുദായ വലിയ മെത്രാപ്പോലിത്താ
അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവ്വഹിച്ചു



സുനിൽ ഡി. കുരുവിള

# ജ്ഞാനംകൊണ്ട് ഭവനം പണിയാം

ഈ പുതുവത്സരം ആഘോഷിക്കാൻ എങ്ങോട്ടാണ് പോകേണ്ടത്? മാളിലോ റിസോർട്ടിലോ... അതോ സുഖവാസ കേന്ദ്രത്തിലേക്കോ?

നമ്മൾ ഇന്ന് ധാരാളം ആഘോഷിക്കുന്നുണ്ട്... ആനന്ദിക്കുന്നുണ്ട്.... പണം ചിലവിടുന്നുണ്ട് എന്നിട്ടും സന്തോഷമില്ല...സമാധാനവുമില്ല!

പക്ഷെ നമ്മൾ മറന്നുപോയ ഒരു കാര്യമുണ്ട് ഭവനം... കുടുംബം... ജീവിതം... ബന്ധങ്ങൾ. ഇവിടെയാണ് ഈ പുതുവത്സരം ഒരുങ്ങേണ്ടത്! പരസ്പരം സ്നേഹിക്കാൻ, ബഹുമാനിക്കാൻ, മനസ്സിലാക്കാൻ, കൂടിയിരിക്കാൻ, കളിതമാശകൾ പറയാൻ, ഒന്ന് വിട്ടുകൊടുക്കാൻ, തോറ്റുകൊടുക്കാൻ, ആശ്വസിപ്പിക്കാൻ, പ്രോത്സാഹിപ്പിക്കാൻ, അംഗീകരിക്കാൻ... ഇതാണ് ജീവന്റെ ആത്മാവ്! ഇതാണ് സുസ്ഥിരമായ സ്നേഹത്തിന്റെ സന്തോഷത്തിന്റെ സമാധാനത്തിന്റെ ഉറവിടം. അതെ, "ജ്ഞാനംകൊണ്ട് ഭവനം പണിയുന്നു; വിവേകംകൊണ്ട് അത് സ്ഥിരമായിവരുന്നു (സദൃ.24:3.).

ഭൗതികമായി നമ്മൾ ഒരുപാടു മുന്നേറി, വലിയ വീടും, കാറും, ഫോണും, മതിലും... വലിയ വിദ്യാഭ്യാസം, തൊഴിൽ, ക്ലബ്ബിലെ അംഗത്വം..!!!

ജീവിത നിലവാരം (quality of life) മാത്രം താഴോട്ട്... സന്തോഷമില്ല, സമാധാനമില്ല, തൃപ്തിയില്ല, ബന്ധങ്ങളിലെ വിള്ളലുകൾ, ആരോഗ്യമില്ല, സ്നേഹമില്ല, മനസ്സിലാക്കുന്നില്ല. അവസാനമായപ്പോൾ ആരുമില്ല, അർത്ഥമില്ല...

പലപ്പോഴും ജീവിതം മനസ്സിലാക്കാൻ കഴിയുന്നത് പുറകോട്ടു തിരിഞ്ഞു നോക്കുമ്പോഴാണ്. എന്നാൽ നേരത്തെ തിരിച്ചറിയുന്നത് ജ്ഞാനം! പണത്തിനും ആർഭാടത്തിനും കരിയർ വളർച്ചയ്ക്കും സ്വാർത്ഥസുഖങ്ങൾക്കും ഓടിയപ്പോൾ ഓർത്തില്ല ഇതൊന്നും അല്ല ജീവിതത്തിനു അർത്ഥവും ആഴവും നൽകുന്നതെന്ന്!

ആരോഗ്യം കടയിൽ കിട്ടില്ല. ബന്ധങ്ങൾ, സൗഹൃദങ്ങൾ, സ്നേഹം, സമാധാനം ഒക്കെ ഒരു ചെടി വളർത്തിയെടുക്കും പോലെ വളരെ ശ്രദ്ധയോടെ പരിപാലിച്ചാൽ മാത്രമെ ലഭിക്കുകയുള്ളു! നല്ലൊരു മാമ്പഴം ഇന്ന് കഴിക്കണമെങ്കിൽ പത്തുകൊല്ലം മുമ്പെങ്കിലും മാവു നടണമായിരുന്നു. നന്നായി പരിപാലിക്കണമായിരുന്നു. യൗവ്വന കാലത്തു ആവേശം കൊള്ളുന്നതായിരിക്കില്ല അൻപതുകളിലെ ആവശ്യങ്ങൾ! ജീവിതം എപ്പോഴും ദീർഘവീക്ഷണത്തോടെ കെട്ടിപ്പടുക്കേണ്ടതുണ്ട്! കരുതി ഒരുക്കേണ്ടതുണ്ട്! ബന്ധങ്ങളും സൗഹൃദങ്ങളിലും ഒക്കെ കാലേകൂട്ടി നിക്ഷേപിക്കേണ്ടതുണ്ട്... ഈ തിരിച്ചറിവാണ് ജ്ഞാനം! ഇന്ന് നടുന്ന മാവാണ് നാളെ ഫലവും തണലുമായി മാറേണ്ടത്... ഓർക്കാം. ജീവിതം... സമൃദ്ധിയായ... അർത്ഥവത്തായ ജീവിതം തന്നെയാവട്ടെ ലക്ഷ്യം! ഗുണനിലവാരമുള്ള ജീവിതം!



Learn to respect: ബഹുമാനിക്കാൻ പഠിക്കാം!

എല്ലാവരേയും ബഹുമാനിക്കാം... എല്ലാത്തിനെയും ബഹുമാനിക്കാം. ബഹുമാനം കൊടുത്തു ബഹുമാനം വാങ്ങാം. വിതയ്ക്കുന്നതാണ് കൊയ്യുന്നത്.. ഓർക്കാം! ധാർഷ്ട്യവും അഹങ്കാരവും വലിയ ആപത്താണ്! വലിയ വൈകല്യമാണ്! കുറഞ്ഞ മനുഷ്യന്റെ ആയുധമാണ്! ഉയർന്ന മനുഷ്യൻ എല്ലാത്തിനേം കരുതുന്നു. എല്ലാവരും ബഹുമാനിക്കുന്നു. മറ്റുള്ളവർ ചെറുതാണ് എന്ന് തോന്നുന്നത്. നമ്മുടെ നിലവാരം ചെറുതാകുമ്പോഴാണ്!

Learn to observe: ശ്രദ്ധയോടെ നിരീക്ഷിക്കണം

വെറുതെ കണ്ടാൽ പോരാ. നിരീക്ഷിക്കണം. കുടുംബ ജീവിതത്തിൽ ശ്രദ്ധ

വേണം. വെള്ളവും വെയിലും വളവും ഒക്കെ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം. കൂടുതൽ കൂടുതൽ പരസ്പരം തിരിച്ചറിയാനും മനസ്സിലാക്കാനും ശ്രമിക്കണം.

Learn to listen: കൂർമ്മതയോടെ ശ്രവിക്കണം! വെറുതെ കേട്ടാൽ പോരാ. ശ്രവിക്കണം! കൂർമ്മതയോടെ ശ്രവിക്കണം! ശ്രദ്ധയോടെ കേൾക്കുന്നവർ കുറഞ്ഞു വരുന്നു. ആശയ വിനിമയത്തിൽ ഏറ്റവും പ്രധാനം ശ്രദ്ധയോടെ കേൾക്കുന്നതാണ്. ശ്രദ്ധയോടെ കേൾക്കുന്നവരെ എല്ലാവർക്കും ഇഷ്ടമാണ്. അവരോടു സംസാരിക്കാൻ എല്ലാവർക്കും വലിയ താല്പര്യമാണ്! നല്ല ആശയ വിനിമയത്തിന്റെ അഭാവം വിവാഹബന്ധങ്ങൾ തകരുന്നതിൽ പലപ്പോഴും പ്രധാന കാരണമാണ്. ശ്രദ്ധയോടെ താല്പര്യത്തോടെ ഇഷ്ടത്തോടെ കേൾക്കാൻ പഠിക്കാം! ബന്ധങ്ങൾ മികവുറ്റതാക്കാം!

Learn to understand: വെറും അറിവല്ല മനസ്സിലാക്കൽ!

ഇന്ന് എല്ലാവർക്കും എല്ലാം അറിയാം! അറിവ് വിരൽത്തുമ്പിലാണ് എന്ന ഒരു അഹങ്കാരമുണ്ട്. എന്നാൽ എത്ര പേർ കാര്യങ്ങളെ നന്നായി മനസ്സിലാക്കുന്നുണ്ട്?

അവൾക്ക് എന്തിന്റെ കുറവാണ്?"

"അവനെ ഞാൻ എത്രമാത്രം സ്നേഹിച്ചിരുന്നു!"

കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കുമ്പോഴാണ് എന്തായിരുന്നു കുറവെന്നും... ഇതായിരുന്നില്ല അവനു വേണ്ട സ്നേഹമെന്നും ഒക്കെ നമ്മൾ തിരിച്ചറിയുന്നത്! അപ്പോഴേക്കും വളരെ വൈകിയിരിക്കും!

മനുഷ്യ ബന്ധങ്ങൾ റിപ്പയർ ചെയ്യാൻ പ്രയാസമാണ്... എന്നാൽ organise ചെയ്യാൻ വളരെ എളുപ്പവും! ഒരാളെ മനസ്സിലാക്കാൻ വലിയ വ്യക്തിത്വ ഗുണങ്ങൾ ആവശ്യമാണ്. സ്നേഹവും ക്ഷമയും കൂടിയേ തീരൂ.

Learn to love: സ്നേഹിക്കാൻ പഠിക്കണം!

കിട്ടുന്നതുമാത്രമാണ് സ്നേഹം എന്ന ചിന്തയാണ് ബന്ധങ്ങൾ തകരാനുള്ള പ്രധാന കാരണം! കൊടുക്കുന്നതാണ് സ്നേഹം എന്ന് തിരിച്ചറിയേണ്ടതുണ്ട്. സ്നേഹിക്കപ്പെടുക എന്നതാണ് ഒരാൾക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ ഭാഗ്യം! എന്നാൽ സ്നേഹം നൽകാതെ എങ്ങനെ അത് പ്രതീക്ഷിക്കാനാകും? നിലനിൽക്കുന്ന സ്നേഹം പരസ്പരം കൊടുത്തു വാങ്ങുന്നത് തന്നെയാണ്. സ്വാർത്ഥതയും ഈഗോയും സ്നേഹത്തെ ഇല്ലായ്മ ചെയ്യും. വിനയവും കരുതലും സ്നേഹത്തെ കൂടുതൽ ജൈവമാക്കും!

Ensure dignity and growth: അന്തസ്സും പുരോഗതിയും ഉറപ്പാക്കാം

പരസ്പരം ബഹുമാനിക്കാനും; നമുക്ക് ചുറ്റുമുള്ളവരുടെ dignity മാനിക്കുകയും വേണം. കുടുംബത്തിലുള്ളവരുടെ പുരോഗതി, ആത്മാഭിമാനം, വളർച്ച, സന്തോഷം എന്റെ ഉത്തരവാദിത്വവും കടമയുമാണെന്നു ഓരോരുത്തരും തിരിച്ചറിയണം! Great leaders create more leaders around! ചിലർക്ക് ചുറ്റും ആരും വളരില്ല!

Scale down to enjoy small things! ചെറിയ കാര്യങ്ങളും കൊച്ചു കൊച്ചു സന്തോഷങ്ങളും!

പണംകൊണ്ട് ജീവിതത്തിൽ സന്തോഷം കണ്ടെത്താമെന്നു കരുതരുത്. നിലനിൽക്കില്ല! ജീവിതം ആർഭാടവും 'വിലകൂടിയ' കാര്യങ്ങളും മറ്റുള്ളവരെ 'കാണിക്കാനുള്ള' ഓട്ടവുമാണ് എന്ന് തെറ്റിദ്ധരിക്കരുത്. ചെറിയ ചെറിയ സന്തോഷങ്ങളും നന്മയുള്ള മുഹൂർത്തങ്ങളും എന്നും ഓർക്കാൻ സുഖമുള്ള സന്ദർഭങ്ങളും ഒക്കെയാണ് ഒരു മികവുറ്റ ജീവിതത്തിന്റെ അടയാളങ്ങൾ. പരസ്പരം ഓർമ്മകളിലേക്ക് നിക്ഷേപിക്കാം! വർഷങ്ങൾ അല്ല ജീവിതത്തിനു സൗന്ദര്യം നൽകുന്നത്., അതിന്റെ ആർദ്രതയും വൈകാരിക ആഴവുമാണ്, ഓർക്കാം!

Be thankful: നന്ദിയുള്ള ഹൃദയത്തോടെ ഇല്ലാത്തതു ഓർത്തു ഒരുപാടു ദുഃഖിക്കുകയും ആർത്തിയോടെ കൂടുതൽ നേടാൻ ഓടുകയും ചെയ്യുമ്പോൾ നമ്മൾ പലരും ഓർക്കാതെ പോകുന്ന ഒരു വസ്തുതയുണ്ട്... ഒരുപാടു നേടിയ വാരിക്കൂട്ടിയ പലരും സന്തുഷ്ടരല്ല എന്ന സത്യം! ജീവിതം ഒരു കലയാണ്! ലോകത്തു ഉറക്കം കിട്ടാതെ അലയുന്ന കൂടുതൽ പേരും സമ്പന്നരാണ്. ലോകത്തിലെ ഏറ്റവും സമ്പന്ന രാജ്യമായ അമേരിക്കയിൽ അഞ്ചു പേരിൽ ഒരാൾ മാനസിക സമ്മർദ്ദത്തിന് മരുന്ന് കഴിക്കുന്നു! ചില കൊച്ചു ഇടങ്ങളിൽ വലിയ സന്തോഷവും സ്നേഹവും സംതൃപ്തിയുമുണ്ട്. തിരിച്ചറിയാം!

ദൈവം തന്ന ഇണയെയും കുഞ്ഞുങ്ങളെയും മാതാപിതാക്കളെയും ഒക്കെ നന്ദിയോടെ സ്നേഹിക്കാം! നമ്മുടെ അയൽക്കാരെയും സമൂഹത്തെയും രാജ്യത്തെയും ഒക്കെ ചേർത്തുപിടിക്കാം. 'അക്കരെയാണ് പച്ച' എന്നത് ഒരു തോന്നൽ മാത്രമാണ്! തൃപ്തിയും സ്നേഹവും നന്ദിയും നിറഞ്ഞ കണ്ണുകൾകൊണ്ട് നോക്കുമ്പോൾ നമുക്കുചുറ്റും തന്നെ ഹരിതവും ജൈവവുമായ ലോകം കാണാൻ കഴിയും!

മികവാർന്ന– ഹൃദ്യമായ ജീവിതം അവിചാരിതമായി സംഭവിക്കുകയല്ല. ഉന്നതവും സ്ഥിരതയുള്ളതുമായ പരിശ്രമം തന്നെ വേണ്ടിവരും. ആ അധ്വാനം ഒരിക്കലും നഷ്ടമല്ല! ഉന്നതമായ ജീവിതമാണ് ഏറ്റവും വലിയ സമ്പത്ത്! സമാധാനമുള്ള ഭവനവും സ്നേഹമുള്ള കുടുംബവും ഉറക്കമുള്ള രാത്രികളും ഒരു മാളിലും വാങ്ങാൻ കിട്ടില്ല!

എല്ലാ പ്രിയപ്പെട്ട വായനക്കാർക്കും സ്നേഹം നിറഞ്ഞ പുതുവത്സര ആശംസകൾ. ദൈവം എല്ലാവരെയും സമൃദ്ധിയായി അനുഗ്രഹിക്കട്ടെ.

**സുനിൽ ഡി കുരുവിള**

**ഫൗണ്ടർ ഇൻസൈറ്റ് മിഷൻ**

ഇൻസൈറ്റ് മിഷന്റെ സ്ഥാപകനും; പ്രമുഖ മാനവശേഷി വികസന പരിശീലകനും കരിയർ കൗൺസിലറും ആണ്.

(Sunil D. Kuruvilla is a practising Counsellor,Career expert & a Human Resource Development trainer of vast experience.

He can be contacted @

email: sunil_kuruvilla@rediffmail.com or

Cell: +91 9847400712

www.insightmission.org.in

Or YouTube: sunil kuruvilla)

sunil_kuruvilla@rediffmail.com



# മാമോദീസ

ഉണ്ണി ഏബ്രഹാം, കൊറ്റുചാലിൽ, ഇരവിപേരൂർ

മാമോദീസയെന്ന സുറിയാനി പദത്തിന് സ്നാനമെന്നർത്ഥം. ഇത് കർത്താവേശുമിശിഹായാൽ സ്ഥാപിതമായി (മത്താ.28:19–20). സുറിയാനിസഭയിലെ ഏഴു കൂദാശകളിൽ ആദ്യത്തേതാണിത്. കൂദാശയെന്ന പദത്തിന് ശുദ്ധീകരണമെന്നർത്ഥം. സുറിയാനിസഭ അപ്പസ്തോലിക കാലം മുതൽ ശിശുസ്നാനത്തിനാണ് പ്രാധാന്യം നൽകുന്നത്. ശ്ലീഹന്മാരുടെ കാനോനുകളും പൂർവ്വപിതാക്കന്മാരുടെ ലിഖിതങ്ങളും ഇതിനെ പിൻതാങ്ങുന്നു. 18–ാം നൂറ്റാണ്ടുവരെ ശിശുസ്നാനം ഒരു തർക്കവിഷയമായിരുന്നില്ല. ഇത് അടിസ്ഥാന ഉപദേശങ്ങളിലൊന്നാണ് (എബ്രാ.6:1–2). യോഹന്നാന്റെ സ്നാനം പാപമോചനത്തിനുള്ള മാനസാന്തര സ്നാനമായിരുന്നു. (ലൂക്കോ. 3:3). അതിനെ കർത്താവിന്റെ സ്നാനവുമായി ബന്ധിപ്പിക്കുന്നത് കർത്താവിന്റെ ദൈവത്വത്തെ നിഷേധിക്കുകയത്രേ ചെയ്യുന്നത്. സ്നാനം ക്രിസ്തുവിനോടു ചേരുവാനാണ് (ഗലാ. 3:27). കർത്താവിന് ആരോടു ചേരണം ത്രിത്വത്തിൽ ഒരുവനായ കർത്താവിന് എന്തിന് മാനസാന്തരസ്നാനം. “അവനോടു തുല്യം നാമാകാൻ നമ്മെപ്പോലെയവനായി (എബ്ര.2:14). തിരുവിഷ്ടത്താൽ നരനായി നമ്മെതൻപിതൃസുതരാക്കി”

അലക്സാണ്ടറിയയിലെ വി. അത്താനാസ്യോസ് ന്യായപ്രമാണത്തിൽ യഹൂദാ ഗോത്രത്തോട് പൗരോഹിത്യം സംബന്ധിച്ച് കല്പനയില്ല (എബ്രാ.7:1–14). പിതാവാം ദൈവം മോശക്കും അഹരോനും നൽകിയ ലേവ്യാ പൗരോഹിത്യം കർത്താവ് തിരിച്ചെടുത്ത് (“യോഹന്നാൻ കർത്താവിനും”) മൽക്കിസദേക്കിന്റെ ക്രമപ്രകാരമുള്ള നിത്യ പൗരോഹിത്യത്തിന് തുടക്കം കുറിക്കുകയത്രേ ചെയ്യുന്നത്. (എബ്രാ. 6:20). യോഹന്നാൻ ന്യായപ്രമാണത്തിന്റെ അവസാന ഖണ്ഡികയായി വന്നു (മത്താ. 11:13–14, ലൂക്കോ.16:16). മാമോദീസായുടെ മുൻകുറിയായ ചേലാകർമ്മം യഹൂദ മതത്തിൽ 8–ാം ദിവസം നടത്തിയിരുന്നു (ഉല്പ.21:4). കർത്താവ് (ലൂക്കോ.2:21), യോഹന്നാൻ (ലൂക്കോ.1:59, പൗലോസ്ശ്ലീഹ (ഫിലി. 3:5) എന്നിവർ ഇത് സ്വീകരിച്ചിരുന്നു. മാമോദീസ സുറിയാനിസഭയിൽ യേശുക്രിസ്തു സ്നാനമേറ്റ യോർദ്ദാൻനദി, മൂന്ന് നദികളുടെ സംഗമവേദിയാണ്. ഹെർമോൺ മലമുകളിൽനിന്ന് ഉത്ഭവിച്ച് യോർദ്ദാനിലെത്തുന്ന ‘ഹെർമോൺ’ നദിയിലെ വെള്ളം തണുപ്പുള്ളതും, ദാൻ മരുഭൂമിയിൽ കൂടി ഒഴുകിവരുന്ന ‘യെർമുക്ക്’ നദിയിലെ വെള്ളം ചൂടുള്ളതും, ഔഷധങ്ങൾക്കും സുഗന്ധ ദ്രവ്യങ്ങൾക്കും പ്രശസ്തിയാർജിച്ച ‘ഗിലിയാദ്’ (യിരമ്യ. 8:22). മലഞ്ചെരുവിൽകൂടി ഒഴുകി ആ പ്രദേശത്തെ വൃക്ഷങ്ങളുടെ ഇലയും, പൂവും, കായും വീണ് ‘യാബോക്ക്’ നദിയിലെ വെള്ളം ഔഷധഗുണവും സുഗന്ധമുള്ളതുമാകുന്നു. അതിനെ അനുസ്മരിപ്പിക്കുമാറ് ചൂടു വെള്ളവും തണുത്തതുമായ വെള്ളം ചേർത്ത് അതിൽ വി. മൂറോൻ ഒഴിക്കുന്നു. മൂറോൻ എന്ന പദത്തിന് ‘സുഗന്ധതൈലം’ എന്നർത്ഥം. മറ്റൊരു പാരമ്പര്യവിശ്വാസം ഏദനിലെ വെളിച്ചത്തിൽനിന്ന് പുറത്താക്കപ്പെട്ട ആദാം, ഹവ്വാ എന്നിവർ (ഉല്പ.3:23–24) പുറത്തെ അന്ധകാരത്തിൽ പകച്ചു നിൽക്കുമ്പോൾ സാത്താൻ വെളിച്ച ദൂതന്റെ വേഷത്തിൽ സഹായ ഹസ്തവുമായി എത്തി. മറ്റു മാർഗ്ഗമില്ലാതിരുന്ന അവർ സാത്താന്റെ വാഗ്ദാനം സ്വീകരിച്ച് താനും തന്റെ സന്തതികളും എന്നും സാത്താനടിമയായിരിക്കുമെന്ന് ഉറപ്പു നൽകി. സാത്താൻ ഒരു പരന്ന കല്ലിൽ ആദാമിന്റെ കൈപ്പത്തി പതിച്ച് ഉടമ്പടിയുണ്ടാക്കി. അവൻ ആ കല്ലിനെ യോർദാനിൽ നിക്ഷേപിച്ചു. കർത്താവിന്റെ മാമോദീസയിൽ (ദനഹ) കർത്താവ് ഈ കല്ലിൽ ചവിട്ടി നിൽക്കുകയും കല്ല് ഉരുകി ഇല്ലാതായി ഏദനിലെ വെള്ളം തിളച്ചു. അങ്ങനെ ആദാമിന്റെ കടച്ചീട്ട് (കൊലാ.2:14) കർത്താവ് മായിച്ചുകളഞ്ഞു (ദുഃഖവെള്ളി സെദറാ). ദനഹാ എന്ന പദത്തിന് ‘ഉദയം’ എന്നർത്ഥം (തീത്തോ. 2:11). മാമോദീസായ്ക്കുശേഷം ശിശുവിനെ രണ്ടാമത്തെ കൂദാശയായ മൂറോൻ അഭിഷേകം നടത്തുന്നു. മൂറോൻ കർത്താവിന്റെ പരിമളവാസനവും സത്യവിശ്വാസത്തിന്റെയും പരിശുദ്ധാത്മ നൽവരത്തിന്റെയും പ്രത്യക്ഷ അടയാളവുമാണ്. ഇത് പഴയനിയമത്തിൽ രാജാക്കന്മാർക്കും പുരോഹിതന്മാർക്കും പ്രവാചകന്മാർക്കും അഭിഷേകത്തിനായി ഉപയോഗിക്കുന്നു. ഇത് നിർമ്മിക്കുന്നവിധം പുറ. 30:22 മുതൽ ഉള്ള വാക്യത്തിൽ കാണാം. അഹരോനെ പൂശിയ തൈലവും ഇതുതന്നെയായിരുന്നു (പുറ.29:7). എന്നാൽ സുറിയാനി സഭ ഉപയോഗിക്കുന്ന ‘മൂറോൻ’ അരിമത്യക്കാരൻ ജോസഫും നിക്കോദിമോസും കൂടി കർത്താവിന്റെ ശരീരത്തിൽ പൊതിഞ്ഞ 100 റാത്തലോളം വരുന്ന ‘അകിലു മൂറും’ (യോഹ. 19:38–42). ശ്ലീഹന്മാർ കർത്താവിന്റെ കബറിൽ നിന്നെടുക്കുകയും അതോടുകൂടി സ്ത്രീകൾ കർത്താവിനെ പൂശുവാൻ കൊണ്ടുവന്ന സുഗന്ധ ദ്രവ്യങ്ങളും (മർക്കൊ.16:1–2) സൈത്തെണ്ണയും ചേർത്ത് ശ്ലീഹന്മാർ വി. പത്രോസിന്റെ പ്രധാന കാർമ്മികത്വത്തിൽ ആദ്യത്തെ മൂറോൻ കൂദാശ നടത്തി (സഭാക്രമങ്ങളുടെ വ്യാഖ്യാന പുസ്തകം). ഈ മൂറോനിൽ കർത്താവിന്റെ തിരുരക്തം അലിഞ്ഞു ചേർന്നിരിക്കുന്നതിനാൽ ഇത് പഴയ നിയമ അഭിഷേകതൈലത്തേക്കാൾ പരിശുദ്ധവും ശ്രേഷ്ഠവുമത്രേ. മനുഷ്യശരീരം പരിശുദ്ധാത്മാവിന്റെ ആലയം ആയതിനാൽ (1 കൊരി.6:19) ശിശുവിനെ മൂറോൻ അഭിഷേകം നടത്തി മിശിഹായുടെ സഹോദരനായി/സഹോദരിയായി രാജകീയ പുരോഹിത വർഗ്ഗത്തിലേക്ക് (1.പത്രോ. 2:9) പ്രവേശനം സിദ്ധിക്കുന്നു. ഈ രണ്ട് കൂദാശകളും പാത്രിയർക്കീസിനെ വാഴിക്കുമ്പോൾപോലും ആവർത്തിക്കുന്നില്ല.

ശിശുവിനുവേണ്ടി തലതൊടുന്നവർ വിശ്വാസം ഏറ്റു പറയുന്നു. ഇത് ശരിയോയെന്ന് തോന്നാം. പക്ഷവാതക്കാരനെ ചുമന്നുകൊണ്ടു വന്നവരുടെ വിശ്വാസംമൂലം പക്ഷവാതക്കാരന് സൗഖ്യം ലഭിച്ചു (മർക്കൊ.7:25-30). മറിയയുടെ വിശ്വാസംമൂലം ലാസർ ഉയിർത്തെഴുന്നേറ്റു (യോഹ. 11:22-23). ശതാധിപന്റെ വിശ്വാസംമൂലം ബാല്യക്കാരന് സൗഖ്യംവന്നു (മത്താ. 8:13). യായിറോസിന്റെ വിശ്വാസംമൂലം മകൾ ഉയിർത്തെഴുന്നേറ്റു (ലൂക്കോ. 8:54).

**ശിശുക്കളുമായി ദൈവം ഇടപെടുമോ അവർ അറിവില്ലാത്തവരല്ലേ?**

യിരമ്യാവ് ഗർഭശിശുവായിരുന്നപ്പോൾതന്നെ അവനെ വിളിച്ച് വേർതിരിച്ച് ജാതികൾക്ക് പ്രവാചകനാക്കി (യിരമ്യ. 1:5). യോഹന്നാൻ കന്യകമറിയാമിന്റെ വന്ദന സ്വരം ശ്രവിച്ച മാത്രയിൽ ഏലിസബേത്തിന്റെ ഉദരത്തിൽ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച് തുള്ളിച്ചാടി (ലൂക്കോ.1:44-45). ദാവീദ് പറയുന്നു 'ഞാൻ അമ്മയുടെ ഉദരത്തിൽ പിണ്ഡമായിരുന്നപ്പോൾ നിന്റെ കണ്ണ് എന്നെക്കണ്ടു" (സങ്കീ. 139:16). മാമോദീസമൂലമുള്ള കൃപയും ശുദ്ധീകരണവും ജീവിത പരീക്ഷണങ്ങളെ അതിജീവിക്കാനുള്ള ശക്തി മുൻകൂർ പ്രാപിക്കുന്നു.

"എന്നെ മാമോദീസായാൽ
ആത്മീയായുധമണിയിച്ചാൻ

"(വിവാഹകൂദാശ) വെള്ളവുമായി ബന്ധപ്പെട്ട 'കഴുകൽ' (1 കൊരി.6:11), സ്നാനം (മർക്കൊ.16:16), കുളി(യോഹ.13:10), ശുദ്ധീകരണം (സങ്കീ. 51:2). തളിക്കൽ (എബ്ര. 10:22), എന്നിവയ്ക്കെല്ലാം സ്നാനം എന്ന് മാത്രം അർത്ഥംവരുന്ന 'ബാപ്റ്റിസ്മോ' എന്ന പദമാണ് മൂലഭാഷയിൽ. പെന്തിക്കോസ്തിനാളിൽ വി. പത്രോസിന്റെ പ്രസംഗം കേട്ട 3000 പേർ വിശ്വസിച്ച് സ്നാനമേറ്റ് സഭയോട് ചേർന്നു. (അപ്പൊ. 2:38-41). അവിടെ അടുത്തെങ്ങും ഒരു ജല സംഭരണിയോ നദിയോ ഉണ്ടായിരുന്നില്ല. ആകെയുള്ളത് ഒരു 'ബേഥെസ്ദാ' കുളം (യോഹ 5:2) മറ്റൊന്ന് ശിലോഹാം' കുളം (യോഹ. 9:7). ഇവ രണ്ടും സെദൂഖ്യരുടെ അധീനതയിൽ (temple Authority). അവിടെ മുങ്ങാൻ ചെന്നാലുള്ള ഗതി എന്താകും. കർത്താവ് പ്രത്യക്ഷപ്പെട്ടപ്പോൾ ശ്ലീഹന്മാർ യഹൂദന്മാരെ ഭയന്ന് അടച്ചിട്ട മുറികളിൽ ഒളിച്ചു കഴിയുകയായിരുന്നു (യോഹ.20:19). അപ്പോൾ അന്നത്തെ സ്നാനം മുഴുവൻ മുങ്ങിയുള്ള സ്നാനമായിരുന്നില്ല. പുതിയ നിയമ സ്നാനത്തെപ്പറ്റിയുള്ള പ്രവചനം "നിങ്ങളുടെമേൽ നിർമ്മലജലം തളിക്കും" (യെഹ.36:24-25, എബ്രാ.10: 22, പൗലോസ്ശ്ലീഹായുടെ (അപ്പൊ.9:18, കൊർന്നല്യോസിന്റെ (അപ്പൊ. 10:48 കാരാഗൃഹ പ്രമാണിയുടെ (അപ്പൊ.16:32-34) ഇവരുടെയെല്ലാം സ്നാനം വീട്ടിൽ വച്ചായിരുന്നു. അതിനാൽ അവയൊന്നും മുഴുവൻ മുങ്ങിയുള്ള സ്നാനമാകാൻ വഴിയില്ല. മുഴുവൻ മുങ്ങിയുള്ള സ്നാനം മാത്രമാണ് ശരിയെങ്കിൽ അങ്ങനെ സ്നാനമേറ്റവരാൽ മർക്കൊ.16:16 മുതൽ 18 വരെ നടക്കുന്ന അത്ഭുതങ്ങൾ അവരാൽ നടക്കേണ്ടതല്ലേ? ഇസ്രയേൽ ജനം ചെങ്കടലിൽകൂടി ജലം തൊടാതെ സ്നാനമേറ്റു മോശയോടു ചേർന്നു (1 കൊരി 10:1-2, എബ്രാ11:29). നോഹയുടെ പെട്ടകത്തിൽകൂടി 2 പേർ ജലം തൊടാതെ സ്നാനമേറ്റു (1 പത്രോ.3:20-21). ഇവിടെ രണ്ടിടത്തും മുഴുവൻ മുങ്ങി സ്നാനമേറ്റ ഫറവോന്റെ സൈന്യം (പുറ.14:26-28), നോഹയുടെ കാലത്തെ ജനങ്ങൾ (ഉല്പ:7:19-24 ഇവർ വെള്ളംകുടിച്ചു മരിച്ചില്ലേ. രക്ഷമുഴുവൻ മുങ്ങിയതുകൊണ്ടല്ല, കർത്താവിന്റെ ക്രൂശ്മരണത്താൽ സർവ്വ ലോകത്തിനും രക്ഷയുണ്ടായി. (യോഹ.2:2). "ഇതാ ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ.1:29)

"ആദാം മക്കൾക്കുത്ഥാനം വാഗ്ദത്വം ചെയ്തോൻ മിശിഹ". ആദാമിൽ എല്ലാവരും മരിച്ചതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിക്കുന്നു" (1 കൊരി.15:22). കർത്താവ് പറഞ്ഞു നിങ്ങൾ തിരുവെഴുത്തുകളെയും ദൈവശക്തിയേയുംകുറിച്ച് അറിയാത്തതിനാൽ തെറ്റിപ്പോകുന്നു (മത്താ. 22:29). അബ്രഹാമിന്റെ ഉടമ്പടിയേക്കാൾ (ഉല്പ 17:10-11) ശക്തമായ **ഉടമ്പടിയാണ് കർത്താവിന്റേത്. സ്നാനം എത്ര തവണ,** ഒരിക്കൽമാത്രം (വിശ്വാസ പ്രമാണം 4-ാം ഖണ്ഡിക, 1.കൊരി.12:13, എഫെ 4:4-5). ആദ്യ വിശ്വാസം അവസാനം വരെ മുറുകെ പിടിച്ചാൽ മാത്രമേ ക്രിസ്തുവിന്റെ പങ്കാളികൾ ആകെയുള്ളു (എബ്രാ. 3:14) അല്ലാതെ വസ്ത്രം മാറുന്നതുപോലെ വിശ്വാസം മാറിയിട്ടല്ല. അതുകൊണ്ട് വീണ്ടും സ്നാനം നടത്തിയാലും ശിശുക്കളെ സ്നാനപ്പെടുത്തിയില്ലെങ്കിലും ദൈവീക ഐക്യത്തിൽനിന്നും പുറത്തുപോകുന്നു. യേശുക്രിസ്തു മദ്ധ്യസ്ഥനായി വിവാഹിതരായ ദമ്പതികൾക്ക് ജനിക്കുന്ന മക്കൾ വിശുദ്ധരാണ്. (1.കൊരി. 7:14) ദൈവവും മനുഷ്യനുമായി പല ഉടമ്പടികൾ കാണാം (Covenant). ആദാം, നോഹ, അബ്രഹാം, മോശ, ദാവീദ്, കർത്താവിന്റെ സഭയുമായി (Final covenant). ഇവിടെയെങ്ങും ശിശുക്കളെ അകറ്റി നിർത്തിയതായി കാണുന്നില്ല. മറിച്ച് ചേർത്തു നിർത്തുകയത്രെ ചെയ്യുന്നത് (മർക്കൊ. 9:36-37, ലൂക്കോ.18:15-17, മത്താ.19:13-15, യോഹ.21:15-18). എന്താണ് സ്നാനം, കൈകൊണ്ടല്ലാത്ത പരിഛേദന (കൊലോ. 2:11 ദൈവത്തോടുള്ള മനസ്സാക്ഷി (application) (1.പത്രോ. 3:21), വെള്ളത്താലും ആത്മാവിനാലുമുള്ള വീണ്ടും ജനനം (യോഹ. 3:5). "നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും"(അപ്പൊ.16:31) വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ സന്തതിക്കും (അപ്പൊ.2:39). മുഴുകുടുംബത്തോടൊപ്പം സ്നാനമേറ്റ പലരേയും ബൈബിളിൽ കാണാം (അപ്പൊ. 16:15, 16:32, 34, 10:45-48,(1 കൊരി 1:16) ചെങ്കടലിൽകൂടി കടന്ന ഇസ്രയേൽ ജനത്തിലും, നോഹയുടെ പെട്ടകത്തിലും ശിശുക്കൾ ഇല്ലായിരുന്നുവെന്ന് പറയാൻ കഴിയുമോ? ശിശുക്കൾ, മക്കൾ, സന്തതി എന്നിവർക്കെല്ലാം 'റ്റെക്കനോസ്' എന്ന പദമാണ് മൂലഭാഷയിൽ. ശിശുക്കൾക്കൂടി ഉൾപ്പെടുമ്പോൾ മാത്രമാണ് കുടുംബം ആകുന്നത്. അല്ലെങ്കിൽ ദമ്പതികൾ എന്ന് പറയണം. ശ്ലീഹന്മാർ സുവിശേഷമറിയിച്ചത് അക്രൈസ്തവരോടായിരുന്നു അവരാണ് വിശ്വസിച്ച് സ്നാനമേറ്റത്. പൗലോസ്ശ്ലീഹായും ക്രിസ്ത്യാനിയായിരുന്നില്ല. ആദിമസഭയിൽ വിശ്വാസ സ്നാനം ഉണ്ടായിരുന്നുവെങ്കിലും ശിശുസ്നാനം നൽകിയവരെ മുതിർന്നശേഷം വിശ്വാസ സ്നാനം നടത്തിയിരുന്നില്ല.

**സ്നാനങ്ങൾ പലവിധം** (എബ്രാ.6:1-27, കർത്താവ് സ്വീകരിച്ച സ്നാനം (മത്താ.3:16) തീയിലും പരിശുദ്ധാത്മാവിലുമുള്ള സ്നാനം (ലൂക്കോ. 3:16-17) യോഹന്നാന്റെ സ്നാനം (ലൂക്കോ.3:3). മരിച്ചവർക്കുവേണ്ടിയുള്ള സ്നാനം (1.കൊരി.15:29) ക്രൂശ്മരണം എന്ന സ്നാനം (ലൂക്കോ.12:50) വിശ്വാസ സ്നാനം (അപ്പൊ.2:38), മേഘ സമുദ്രത്തിലും സമുദ്രത്തിലുമുള്ള സ്നാനം (1.കൊരി.10:2) നോഹയുടെ പെട്ടകത്തിൽകൂടിയുള്ള സ്നാനം (1.പത്രോ.3:20). കർത്താവ് കല്പിച്ച ത്രിത്വനാമസ്നാനം (മത്താ.28:19-20).

കർത്താവ് സ്വീകരിച്ച സ്നാനം കർത്താവോ ശ്ലീഹന്മാരോ

ആർക്കും നൽകിയതായി കാണുന്നില്ല. എങ്ങനെയുള്ള വെള്ളത്തിൽ നിർമ്മല ജലത്തിൽ (യെഹ. 36:24-25) ശുദ്ധജലത്തിൽ (എബ്രാ.10:22) സ്നാനം എപ്പോൾ വിശ്വസിച്ച ശേഷം (മർക്കോ. 16:16). വിശ്വസിക്കുന്നതിന് മുമ്പും (മത്താ.28:19). ഇവിടെ പ്രായപരിധിയില്ല, ശിശു, സ്ത്രീപുരുഷ വ്യത്യാസമില്ല, സഭ സാർവ്വത്രികമാണ് (Universal) (ഗലാ. 3:28). തെരഞ്ഞെടുക്കുന്നവൻ ദൈവം (യോഹ.15:16) ന്യായപ്രമാണത്തിൽ പുരുഷന് മാത്രമായിരുന്നു അംഗത്വം. ഇവിടെ എല്ലാവരും തുല്യർ. ആര് സ്നാനപ്പെടുത്തണം. ക്രിസ്തുവിന്റെ സ്ഥാനാപതികൾ (2.കൊരി. 5:20). അധികാരം ഉള്ളവർ (ലൂക്കോ.20:2) (റോമ.10:14-15), പുരോഹിതൻ (റോമ. 15:15). കർത്താവ് അധികാരം നൽകിയത് തന്റെ അപ്പസ്തോലന്മാർക്കാണ് (മർക്കൊ.16:15-16, മത്താ.28:19-20). പൗരോഹിത്യം നൽകിയതും അപ്പസ്തോലന്മാർക്കാണ് (യോഹ.20:22-23). അല്ലാതെ സ്വയം പ്രഖ്യാപിത കപട അപ്പസ്തോലന്മാർക്കല്ല (2.കോരി.11:13) (വെളി.2:22). അവർ കൈവെപ്പിലൂടെ യോഗ്യതയുള്ളവർക്ക് നൽകുന്നു (അപ്പൊ.13:3, 1. തീമോ 4:4). ശ്ലീഹന്മാർ കൈവയ്പ് നൽകി ശുശ്രൂഷ പൗരോഹിത്യം നൽകിയ ശെമ്മാശന്മാരായിരുന്നു സ്തേഫാനോസും ഫിലിപ്പോസും (അപ്പൊ.6:6). സ്തേഫാനോസ് സ്വർഗ്ഗീയ ദർശനം ലഭിച്ചവനായിരുന്നു (അപ്പൊ. 8:12-13). എന്നാൽ ഫീലിപ്പോസ് ശമരിയായിൽ നടത്തിയ സ്നാനത്തിന്റെ പൂർത്തീകരണം പത്രോസും യോഹന്നാനും നിർവ്വഹിച്ചു (അപ്പൊ.8:15-17) അപ്പസ്തോലന്മാരുടെ കൈവയ്പിലൂടെ മാത്രമേ പരിശുദ്ധാത്മാഭിഷേകം ലഭിക്കുകയുള്ളുവെന്ന് ക്ഷുദ്രക്കാരനായ ശീമോനുപോലും അറിയാമായിരുന്നു. അതിനാലാണ് അപ്പസ്തോലന്മാരെ പണം കൊടുത്ത് സ്വാധീനിക്കാൻ ശ്രമിച്ച് ശാപം ഏറ്റുവാങ്ങിയത്. (അപ്പൊ.18:18-24).

### പൗലോസ്ശ്ലീഹായ്ക്ക് സ്വർഗ്ഗത്തിൽനിന്ന് നേരിട്ടു ലഭിച്ചില്ലേ?

പൗലോസ്ശ്ലീഹായ്ക്ക് ആദ്യമായി കൈവയ്പും സ്നാനവും നൽകിയത് അനന്യാസായിരുന്നു (അപ്പൊ. 9:17-18). അദ്ദേഹം എല്ലാ ശ്ലീഹന്മാരിലും എല്ലാക്കാര്യത്തിലും അഗ്രഗണ്യനായിരുന്നു(ഫിലി. 3:5-6) വെളിപാടുകളും അനുസരിച്ച് (ഗലാ. 2:1-2). വി. പത്രോസിന്റെ കൈവയ്പ്പ് വാങ്ങി (Authority) (2:9). ശീമോന്റെ ആട്ടിൻകൂട്ടത്തിലൊരാളായി (യോഹ.21:15-18) കർത്താവ് നിയമിച്ചാക്കിയവരെ മാനിക്കുന്ന (മത്താ. 16:17-19). മാമോദിസായിൽ ശിശുവിന് വി. കുർബ്ബാന നൽകപ്പെടുന്നു. പുതിയ വസ്ത്രം എന്നിവയും നൽകപ്പെടുന്നു.

### മാമോദീസ മൂലം സിദ്ധിക്കുന്നത്.

ആദാമ്യ പാപമോചനം (സങ്കീ.51:5) പുത്രസ്വീകാര്യം (ഗലാ. 4:6) പാപമോചനം (അപ്പൊ.2:38), മായാത്തമുദ്ര (എഫെ 1:14) പുതിയ ജീവൻ (2.കൊരി.5:17). കർത്താവിന്റെ മണവാട്ടി സഭയിലേക്കുള്ള പ്രവേശനം (അപ്പൊ. 2:47)

"എന്നെ നിർമ്മലയാക്കേണമേ

താതനുത്തരമവളോടരുളി

മാമോദീസാ- വെള്ളത്തിൽ-മുങ്ങി പാവനമായ് (എഫെ.5:32) നീ എൻ- മണവാട്ടിസ്ഥാനം കൊൾക (കൂദേശ് ഈത്തോ ഞായർ)

## *മെത്രാപ്പോലീത്തായുടെ സന്ദേശം*

*(പേജ് 5 തുടർച്ച)*

ക്രിസ്തുവിനെ ജീവിതത്തിന്റെ കേന്ദ്രമാക്കുകയും, സഭയിലും സമൂഹത്തിലും അവന്റെ പ്രകാശത്തിന്റെ സാക്ഷികളായി ജീവിക്കുവാനും ഇത് വിശ്വാസികളെ പ്രചോദിപ്പിക്കുന്നു. അതുകൊണ്ട് മായൽത്തോ പെരുന്നാൾ, അനുസരണത്തിന്റെയും സമർപ്പണത്തിന്റെയും രക്ഷാപ്രകാശത്തിന്റെയും മഹത്തായ പെരുന്നാളായി സഭയുടെ ആത്മീയ പൈതൃകത്തിൽ അതുല്യസ്ഥാനത്താണ്.

കഴിഞ്ഞ ക്രിസ്തുമസ് ദിനങ്ങളിലെ ആഘോഷങ്ങളോടനുബന്ധിച്ച്, ഭാരതത്തിന്റെ ആദരണീയനായ ഉപരാഷ്ട്രപതി ശ്രീ.സി.പി.രാധാകൃഷ്ണന്റെ ക്ഷണം അനുസരിച്ച് ഡൽഹിയിലും, കേരളത്തിന്റെ മുഖ്യമന്ത്രി ബഹുമാന്യനായ ശ്രീ. പിണറായി വിജയൻ ഒരുക്കിയ ക്രിസ്തുമസ് വിരുന്നിൽ തിരുവനന്തപുരത്തും സമുദായത്തെ പ്രതിനിധീകരിച്ച് സംബന്ധിക്കുവാൻ ഇടയായി. വിവിധ ക്രൈസ്തവ സഭാമേലദ്ധ്യക്ഷൻമാരോടൊപ്പം ആയിരിക്കുവാൻ സാധിച്ചതിലും ദൈവത്തെ മഹത്വപ്പെടുത്തുന്നു.

ഡിസംബർ 30 സമുദായത്തിലെ യുവജനങ്ങൾക്കായി ഒരു ദിവസത്തെ പ്രോഗ്രാം നടത്തുകയുണ്ടായി. അതിന് നേതൃത്വം വഹിച്ചവരെയും, അതിൽ പങ്കെടുത്തവരെയും പ്രത്യേകം അനുമോദിക്കുന്നു. ഇങ്ങനെയുള്ള കൂടിവരവുകൾ കൂടുതലായി ഇനിയും ഉണ്ടാകണം. അതിലൂടെ നമ്മുടെ യുവജനങ്ങൾ തമ്മിലുള്ള യോജിപ്പും, കൂട്ടായ്മയും വർദ്ധിച്ച്, നമ്മുടെ വ്യക്തിത്വത്തെ വളർത്തുവാനും, നമ്മുടെ ക്നാനായ തനിമ പുലർത്തുവാനും ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ജനുവരി 15 ന് ബലഹീനനായ എന്നെ സമുദായ മെത്രാപ്പോലീത്തായായി പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് മോറോൻ മോർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവാ വാഴിച്ചിട്ട് 22 വർഷങ്ങൾ പിന്നിടുകയാണ്. അന്നുമുതൽ ആ ദിനം ക്നാനായ ദിനമായി ആചരിക്കണം എന്ന് പരിശുദ്ധ ബാവാ നിഷ്കർഷിച്ചിരുന്നു. ഈ വർഷം ഞായറാഴ്ചയായ ജനുവരി 18 ന് വൈദികശ്രേഷ്ഠരുടെയും ക്നാനായ കമ്മിറ്റിയുടെ നേതൃത്വത്തിലും എല്ലാ ഭക്തസംഘടനകളുടേയും സഹകരണത്തോടും കൂടെ വിപുലമായ രീതിയിൽ ക്നാനായ ദിനം ആചരിക്കുവാൻ എല്ലാ ഒരുക്കങ്ങളും പൂർത്തിയായിക്കൊണ്ടിരിക്കുന്നു എന്ന് അറിഞ്ഞതിൽ വളരെ സന്തോഷം. ഈ ആചരണവും നമ്മുടെ കൂട്ടായ്മ വർദ്ധിപ്പിക്കുവാനും, തനിമയിൽ ജീവിക്കുന്ന ഒരു ജനമായി നമ്മെ പുന:പ്രതിഷ്ഠിക്കുന്നതിനും ഇടയാകട്ടെ എന്ന് ആശംസിക്കുന്നു. ഇതിന്റെ വിപുലമായ സംഘാടക സമിതികളെ അഭിനന്ദിക്കുന്നു. അനുഗ്രഹകരമായി ഇത് നടത്തപ്പെടുവാൻ പ്രാർത്ഥിക്കുന്നു.

നമ്മുടെയെല്ലാം പുതുവർഷത്തിലെ ജീവിതം ദൈവാശ്രയത്തിൽ ആയിരിക്കട്ടെയെന്ന് പ്രാർത്ഥിച്ച്, പുതുവത്സരത്തിന്റെ എല്ലാ അനുഗ്രഹങ്ങളും നേരുന്നു.

കർത്തൃ ശുശ്രൂഷയിൽ

**മോർ സേവേറിയോസ് കുറിയാക്കോസ്**

ക്നാനായ സമുദായ മെത്രാപ്പോലീത്ത




ഫാ. കുറിയാക്കോസ് തിരുനിലത്ത്

### ദനഹായ്ക്കുശേഷം രണ്ടാം ഞായർ
### (18 – 01 – 2026) വി.യോഹ. 1:43 – 51

യേശുവിന്റെ വിളികേട്ട ഫിലിപ്പോസ്, അതിലൂടെ തനിക്കു ലഭിച്ച അനുഭവം നഥാനിയേലുമായി പങ്കു വയ്ക്കുന്നതും, അവനെക്കൂടെ യേശുവിലേക്ക് നയിക്കുന്നതുമായ സംഭവമാണ് ഇവിടെ വിവരിച്ചിരിക്കുന്നത്.

ഫിലിപ്പോസിന്റെ രണ്ടു വലിയ ഗുണങ്ങൾ നമുക്കിവിടെ കാണാം. ഒന്ന്, തന്നെ വിളിച്ചവൻ ആരാണെന്നു അവൻ മനസ്സിലാക്കുവാൻ ശ്രമിച്ചു. രണ്ട്, താൻ കണ്ടെത്തിയ സത്യത്തെ അവൻ സാക്ഷിക്കുകയും ചെയ്തു. ഇത് രണ്ടും ദൈവവിളിയോടു പ്രതികരിക്കുന്നവരിൽ ആവശ്യമായ ഗുണങ്ങളാണ്. വിളിച്ചവനെ തിരിച്ചറിയണം. ക്രിസ്തുവിന്റെ വിളി കേട്ട നാം അവനെ തിരിച്ചറിയുവാൻ ശ്രമിച്ചിട്ടുണ്ടോ എന്ന് ചിന്തിക്കുക. യേശു പറയുന്നു "ആടുകൾക്ക് ഇടയന്റെ ശബ്ദം തിരിച്ചറിയാവുന്നതുകൊണ്ട് അവന്റെ സ്വന്തം ആടുകൾ അവന്റെ പിന്നാലെ പോകും" (യോഹ.10:4). കൂടാതെ നാം ഓരോരുത്തരും മറ്റുള്ളവരെ ക്രിസ്തുവിലേക്ക് നയിക്കുന്ന മാതൃകാ ജീവിതമുള്ളവരാകേണ്ടതുമാണ്.

വന്നു കാണുക എന്ന ഫിലിപ്പോസിന്റെ ആഹ്വാനം സ്വീകരിച്ച നഥാനിയേലിന് യേശുവുമായുള്ള കൂടിക്കാഴ്ചക്കു ശേഷം പല മാറ്റങ്ങളും ഉണ്ടാകുന്നു. ഒന്നാമതായി ഫിലിപ്പോസിന്റെ വാക്കുകൾ അവിശ്വാസത്തോടെ കേട്ടവൻ അവൻ പറഞ്ഞത് സത്യമെന്നു ഉറച്ചു വിശ്വസിക്കുവാൻ ഇടയായി. രണ്ടാമത് നസ്രേത്തിൽ നിന്നും നന്മ വരാം എന്നവൻ മനസ്സിലാക്കി. ഒരു വ്യക്തിയേയും സമൂഹത്തേയും വില കുറച്ചുകാണുവാൻ പാടില്ല എന്ന സത്യം അവൻ ഉൾക്കൊണ്ടു. മൂന്നാമത്തേതായി ദൈവപുത്രനെ കണ്ടെത്തുവാൻ അവന് സാധിച്ചു. അവൻ ദൈവത്തിനു മഹത്വം കൊടുത്തു. ക്രിസ്തുവിനെ പിൻപറ്റുകയും ചെയ്തു.

### ദനഹായ്ക്കുശേഷം മൂന്നാം ഞായർ
### (25 – 01 – 2026) വി. യോഹ. 3:1 – 12

യേശുവും യഹൂദ ഉപദേഷ്ടാവായിരുന്ന നിക്കോദിമോസും തമ്മിലുള്ള സംഭാഷണമാണ് ഈ ഭാഗത്ത് പ്രതിപാദിച്ചിരിക്കുന്നത്.

സ്വർഗ്ഗരാജ്യാവകാശത്തിന് ആവശ്യമായ ഘടകങ്ങൾ കർത്താവ് നിക്കോദിമോസിനോടു പറയുന്നു. "വീണ്ടും ജനിക്കുക" എന്ന അടിസ്ഥാനഘടകത്തെക്കുറിച്ചു പറയുമ്പോൾ അതെക്കുറിച്ച് നിക്കോദിമോസ് സംശയാലുവാകുന്നു. അതിന്റെ വിശദീകരണം കർത്താവ് പിന്നീടു പറയുന്നു "ഒരുവൻ വെള്ളത്താലും ആത്മാവാലും ജനിക്കുന്നില്ല എങ്കിൽ അവൻ ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ സാധ്യമല്ല" (യോഹ.3:5).

വെള്ളത്താൽ ജനിക്കുക എന്നതിൽ നിന്നും കർത്താവ് അർത്ഥമാക്കുന്നത് ശുദ്ധീകരണമാണ്. ശുദ്ധമായ ഒന്നിനെ ബാഹ്യബന്ധങ്ങൾ മൂലം മലിനപ്പെടുമ്പോൾ വീണ്ടും അതിനെ പൂർവ്വാവസ്ഥയിലും തെളിച്ചത്തിലും എത്തിക്കുവാൻ ഏറ്റവും സഹായകമാകുന്നത് വെള്ളത്തിലുള്ള കഴുകലാണ്. ദൈവരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനിൽ ദൈവീക രൂപഭാവങ്ങളെ മറയ്ക്കുന്ന മാലിന്യങ്ങൾ പലകാരണങ്ങളാൽ കാണപ്പെടുന്നു. അവയെ കഴുകിക്കളയുവാനുള്ള ആഹ്വാനം പ്രവാചകന്മാരിലൂടെ ദൈവം നല്കിയിരുന്നു. നിങ്ങൾ സ്വയം കഴുകി നിർമ്മലരാകുവിൻ നിങ്ങളുടെ പ്രവൃത്തികളുടെ തിന്മയെ എന്റെ ദൃഷ്ടിയിൽ നിന്നു നീക്കിക്കളയുവീൻ (ഏശയ്യ 1:15–16). കർത്താവ് ഗിരിപ്രഭാഷണത്തിലും ഹൃദയത്തെ ശുദ്ധീകരിക്കേണ്ടതിന്റെ ആവശ്യം ഊന്നിപ്പറയുന്നു. "നിർമ്മലഹൃദയർ ഭാഗ്യവാന്മാർ, അവർ ദൈവത്തെക്കാണും" (മത്തായി. 5:8). പ്രവൃത്തികളിലും ചിന്തകളിലുമുള്ള മാലിന്യത്തെ മാറ്റാതെ സ്വർഗ്ഗരാജ്യം തേടുന്നതിൽ അർത്ഥമില്ല. വി. പൗലോസിന്റെ വാക്കുകൾ ഈ ഉപദേശത്തെ ഒന്നുകൂടി ഉറപ്പിക്കുന്നു. "ജഡത്തിന്റെ പ്രവൃത്തികൾ പ്രസിദ്ധമാണല്ലോ, വേശ്യാദോഷം, അശുദ്ധത, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, പിണക്കം, തർക്കം, കോപം, ശാഠ്യം, ഭിന്നതകൾ, കക്ഷിമത്സരം, അസൂയ, കൊലപാതകം, മദ്യപാനം, വെറിക്കൂത്ത് മുതലായി ഇവയോടു തുല്യമായവ എല്ലാം ആകുന്നു. ഈ വക പ്രവർത്തിക്കുന്നവൻ സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ല എന്നു ഞാൻ മുമ്പേ പറഞ്ഞിട്ടുള്ളതുപോലെ ഇപ്പോഴും പറയുന്നു" (ഗലാ.5:19–21). ആയതിനാൽ ഒരു കഴുകൽ അഥവാ ശുദ്ധീകരണം ആവശ്യമോ എന്ന് ഓരോരുത്തനും ചിന്തിക്കേണ്ടിയിരിക്കുന്നു.

രണ്ടാമത് ആത്മാവിൽ ജനിക്കുന്നവനാണ് സ്വർഗ്ഗരാജ്യമെന്ന് കർത്താവ് പഠിപ്പിക്കുന്നു. ചൈതന്യവും ജീവനുമുള്ളതാണ് ആത്മാവ്. ആത്മാവിൽ ജനിക്കുന്നവൻ ദൈവീക ചൈതന്യം നിലനിർത്തുന്നവനും ജീവന്റെ പ്രതിഫലനമായ പ്രതികരണമുള്ളവനുമായിരിക്കും. "ദൈവസന്നിധിയിൽ യേശുമ്ശിഹാ മുഖാന്തിരം സ്വീകാര്യങ്ങളായ ആത്മീയ ബലികൾ അർപ്പിക്കുവാൻ തക്കവണ്ണം നിങ്ങൾ ആത്മീയ ആലയങ്ങളും വി.ആചാര്യന്മാരും ആയിത്തീരുവീൻ" (1 പത്രോസ് 2:5). ആരാധനയുടെയും ദൈവീക സംസർഗ്ഗത്തിന്റേയും (പ്രാർത്ഥന) അനുഭവവും ഉള്ളവനായിരിക്കും ആത്മാവിൽ ജനിച്ചവൻ. കൂടാതെ ആത്മാവിന്റെ നല്ല ഫലങ്ങൾ പുറപ്പെടുവിക്കുവാനും അവർക്ക് സാധിക്കും. "ആത്മാവിന്റെ ഫലങ്ങളോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നിവയാകുന്നു" (ഗലാ.5:22).

വെള്ളത്താലും ആത്മാവിനാലും ജനിച്ചവരായ നാം അതിന്റെ ചൈതന്യം നിലനിർത്തിപ്രയാണം ചെയ്യുവാൻ ഈ വേദഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു.

### കൊഹനെ ഞായർ (01 – 02 – 2026)
### (വി. മത്തായി 24: 42 – 51)

സഭയിൽ നിന്ന് വാങ്ങിപ്പോയ എല്ലാ പട്ടക്കാരേയും

പൊതുവായി സ്മരിക്കുന്ന ഞായറാഴ്ചയാണ് കൊഹനെ ഞായർ. വിശ്വാസികളെക്കാൾ കൂടുതൽ ഉത്തരവാദിത്വമുള്ള വരാണ് ആചാര്യന്മാർ. എങ്കിലും മനുഷ്യരെന്ന നിലയിൽ വരുന്ന പാപത്തെ ക്ഷമിക്കുവാൻ സഭ ദൈവത്തോട് യാചിക്കുന്നു. പല കാരണങ്ങളാൽ വാങ്ങിപ്പോയ പുരോഹിതർ സ്മരിക്കപ്പെടേണ്ടവരാണ്.

1. പുരോഹിതൻ തങ്ങളുടെ ജീവിതകാലത്ത് നല്ല ഉപദേശങ്ങൾ നല്കിയവരും, ക്രിസ്തുവിങ്കലേയ്ക്ക് നയിച്ച വരും വിശ്വാസത്തിൽ ഉറപ്പിച്ചവരുമാണ്. "നിങ്ങളോടു ദൈവ വചനം സംസാരിച്ചിട്ടുള്ള നിങ്ങളുടെ ഭരണകർത്താക്കളെ ഓർത്തുകൊള്ളണം. അവരുടെ നടപടികളുടെ അവസാനം ഓർത്തു അവരുടെ വിശ്വാസത്തെ അനുകരിക്കണം" (എബ്രാ.13:7).

2. പുരോഹിതൻ ജനങ്ങൾക്കുവേണ്ടി മദ്ധ്യസ്ഥനായി ജീവിച്ചവനാണ്. ജനത്തിന്റെ ആത്മാക്കളെ കരുതുന്ന ഇട യന്മാരാണ് പുരോഹിതന്മാർ "നിങ്ങളെ നയിച്ചു ഭരിക്കുന്ന വർക്കു കീഴ്പ്പെട്ട് അവരെ അനുസരിക്കേണം. എന്തെന്നാൽ അവർ നിങ്ങൾക്കുവേണ്ടി കണക്കു ബോധിപ്പിക്കേണ്ടവർ എന്ന നിലയിൽ നിങ്ങളുടെ ആത്മാക്കൾക്കുവേണ്ടി അവർ ജാഗരണം ചെയ്യുന്നവരാകുന്നു" (എബ്രാ.13:17).

3. പട്ടക്കാരൻ ക്രിസ്തുവിന്റെ സ്ഥാനപതിയാണ്. മ്ശിഹാ യുടെ രക്ഷണ്യശുശ്രൂഷയുടെ അനുഗ്രഹം വി.കൂദാശകളി ലൂടെ വിശ്വാസികൾക്ക് പകർന്നുകൊടുക്കുന്നവരാണ് പട്ട ക്കാർ. അവർ മ്ശിഹായുടെ ശുശ്രൂഷകരും ദൈവീക മർമ്മ ങ്ങളുടെ ഗ്രഹവിചാരകന്മാരുമായി വർത്തിക്കുന്നു. "ഞങ്ങളെ ക്രിസ്തുവിന്റെ ശുശ്രൂഷക്കാരും ദൈവമർമ്മങ്ങളുടെ ഗൃഹ വിചാരകന്മാരും എന്നിങ്ങനെ ഓരോരുത്തർ എണ്ണിക്കൊള്ള ട്ടെ (1. കൊരി. 4:1).

4. ദൈവരാജ്യ നിർമ്മിതിയിൽ ദൈവത്തിന്റെ കൂട്ടുവേല ക്കാരനാണ് പുരോഹിതൻ. ഞങ്ങൾ ദൈവത്തോടുകൂടെ വേലചെയ്യുന്നവർ ആകുന്നു (1. കൊരി. 3:9).

5. ദൈവത്താൽ വിളിച്ചു വേർതിരിക്കപ്പെട്ടവരാണ് പുരോ ഹിതർ. പൗരോഹിത്യം സ്വയമേ എടുക്കാവുന്നതല്ല ദൈവ ത്താൽ തെരഞ്ഞെടുക്കപ്പെട്ടവർക്കു മാത്രം ലഭിക്കുന്നതാണ്. "അഹറോൻ എന്നപോലെ ദൈവത്താൽ വിളിക്കപ്പെട്ടവന ല്ലാതെ, ഈ ബഹുമാനം സ്വയമേ സ്വീകരിക്കാവുന്നതല്ല".

നമ്മെ ശുശ്രൂഷിക്കുകയും നമ്മുടെ പാപങ്ങൾക്കു പരി ഹാരമായി ബലിയർപ്പിക്കുകയും ചെയ്ത നമ്മുടെ ആത്മീയ പിതാക്കന്മാരെ സ്മരിക്കേണ്ടത് നമ്മുടെ കടമയാണ്. അതോ ടൊപ്പം സഭയെ നയിക്കുവാൻ ശ്രേഷ്ഠരായ പട്ടക്കാരും മേൽപട്ടക്കാരും ഉണ്ടാകുവാൻ നാം പ്രാർത്ഥിക്കുന്നവരുമാ യിരിക്കണം.

### ആനീദെ ഞായർ (08 – 02 – 2026)
### റവ. ഫാ. ചിക്കു ബേബി കാരിമറ്റത്തിൽ
### (വി. ലൂക്കോ. 12: 32–48)

സകല വാങ്ങിപ്പോയ വിശ്വാസികളേയും പരി. സഭ അനു സ്മരിക്കുന്ന ദിവസമാണ് ആനീദെ ഞായറാഴ്ച. പരി. സഭ വലിയനോമ്പിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് സകല വാങ്ങി പ്പോയ പട്ടക്കാരേയും വിശ്വാസികളേയും ഓർക്കുന്നു. വാങ്ങി പ്പോയ വിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നത് സഭയുടെ അടിസ്ഥാന വിശ്വാസങ്ങളിൽ പ്രധാനപ്പെട്ടതാണ്. വലിയ നോമ്പിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് വാങ്ങിപ്പോയ സകല ആചാര്യന്മാരേയും വിശ്വാസികളേയും സഭ ഓർക്കുന്നത് വലിയ ഒരു സത്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. കാരണം ശ്രേഷ്ഠമായ വലിയ നോമ്പിലെ ദിനങ്ങൾ നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവത്തിലും കുരിശുമരണത്തിലും രക്ഷാകരമായ ഉയിർപ്പിലും പങ്കാളികളാകാൻ നമ്മെ ഒരു ക്കുകയാണ്. സഭ മുഴുവനായി അനുഷ്ഠിക്കുന്ന, അനുഷ്ഠി ക്കേണ്ട ഒരു കർമ്മമാണ് ഇത്. സഭ പൂർണ്ണമാകുന്നത് ദൃശ്യ അദൃശ്യ സഭകളോട് കൂടിയാണ്. ദൃശ്യസഭ എന്നത് ജീവ നോടിരിക്കുന്ന വിശ്വാസികളും അദൃശ്യസഭ എന്നത് സകല വാങ്ങിപ്പോയ വിശ്വാസികളും അടങ്ങുന്നതാണ്. ദൃശ്യസഭ ഈ കർമ്മങ്ങളും എല്ലാം ആത്മീയ കർമ്മങ്ങളും അനുഷ്ഠി ക്കുന്നത് വാങ്ങിപ്പോയവർ ഉൾപ്പെടുന്ന അദൃശ്യ സഭയോട് ചേർന്നാണ്. സഭയുടെ വിശ്വാസപാരമ്പര്യം അനുസരിച്ച് ദൈവാലയത്തിന്റെ മദ്ധ്യഭാഗം വാങ്ങിപ്പോയവർക്കായി വേർതിരിച്ചിരിക്കുന്നു. അവർ ജീവിതത്തിൽ ചെയ്ത നന്മ കളെ ഓർത്ത് ദൈവത്തിന് നന്ദി കരേറ്റുവാനും അവരുടെ ജീവിതത്തിൽ വന്നുപോയ തെറ്റുകുറ്റങ്ങൾ ക്ഷമിക്കപ്പെടു വാനും പ്രാർത്ഥിക്കുവാൻ നാം കടപ്പെട്ടവരാണ്. അവരുടെ പേരുകൾ വി. കുർബ്ബാനയിൽ ഓർക്കുവാനും പ്രാർത്ഥിക്കു വാനും നാം കടപ്പെട്ടിരിക്കുന്നു. കൃംതാ രാത്രി പ്രാർത്ഥന യുടെ 3-ാം കൗമയിൽ ഇപ്രകാരം പറയുന്നുണ്ട്., മോശ ഗോത്രപ്പേരുകൾ ഓർമ്മയ്ക്കായി കർത്താവിന്റെ മുമ്പിൽ കാണുവാൻ കല്ലുകളിൽ കൊത്തിയതുപോലെ വാങ്ങിപ്പോ യവരുടെ പേരുകൾ ഓർക്കണം. സ്വർഗ്ഗത്തിൽ മശിഹായുടെ വരവിൽ തന്നോടൊപ്പം ആനന്ദിപ്പാനും ത്രോണോസിൽ അവരുടെ പേരുകൾ നൽകണം. സഭ അത്രമാത്രം പ്രാധാ ന്യമാണ് വാങ്ങിപ്പോയവർക്ക് നൽകുന്നത്. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് നമ്മുടെ 7 യാമപ്രാർത്ഥനകളിൽ ഒരു യാമം, ഒമ്പതാംമണി നമസ്ക്കാരം വാങ്ങിപ്പോയ വർക്കുവേണ്ടിയുള്ള പ്രാർത്ഥനയാണ്. ഇന്നത്തെ ഏവൻഗേ ലിയോൻ വേദഭാഗം ലൂക്കോസ് 12:32-48 ആണ്. ഇവിടെ സ്വർഗ്ഗരാജ്യം വാഗ്ദാനം ചെയ്യുന്ന ദൈവത്തെയാണ് നാം കാണുന്നത്. ഈ ലോകത്തിലെ നമ്മുടെ ആയുസ്സ്, ജീവിതം താല്ക്കാലികവും ഹ്രസ്വവുമാണ്. ഇവിടുത്തെ നമ്മുടെ ജീവിതം അനശ്വരമായ മറ്റൊരു ജീവിതത്തിലേക്കുള്ള ഒരുക്കകാലമാണ്. ആയതുകൊണ്ട് സ്വർഗ്ഗരാജ്യത്തിലേക്ക് പ്രവേശിക്കാൻ നാം സ്വന്തമെന്നു കരുതുന്ന പലതിനേയും ഉപേക്ഷിച്ച് തന്റെ കുരിശെടുത്ത് തന്നെ അനുഗമിക്കാൻ കർത്താവ് ആഹ്വാനം ചെയ്യുന്നു. രണ്ടാം ഭാഗത്ത് കർത്താ വിന്റെ രണ്ടാം വരവിനെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു. അത് നിന യ്ക്കാത്ത നാഴികയിൽ കള്ളൻ വരുന്നതുപോലെ ആയതു കൊണ്ട് വിശ്വാസികളായ നാം ജാഗ്രതയോടെ ഉണർന്നി രിപ്പാൻ പ്രസ്തുത വേദഭാഗം ആഹ്വാനം ചെയ്യുന്നു.

### കൊത്തിനെ ഞായർ (15-02 – 2026)
### വി. യോഹന്നാൻ 2:1 – 11

പരി. സഭ വലിയ നോമ്പിലേക്ക് പ്രവേശിക്കുന്നതിന്റെ ആദ്യ ഞായറാഴ്ച ധ്യാനചിന്തയ്ക്കായി പിതാക്കന്മാർ ക്രമീ കരിച്ചിരിക്കുന്നത് ഗലീലായിലെ കാനാവിൽ ഒരു കല്യാണ വീട്ടിൽ യേശുക്രിസ്തു വെള്ളത്തെ വീഞ്ഞാക്കി മാറ്റിയ അത്ഭുത സംഭവമാണ്. യോഹന്നാന്റെ സുവിശേഷത്തിൽ ഈ അത്ഭുതത്തെ അടയാളങ്ങളുടെ ആരംഭമായിട്ടാണ് പറ യുന്നത്. കല്യാണവീട്ടിൽ വീഞ്ഞ് തീർന്നു പോയപ്പോൾ യേശുവിന്റെ അമ്മ ഈ കാര്യം ക്രിസ്തുവിനെ അറിയി ക്കുന്നു. മാതാവിന്റെ അപേക്ഷയോട് ക്രിസ്തുവിന്റെ പ്രതി കരണം "എനിക്കും നിനക്കും എന്ത്? എന്നാണ്. ഇതിനെ നവീന സഭകൾ ഒത്തിരി തെറ്റായി വ്യാഖ്യാനിക്കുന്നുണ്ട്.

എന്നാൽ മാതാവിന്റെ അപേക്ഷപ്രകാരം കർത്താവ് പച്ച വെള്ളം മേൽത്തരം വീഞ്ഞാക്കി മാറ്റുന്നു. ഈ അത്ഭുത സംഭവം നമുക്ക് നൽകുന്ന സന്ദേശങ്ങൾ:-

1. മനുഷ്യൻ വളരെ നിസ്സാരമെന്ന് കരുതുന്ന പച്ചവെള്ളം, പ്രത്യേകിച്ച് ഒരു മണവും നിറവും ഒന്നുമില്ലാത്ത പച്ചവെള്ളത്തെ ക്രിസ്തു മേൽത്തരം വീഞ്ഞാക്കി മാറ്റുകയാണ്. ഇവിടെ വലിയ ഒരു പരിവർത്തനം സംഭവിക്കുന്നു. നോമ്പിന്റെ ശ്രേഷ്ഠമായ ദിനങ്ങളിലൂടെ നാം കടന്ന് പോകുമ്പോൾ നമ്മിലുണ്ടാകേണ്ട അത്യന്താപേക്ഷിതമായ കാര്യമാണ്, ഒരു പരിവർത്തനം അഥവാ രൂപാന്തരം. പാപാവസ്ഥയിൽ കഴിയുന്ന മനുഷ്യൻ അവന്റെ കുറവുകളേയും കുറ്റങ്ങളേയും ക്രിസ്തുവിൽ സമർപ്പിച്ച് പ്രാർത്ഥനയിലും ഉപവാസത്തിലും നോമ്പിന്റെ ദിനങ്ങളിലായിരിക്കുമ്പോൾ നമ്മളിലും രൂപാന്തരമുണ്ടാവുകയും ദൈവമുമ്പാകെ നമ്മൾ ശ്രേഷ്ഠരായി മാറുകയും ചെയ്യും.

2. ക്രിസ്തുവിന്റെ ഓരോ അത്ഭുതങ്ങളും അടയാളങ്ങളും ദൈവനാമമഹത്വത്തിനായിരുന്നു. അവഓരോന്നും ദൈവരാജ്യത്തിലേക്ക് നയിക്കുന്ന അടയാളങ്ങൾ ആയിരിക്കുന്നു. ഒരു ക്രിസ്ത്യാനി എന്ന നിലയിൽ നാം ഓരോരുത്തരും ദൈവത്തിന്റെ അടയാളങ്ങളായി മാറണം. അടയാളങ്ങൾ വിശ്വാസത്തിലേക്ക് നയിക്കുന്നതും ദൈവത്തിലേക്ക് അടുപ്പിക്കുന്നതുമാണ്. നാം ഓരോരുത്തരും മറ്റുള്ളവരെ ദൈവത്തിലേക്ക് അടുപ്പിക്കുന്ന ചൂണ്ടു പലകകളായി മാറണം. നമ്മിലൂടെ അനേകർ ക്രിസ്തുവിലേക്ക് എത്തിച്ചേരണം.

3. കാനാവിലെ കല്യാണദിവസത്തിന്റെ മറ്റൊരു പ്രത്യേകത, അവിടെ ക്രിസ്തുവിന്റെ സാന്നിധ്യം ഉണ്ടായിരുന്നു എന്നത്. ക്രിസ്തുവും അവന്റെ മാതാവും അവിടെ ക്ഷണിക്കപ്പെട്ടപ്പോൾ ആ കുടുംബത്തിന്റെ കുറവുകൾ പരിഹരിക്കപ്പെട്ടു. നമ്മുടെ കുടുംബ ജീവിതങ്ങളിലും ക്രിസ്തു സാന്നിധ്യം ഉണ്ടായിരിക്കണം. യേശുക്രിസ്തു ക്ഷണിക്കപ്പെടുന്ന കുടുംബങ്ങളായി മാറണം. ക്രിസ്തു കേന്ദ്രബിന്ദുമായി മാറി കഴിയുമ്പോൾ നമ്മുടെ കുടുംബത്തിന്റെ കുറവുകൾ പരിഹരിക്കപ്പെടും, കുടുംബം അനുഗ്രഹിക്കപ്പെടുന്നതായി ത്തീരും. സങ്കീർത്തനം 127:1 ൽ പറയുന്നതുപോലെ യഹോവ വിടു പണിയാതിരുന്നാൽ പണിയുന്നവൻ വൃഥാ അദ്ധ്വാനിക്കുന്നു. ക്രിസ്തു കേന്ദ്രീകൃതവും മാതാവിന്റെ മദ്ധ്യസ്ഥതയും പ്രാർത്ഥനയും ഉള്ള കുടുംബങ്ങളായി നമ്മുടെ ഭവനങ്ങൾ മാറട്ടെ എന്ന് ആശംസിക്കുന്നു.

# ഇങ്ങനെയും ജീവിതം

ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്

റാന്നി താലൂക്ക് ആശുപത്രി ഡയാലിസിസ് വാർഡിൽ യാദൃച്ഛികമായി കണ്ടുമുട്ടിയ ചെറുപ്പക്കാരൻ അയിരൂർ സ്വദേശി ശ്രീക്കുട്ടൻ ആയിരുന്നു. അടുത്തു ചെന്ന് കാര്യങ്ങൾ അന്വേഷിച്ചപ്പോൾ അറിയുവാൻ കഴിഞ്ഞത്, സങ്കടം ഉളവാക്കുന്ന കാര്യമായിരുന്നു. 13 വർഷങ്ങൾക്ക് മുമ്പ് ഒരു ബൈക്ക് അപകടത്തിൽ നട്ടെല്ലിനു ക്ഷതമുണ്ടായി. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വലിയൊരു ഓപ്പറേഷൻ ചെയ്തു നടുവിന് കമ്പിയിട്ടു. രണ്ടു മാസക്കാലം വീട്ടിൽ ഒരേ കിടപ്പായിരുന്നു. യൂറിൻ ട്യൂബ് ഇട്ടിരുന്നത് ഇൻഫക്ഷനായിട്ട് യൂറിൻ പോകാതെ വരികയും, അമൃതാ ഹോസ്പിറ്റലിൽ വിദഗ്ധ ചികിത്സ തേടുകയും, അവിടെ നടത്തിയ പരിശോധനയിൽ അറിയുവാൻ കഴിഞ്ഞത് നട്ടെല്ലിന്റെ ഓപ്പറേഷനിൽ യൂറിൻ ബ്ലാഡറിലേക്കുള്ള ഞരമ്പ് ഡാമേജായിട്ട് യൂറിൻ ബ്ലാഡർ ഭാഗികമായി ചുരുങ്ങിപ്പോയി. അതിന് ഒന്നും ചെയ്യുവാൻ പറ്റില്ലായെന്ന്, ഇപ്പോൾ നാഭി കിഴിച്ച് ട്യൂബ് ഇട്ടിരിക്കുകയാണ്. എല്ലാ മാസവും ആ ട്യൂബ് മാറ്റി കൊടുക്കണം. അതിനോടകം രണ്ടു കിഡ്നിയുടെയും പ്രവർത്തനം കുറയുകയും ഇപ്പോൾ പൂർണ്ണമായി തകരാറിലാകുകയും ചെയ്തു. കഴിഞ്ഞ 8 മാസമായി ഡയാലിസിസ് ആരംഭിച്ചു. ആദ്യം കോഴഞ്ചേരി മുത്തൂറ്റ് മെഡിക്കൽ സെന്ററിൽ ആയിരുന്നു. സാമ്പത്തിക ബുദ്ധിമുട്ടു കാരണം ഇവിടെ അപേക്ഷിച്ചിട്ട് കിട്ടി. ആഴ്ചയിൽ 3 ദിവസം നടത്തണം.

വീട്ടിൽ ആരൊക്കെയുണ്ട്? അച്ഛൻ മരിച്ചുപോയി. അമ്മയും, അനുജനും, അനിയത്തിയും ഉണ്ട്. അമ്മ വീട്ടുജോലികൾക്കു പോകുന്നു. അനിയൻ കൂലിപ്പണി ചെയ്യുന്നു. അനിയത്തിയെ വിവാഹം കഴിപ്പിച്ച് അയച്ചു. എല്ലാവരും 10-ാം ക്ലാസുവരെ പഠിച്ചു. പിന്നീട് തുടർപഠനത്തിനുള്ള സാഹചര്യം ഉണ്ടായില്ല. വീട്ടിലെ പ്രാരാബ്ധങ്ങളുടെയും പ്രതിസന്ധികളുടെയും നടുവിൽ പഠിത്തം നിന്നുപോയി. കിഡ്നി മാറ്റിവയ്ക്കണമെന്നാണ് ഡോക്ടേഴ്സ് അഭിപ്രായപ്പെടുന്നത്. ഞങ്ങളുടെ സാമ്പത്തിക അവസ്ഥയിൽ എങ്ങനെ നടക്കുമെന്ന് അറിഞ്ഞുകൂടാ. എല്ലാം ദൈവഹിതംപോലെ പോകട്ടെയെന്നാണ് പ്രാർത്ഥിക്കുന്നത്.

തുറവിയും, കർമ്മനിരതയോടും കൂടിയ ജീവിതമാണ് ക്രിസ്തീയ ജീവിതം. പഞ്ചേന്ദ്രിയങ്ങളുടെ തുറവിയും, കർമ്മ മണ്ഡലത്തിലെ കാര്യക്ഷമതയും കൈവരിക്കുവാൻ സാധിക്കണം. ചുറ്റുവട്ടത്തും, പരിസരത്തും പടർന്നുപിടിച്ചിരിക്കുന്ന ഇരുട്ടിൽ വെളിച്ചത്തിന്റെ ലാവണ്യം വിതറുവാൻ സാധിക്കുംപോലെ പരിശ്രമിക്കുവാനുള്ള ഉൾതെളിച്ചം മനസ്സിൽ ഉണ്ടാകണം. (പ്രഭാഷകൻ 7:32-36) “ദരിദ്രനു കൈതുറന്നു കൊടുക്കുക; ജീവിച്ചിരിക്കുന്നവർക്കും ഉദാരമായി നല്കുക; കരയുന്നവനിൽനിന്നു മുഖം തിരിക്കരുത്; വിലപിക്കുന്നവനോടുകൂടെ വിലപിക്കുക; രോഗിയെ സന്ദർശിക്കുന്നതിൽ വൈമനസ്യം കാണിക്കരുത്; അത്തരം പ്രവൃത്തികൾ നിന്നെ പ്രിയങ്കരനാക്കും. ഓരോ പ്രവൃത്തിയും ചെയ്യുമ്പോൾ ജീവിതത്തെപ്പറ്റി ഓർക്കണം; എന്നാൽ നീ പാപം ചെയ്യുകയില്ല.” പാപപങ്കിലമായ പരിസരങ്ങളിൽ പ്രവർത്തിയും, പെരുമാറ്റവും, പ്രയത്നവും, പരിശ്രമവും പാപവിമുക്തമായിരിക്കണം. അങ്ങനെ ജീവിതം അനുഗ്രഹപൂർണ്ണവും സഭയ്ക്കും, സമൂഹത്തിനും, മനുഷ്യർക്കും പ്രിയങ്കരമാകും. ദരിദ്രരോടും, ആവശ്യക്കാരോടും, വിലപിക്കുന്നവരോടും, രോഗികളോടും അനുകമ്പയോടും, ആർദ്രതയോടും ആവശ്യങ്ങൾ അറിഞ്ഞ് ആദരിക്കുവാൻ കഴിയണം. “ഞാൻ നിനക്ക് എന്തു ചെയ്യണമെന്നുള്ള” ക്രിസ്തു മനോഭാവം, അവനെ അനുഗമിക്കുന്ന നമ്മിലൂടെ തുടരുവാനുള്ള നിയോഗം നമുക്ക് നിറവേറ്റുവാൻ കഴിയട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

# പരി. മഞ്ഞനിക്കര ബാവ ഒരു അനുസ്മരണം

ഫാ. ജേക്കബ് ഫിലിപ്പ് നടയിൽ



വിശ്വാസികളായി വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും വിശുദ്ധരോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയും ക്രിസ്തീയസഭയുടെ ആദികാലംമുതലുള്ള നടപടിയും ആചാരവും വിശ്വാസവും ആകുന്നു. ഈ വിശ്വാസം വേദാധിഷ്ഠിതവുമാകുന്നു. ഇത് എബ്രായ ലേഖനത്തിന്റെ 13:7-9 വരെയുള്ള ഭാഗത്തിന്റെ വെളിച്ചത്തിലാകുന്നു.

തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്ക് വിലയേറിയതാകുന്നു (സങ്കീ.116:15). ദൈവവിശ്വാസത്തിൽ ജീവിച്ചിട്ടുള്ളവർ തിരശീലയ്ക്ക് അപ്പുറവും ആത്മീയതയിൽ വളർന്നുകൊണ്ടിക്കുന്നതോടൊപ്പം വാങ്ങിപ്പോയവരുടെ മദ്ധ്യേയുള്ള കൂട്ടായ്മയിലും ആത്മീയത പകർന്നുകൊണ്ടിരിക്കും. അബ്രഹാം കേൾക്കുന്ന ആശിർവാദത്തിന്റെ ശബ്ദം "നീയോ നല്ല വാർദ്ധക്യത്തിൽ സമാധാനത്തോടെ നിന്റെ പിതാക്കന്മാരോടു ചേരുകയും സംസ്ക്കരിക്കപ്പെടുകയും ചെയ്യും. (ഉല്പ.15:15) എന്നത്രേ. യാത്ര ചോദിച്ചുപോകുന്നവർ വെറും കൈയ്യോടെയല്ല പോകുന്നത്. ജീവിത ശൈലിയുടെ നല്ല അനുഭവങ്ങളായ വിശ്വാസം, പ്രത്യാശ, സ്നേഹം ഇവയോട് ബന്ധപ്പെട്ട് ജീവിച്ചതിനാൽ ഹാബേലിന്റെ മരണാനന്തര ജീവിതം "മരിച്ചശേഷവും വിശ്വാസത്തിൽ സംസാരിച്ചുകൊണ്ടിരുന്നു" (എബ്രാ.11:4).

'വീട്' വിട്ടുപിരിയാനുള്ള ഇടം ആകയാൽ സമയം, സ്ഥലം, സൗകര്യങ്ങൾ, പദവികൾ ഇവയെല്ലാം പങ്കുവച്ച് ജീവിക്കുന്നവനാണ് യഥാർത്ഥ സമ്പന്നൻ. എടുത്തതിലേറെ-ലഭിച്ചതിലേറെ കൊടുത്തു ശീലിച്ച ജീവിതം കൂടുതൽ ശോഭയുള്ളതായിരിക്കും.

മഞ്ഞനിക്കരയുടെ മാണിക്യം എന്നു വിശേഷിപ്പിക്കുന്ന, ദൈവസന്നിധിയിൽ ശോഭയോടെ പ്രശോഭിക്കുന്ന ഓമല്ലൂർ ബാവ (പരിശുദ്ധ ഏലിയാസ് തൃതിയൻ ബാവ) 1867 ഒക്ടോബർ 13-ാം തീയതി മർദ്ദീനിൽ (ടർക്കി) ജനിച്ചു. ഷാക്കിർ കുടുംബത്തിൽ വന്ദ്യ ഏബ്രഹാം കോർ എപ്പിസ്ക്കോപ്പായുടേയും മറിയാമിന്റെയും രണ്ടാമത്തെ മകനായി ജനിച്ച ബാവ, നാസിറി (ജയാളി) എന്ന പേരിലാണ് അറിയപ്പെട്ടത്. പരി. ബാവായ്ക്ക് നാല് സഹോദരൻമാരും മൂന്ന് സഹോദരികളും ഉണ്ടായിരുന്നു. പരി. ബാവായുടെ പ്രാഥമിക വിദ്യാഭ്യാസം മർദ്ദീനിൽ തന്നെയായിരുന്നു. 1887 ൽ (20 വയസ്സുള്ളപ്പോൾ) പരി. പത്രോസ് തൃതിയൻ പാത്രിയർക്കീസ് ബാവായിൽ നിന്ന് ശെമ്മാശപട്ടം സ്വീകരിച്ചു. പിന്നീട് ഏലിയാസ് എന്ന പേരിൽ അറിയപ്പെട്ടു. 1888/89 ൽ ഏലിയാസ് ശെമ്മാശനെ ശർബോയൊ റമ്പാനാക്കി. പിന്നീട് കുർക്കുമ ദയറായിൽ താമസിച്ച് പഠനം പൂർത്തിയാക്കി. 1892 ൽ പരിശുദ്ധ പത്രോസ് തൃതിയൻ ബാവായിൽ നിന്ന് കശ്ശീശാ പട്ടം സ്വീകരിച്ചു. തുർക്കി ഗവൺമെന്റ് അർമ്മേനിയൻ ക്രിസ്ത്യാനികളെ പീഡിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ഏഴായിരത്തിലധികം അർമ്മേനിയൻ ക്രിസ്ത്യാനികൾക്ക് അഭയം നൽകിയത് ഏലിയാസ് കശ്ശീശായായിരുന്നു.

41 വയസ്സുള്ളപ്പോൾ (1908) പരി. അബ്ദേദ് ആലോഹോ രണ്ടാമൻ പാത്രിയർക്കീസ് ബാവ മർദ്ദീനിൽ വച്ച് ഏലിയാസ് കശ്ശീശായെ ഈവാനിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. മാർ ഈവാനിയോസ് ഏലിയാസ് ബാവ ഡയർബക്കർ ഭദ്രാസനത്തിന്റെ ചുമതലകൾ (1908-1911) നിർവ്വഹിച്ചു.

1915 നവംബർ 26-ാം തീയതി അബ്ദുള്ള ദ്വിതിയൻ പാത്രിയർക്കീസ് ബാവ കാലം ചെയ്തതിനെ തുടർന്ന് മോർ ഈവാനിയോസ് ഏലിയാസ് മെത്രാപ്പോലീത്താ കൈമാഖാമായി (താൽക്കാലിക ഭരണ കർത്താവായി) തിരഞ്ഞെടുക്കപ്പെട്ടു. ഒരു വർഷത്തോളം കൈമാഖാം എന്ന ചുമതല നിർവ്വഹിച്ചു. 1917 കുംഭം 12-ാം തീയതി പാത്രിയർക്കീസായി തിരഞ്ഞെടുക്കപ്പെട്ടു.

മലങ്കര സഭയിലെ കക്ഷിവഴക്കിനു പരിഹാരം കാണുന്നതിനായി ഇൻഡ്യയിലേക്ക് എഴുന്നള്ളി. ഹൃദ്രോഗബാധിതനായിരുന്ന പരി. ബാവ യാത്രചെയ്യുന്നത് അഭിലഷണീയമല്ലെന്നു ഡോക്ടർമാർ ഉപദേശിച്ചിട്ടും "നാം മലങ്കരയിലെ നമ്മുടെ മക്കൾക്ക് വേണ്ടി നമ്മുടെ ജീവനെ ബലികഴിക്കുന്നു" എന്ന മറുപടി ശ്രദ്ധേയമാണ്.

1931 ഫെബ്രുവരി 6-ാം തീയതി മുസലിൽനിന്ന് ഒരു സംഘമായി യാത്ര തിരിച്ചു.

ഇൻഡ്യയിലെത്തിയ പരി.ബാവായും സംഘവും നിരവധി പള്ളികൾ സന്ദർശിച്ചു.

1932 ഫെബ്രുവരി 11-ാം തീയതി മഞ്ഞനിക്കര മാർ സ്തേഫാനോസ് പള്ളിയിലെ ക്ഷണപ്രകാരം എത്തിച്ചേർന്നു. സമാധാനശ്രമങ്ങൾ ഫലപ്രാപ്തിയിലെത്താത്തതിലുള്ള മനഃക്ലേശത്താലും ദീർഘയാത്രയാലും പരിശുദ്ധ ബാവ ക്ഷീണിതനായി.

ഫെബ്രുവരി 13-ാം തീയതി ശനിയാഴ്ച ബാവ കല്പിച്ച പ്രകാരം മോർ ക്ലീമ്മീസ് യൂഹാനോൻ അബ്ബാച്ചി, വി. കുർബ്ബാന അർപ്പിച്ചു. പരി. ബാവ വി. കുർബ്ബാന മദ്ധ്യേ പ്രസംഗിച്ചു. മദ്ധ്യാഹ്നപ്രാർത്ഥനയ്ക്ക് ശേഷം ഭക്ഷണം കഴിച്ചു. ഉച്ചകഴിഞ്ഞ് സമയം രണ്ടര, പരിശുദ്ധനായ പിതാവ് തന്റെ അരുമനാഥന്റെ സന്നിധിയിലേക്ക് യാത്രയായി. മഞ്ഞനിക്കര കുന്നിന്റെ അസ്തമിക്കാത്ത സൂര്യനായി, വലിയ മദ്ധ്യസ്ഥനായി പുണ്യപിതാവ് ജനസഹസ്രങ്ങളുടെ ഹൃദയത്തിൽ ഇന്നും ജീവിക്കുന്നു.

പരി. ഇഗ്നാത്തിയോസ് സഖാ ഒന്നാമൻ ബാവായുടെ E265/87 കല്പനപ്രകാരം മഞ്ഞനിക്കര ബാവായുടെ പേര് തുബ്ദേനിൽ ചേർക്കപ്പെട്ടു. ●

# ഉല്പത്തിയെക്കുറിച്ച് ഞാൻ മനസ്സിലാക്കിയത്

സണ്ണി ജേക്കബ്, കാട്ടുവേലിൽ

**“ലോകവും അവസാനിക്കും വാനവും ഇല്ലാതാം**
**ദൈവവാക്കു പ്രമാണിക്കും ഭക്തനോ നിത്യമാം**
**വാട്ടം മാലിന്യം നാശം ഇല്ലാത്തോരവകാശം**
**കേൾക്കുക നാം കാക്കുക നാം ജീവന്റെ വാക്യങ്ങൾ”**

## ഉല്പത്തി 1:1 ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്നു പറയുമ്പോൾ; ലോകത്തിന്റെ ചരിത്രം ദൈവീക അനന്ത ബോധത്തിൽ നിന്ന് വേർപെട്ടതല്ല അത് അതിന്റെ ഒരു ഭാഗമാണ് എന്നാണ്. അനന്തത എന്നാൽ ഇല്ലാത്ത എന്തെങ്കിലും എന്നല്ല, അത് അക്ഷയമായ വർത്തമാനമാണ്. വേദപുസ്തകം പഠിപ്പിക്കുന്നത്, മനുഷ്യൻ അറിയുന്ന പ്രപഞ്ചത്തിന് മുമ്പേ ഉള്ളതും, തുടക്കം ഇല്ലാത്തതും, അവസാനം ഇല്ലാത്തതുമായ ഒരു ദൈവം ഉണ്ട്. ആ ദൈവത്തെ പരിചയപ്പെടുത്തി കൊണ്ടാണ് സൃഷ്ടിയെപ്പറ്റി പറയുന്നത്. ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തിനും, പ്രപഞ്ചത്തിലുള്ള സകലത്തിനും നാല് മാനങ്ങൾ, (Dimensions) നീളം, വീതി, ഉയരം എന്നീ മൂന്ന് സ്ഥലമാനങ്ങളും സമയം എന്ന നാലാമത്തെ മാനവുമുണ്ട്. ഒരു വസ്തുവിനെ കണ്ടെത്താൻ, സ്ഥലത്തിന് മൂന്ന് നിർദ്ദേശാങ്കങ്ങളും (three pointers to find an object) സമയത്തിന് ഒരു നിർദ്ദേശാങ്കവും (A refrerence point for time) ആവശ്യമാണ്. ഇവ ഒരുമിച്ച് സ്ഥലകാലം എന്നറിയപ്പെടുന്നു. പ്രപഞ്ചത്തിന് വെളിച്ചം നൽകാൻ സൂര്യനെയും ചന്ദ്രനെയും സൃഷ്ടിച്ചു എന്ന് പറയുമ്പോൾ പ്രപഞ്ചത്തിന് നിറം ലഭിച്ചു. വസ്തുവുമായി സൃഷ്ടിക്കപ്പെട്ട സകലതിനും പ്രപഞ്ചത്തിൽ സകല സസ്യ ജീവജാലങ്ങൾക്കും രൂപവും, ഭാവവും, നിറവും, ജാതി, വർഗ്ഗ ഭേദവും ലഭിച്ചു. വസ്തുവായി സൃഷ്ടിക്കപ്പെട്ട സകലത്തിനും പ്രപഞ്ചത്തിൽ നിലനിൽപ്പിന് സമയപരിധി നൽകി.

സൃഷ്ടികർത്താവായ ദൈവത്തിന് പൂർണ്ണ ആത്മാവ് ആയിരിക്കെ നിറ, രൂപ, ഭേദ, ഭാവവും, വർഗ്ഗ, ജാതി, വ്യത്യാസവും ആദിയും അന്തവും ഇല്ല. പ്രപഞ്ച സൃഷ്ടിക്ക് മുൻപേ ഉള്ളവനും പ്രപഞ്ച നാശത്തിന് ശേഷവും നിലനിൽക്കുന്നവനും ആകുന്നു. “**ഞാൻ ആകുന്നവൻ ഞാനാകുന്നു**” സൃഷ്ടിക്കപ്പെട്ട സകല വസ്തുവിനും പരിമിതി ഉള്ളതായിരിക്കും. ദൈവം സൃഷ്ടിച്ചതിൽ, ദ്രവ്യമായ ശരീരത്തിന് ശൈശവം, ബാല്യം, യൗവനം, എന്നീ ഘട്ടങ്ങളിൽ വളർച്ചയും വാർദ്ധക്യത്തിൽ തളർച്ചയും പിന്നീട് നാശവും എന്ന പരിമിതി ഉണ്ട്. എന്നാൽ മനുഷ്യാത്മാവ് ദൈവീക അനന്ത ബോധത്തിൽ നിന്നുള്ള ഒരു ചെറിയ അംശം ആണ്. അതുകൊണ്ടുതന്നെ മനുഷ്യൻ ഈ സൃഷ്ടിക്കപ്പെട്ട പ്രപഞ്ചത്തിൽ വലിയ നായകസ്ഥാനം വഹിക്കുന്നു. മനുഷ്യ ആത്മാവ് ഭൗതിക ലോകത്തിന്റെ സൃഷ്ടി മാത്രമല്ല അത് അദൃശ്യനായ ദൈവത്തിന്റെ ഒരു അടയാളമാണ്. മാത്രവുമല്ല ദൈവീക അനന്തതയുടെ സ്വഭാവവും ആണ്. അതായത് മനുഷ്യ ശരീരത്തിനു ജനനവും, മരണവും ഉണ്ട്, ആത്മാവിന് ജനനവും, മരണവും ഇല്ല.

രക്ഷ എന്നത് ലോകത്തിൽ നിന്നുള്ള ഒരു മോചനം അല്ല. മറിച്ച് അജ്ഞതയിൽ നിന്ന് യാഥാർത്ഥ്യത്തിന്റെ സാക്ഷാത്കാരത്തിലേക്കുള്ള മോചനമാണ്. അത് ദ്രവ്യത്തിൽനിന്ന് (ശരീരത്തിൽനിന്ന്) ആത്മാവിനെ വേർപെടുത്തുകയും ഉറവിടമായ അനന്തമായ ദൈവവുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു. അപ്പോൾ മനുഷ്യ ആത്മാവ് ആ അനന്തതയിൽനിന്ന് ഒരിക്കലും വേർപെട്ടിട്ടില്ലെന്ന് മനസ്സിലാക്കുന്നു. പിന്നെയോ മനുഷ്യ മനസ്സിന് മറഞ്ഞിരിക്കുക മാത്രം ആയിരുന്നു. അല്ലെങ്കിൽ അജ്ഞതയിൽ ആയിരുന്നു എന്ന് തിരിച്ചറിയുന്നു. ആത്മാവിനെക്കുറിച്ചുള്ള ഈ സത്യം യേശു കർത്താവ് തന്റെ സുവിശേഷത്തിൽകൂടി നമ്മെ പഠിപ്പിച്ചു തരികയാണ്. മണ്ണിനാൽ സൃഷ്ടിക്കപ്പെട്ട ആദാമിന്റെ ശരീരത്തോട് ദൈവീക അനന്തതയുടെ ആത്മീയ അംശം എങ്ങനെ യോജിപ്പിച്ചു എന്ന് (ശ്വാസം നൽകി) ഉല്പത്തിയിൽ പറയുമ്പോൾ; യേശു കർത്താവ് കുരിശിൽ കിടന്ന് പിതാവേ എന്റെ ആത്മാവിനെ നിങ്കലേക്ക് ഭരമേൽപ്പിക്കുന്നു എന്ന് പറയുന്നു. അതായത് കുരിശു മരണത്തിൽകൂടി ശരീരത്തിൽനിന്നും വേർപെടുന്ന ആത്മാവ് പിതാവായ ദൈവത്തോട് ചേരുന്നു. നീ എന്നോടൊപ്പം പറുദീസായിൽ ഇരിക്കും (കള്ളനു കൊടുക്കുന്ന വരം) എന്നത് ഏതൊരു മനുഷ്യ ആത്മാവിനും ഉണ്ടാകുവാൻ സാധിക്കുന്നതത്രെ എന്ന് അർത്ഥം. ഈ അനുഭവം ഓരോ മനുഷ്യ സൃഷ്ടിക്കും ഉണ്ട് എന്ന് യേശുകർത്താവ് പഠിപ്പിക്കുന്നു. ഇപ്പോൾ ശരീര മനസ്സുകളോട് ചേർന്നുള്ള ആത്മാവിന്റെ വാസം; തന്നിലെ അനന്തമായ ആത്മാവിനെ തിരിച്ചറിയുക, ആത്മാവിന്റെ രക്ഷയ്ക്കായി മനസ്സിന്റെ ചിന്തയിലും പ്രവൃത്തിയിലും, ദൈവീക സ്വഭാവമായ സ്നേഹം, കാരുണ്യം, അനുകമ്പ, സഹതാപം. സഹാനുഭൂതി എന്നീ സ്വഭാവ വിശേഷങ്ങൾ ഉണ്ടാക്കുക എന്നതാണ്. ഭൗതിക അതിമോഹത്തിൽ നിന്നും മനസ്സിനെ നിയന്ത്രിക്കുക, തന്നിലെ ആത്മാവിന്റെ ഉറവിടമായ ദൈവീക ആത്മീയ പൂർണ്ണതയെ തിരിച്ചറിയുക. ഈ ലോകത്തിൽനിന്നും വാങ്ങിപ്പോയി തിരികെ തന്റെ ആത്മാവിന്റെ ഉറവിടമായ നിത്യതയിൽ തിരികെ ചേരുന്നതിനു തടസ്സമായത്, പാപത്തിന്റെ അംശം തന്നിൽ നിന്ന് മാനസാന്തരത്തിൽകൂടി നീക്കി ശുദ്ധി പ്രാപിക്കുവാൻ നമുക്ക് ഓരോരുത്തർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

പ്രാർത്ഥനയാൽ എപ്പോഴും ഞാൻ
ജാഗരിച്ചു പോരാടുവാൻ
നിന്റെ സഹായം നൽകുക
എന്റെ മഹാപുരോഹിതാ;

# വാതിലുകളുടെ വാതിൽ

**ഫാ. ഡാർലി എടപ്പങ്ങാട്ടിൽ, മുളന്തുരുത്തി**

എവിടേയ്ക്കുമുള്ള പ്രവേശന കവാടത്തിൽ ഒരു വാതിലുണ്ടാവുക സാധാരണമാണ്. പുതുവർഷം ഒരു പുതിയ ഇടമാണ്. പുതുവർഷത്തിലേക്ക് പ്രവേശിക്കുന്ന വാതിലാണ് പുതുവത്സരപ്പിറവി.

അലഞ്ഞുനടന്നു ജീവിച്ചിരുന്ന മനുഷ്യർ വീടുകൾ വച്ച് സ്ഥിരതാമസം തുടങ്ങിയ നാൾ മുതൽ വാതിലുകൾ മനുഷ്യജീവിതത്തിന്റെ സംസ്ക്കാരഭാഗമായി. വിശുദ്ധ ബൈബിളിൽ 260 പ്രാവശ്യം 'വാതിൽ' എന്ന വാക്ക് ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. 'പെതാഹ്' എന്ന ഹീബ്രു വാക്കും ധൂറ എന്ന ഗ്രീക്കു വാക്കുമാണ് 'വാതിലിനായി' വിശുദ്ധ ബൈബിൾ ഉപയോഗിക്കുന്നത്. ക്രിസ്തീയതയെ സംബന്ധിച്ച് വാതിലെന്ന വാക്കിന് ഒത്തിരി പ്രാധാന്യമുണ്ട്. യേശുവിന്റെ ചുറ്റും ഒരു സമൂഹം ആദ്യമായി രൂപപ്പെടുന്നതിനെപ്പറ്റി മർക്കോസ് ഇങ്ങനെയാണ് വിവരിച്ചിരിക്കുന്നത്. 'നഗരവാസികളെല്ലാം വാതിൽക്കൽ സമ്മേളിച്ചു' (മർ. 1:33) വിശ്വാസികളുടെ, അല്ലെങ്കിൽ യേശുവിനെ അടുത്തറിയാൻ ആഗ്രഹിച്ചവരുടെ ആദ്യത്തെ സമ്മേളനമാണത്. വാതിലിനരികെ ആയിരിക്കുക എന്നുവച്ചാൽ പുതിയ ഒരിടത്തേക്ക് കാലെടുത്തുവച്ചു പ്രവേശിക്കാനുള്ള സാധ്യതയിൽ ആയിരിക്കുക എന്നർത്ഥം. ക്രിസ്തുവിന്റെ രാജ്യത്തിലേക്ക് പ്രവേശിക്കാൻ ഒരുവൻ ഒരു വാതിലിലൂടെ കടന്നേ മതിയാകൂ എന്നർത്ഥം.

ആയതിനാൽ വാതിലിന് പലതരം അർത്ഥമാനങ്ങളുണ്ട്. അത് ചില നേരങ്ങളിൽ മുന്നറിയിപ്പാണ്. ചില നേരങ്ങളിൽ അപകടമാണ്. അങ്ങനെ പല തരത്തിൽ പ്രതീകാത്മകമായി ബൈബിൾ വാതിലിനെ ഉപയോഗിക്കുന്നുണ്ട്. വാതിലിന്റെ ബൈബിളിലെ ആദ്യത്തെ പ്രയോഗം ഒരു അപകടത്തെക്കുറിച്ചുള്ള മുന്നറിയിപ്പാണ്. 'പാപം വാതിൽക്കൽ പതിയിരിക്കുന്നെന്ന് നീ ഓർക്കുക' 2026-ൽ ഈ ഓർമ്മ നിത്യേന മനുഷ്യമനസിൽ രൂപപ്പെടട്ടെ. ചില നേരങ്ങളിൽ അത് ദൈവ സാന്നിദ്ധ്യത്തിന്റെ തുടക്കമാകാം. 'വെയിൽ മൂത്ത സമയത്ത് അബ്രാഹാം തന്റെ കൂടാരത്തിന്റെ വാതിൽക്കൽ ഇരിക്കുകയായിരുന്നു. മാമ്രേയുടെ ഓക്കുമരത്തോപ്പിനു സമീപം കർത്താവ് അബ്രാഹാമിനു പ്രത്യക്ഷനായി'. ചില നേരങ്ങളിൽ അത് പാപത്തിനെതിരെയുള്ള പോരാട്ടത്തെ സൂചിപ്പിക്കുന്നു. അവർ കിടക്കും മുമ്പേ സോദോം നഗരത്തിന്റെ എല്ലാ ഭാഗത്തു നിന്നും യുവാക്കൾ മുതൽ വൃദ്ധന്മാർ വരെയുള്ള എല്ലാവരും വന്നു വീടു വളഞ്ഞു. ലോത്ത് പുറത്തിറങ്ങി വീടിന്റെ കതകടച്ചു." ചിലപ്പോൾ അത് രക്ഷയും ശിക്ഷയും നിർണ്ണയിക്കുന്ന ഇടമാകും. 'അതിന്റെ രക്തത്തിൽ നിന്ന് കുറച്ചെടുത്ത് ആടിനെ ഭക്ഷിക്കാൻ കൂടിയിരിക്കുന്ന വീടിന്റെ കട്ടിളക്കാലുകളിലും മേൽപ്പടിയിലും പുരട്ടണം. ഞാൻ ഈജിപ്തിനെ പ്രഹരിക്കുമ്പോൾ ആ ശിക്ഷ നിങ്ങളെ ബാധിക്കുകയില്ല." ചിലപ്പോൾ അത് ചില നിയന്ത്രണങ്ങളാകാം. "നിങ്ങളിൽ ആരും പ്രഭാതം വരെ തന്റെ വീടിന്റെ വാതിൽ കടന്ന് പുറത്തു പോകരുത്". വാതിൽ, സഹോദരനോടുള്ള കടമയുടെ നിർവ്വഹണത്തിന്റെ തുടക്കയിടമാണ്.

മെത്രാപ്പോലീത്തായുടെ അരമനയിൽ നിന്ന് മോഷ്ടിച്ച തിരിക്കാലുകളും വെള്ളിപ്പാത്രങ്ങളുമായി ഇൻസ്പെക്ടർ ഷവർട് ജീൻവാൽ ജീനെ അറസ്റ്റ് ചെയ്ത് മെത്രാന്റെ മുൻപിൽ ഹാജരാക്കുകയാണ്. ജീൻവാൽ ജീനെ രക്ഷിക്കാനായി മെത്രാൻ ഒരു നുണ പറഞ്ഞു. "ഞാനത് അവന് ഒരു ഉപഹാരമായി നൽകിയതാണ്." അവന്റെ പൂർവ്വ ചരിത്രം അറിയാത്തതുകൊണ്ടാണ് മെത്രാൻ അങ്ങനെ പറയുന്നതെന്ന് കരുതി ഇൻസ്പെക്ടർ ചോദിക്കുന്നു "ഇവൻ ആരാണെന്ന് അങ്ങേയ്ക്ക് അറിയാമോ?" മെത്രാൻ മറുപടി പറഞ്ഞു, "അവനെന്റെ സഹോദരനാണ്."

ലക്ഷക്കണക്കിന് വായനക്കാരുടെ ഹൃദയങ്ങളിൽ തുളച്ചുകയറിയ വാക്കായിരുന്നു 'പാവങ്ങൾ' എന്ന നോവലിലെ ഈ വാക്യങ്ങൾ.

'അവൻ എന്റെ സഹോദരനാണ്'

പുതുവർഷപ്പുലരി ഒരു വാതിലാണ്. വിദ്യാലയത്തിലേക്ക് ഒരു പഠിതാവ് ആദ്യമായി പ്രവേശിക്കുന്നതുപോലെ, ജോലിസ്ഥലത്തേക്ക് ഒരുവൻ ആദ്യമായി പ്രവേശിക്കുന്നതുപോലെ, നവവധു വരന്റെ ഗൃഹത്തിലേക്ക് ആദ്യമായി പ്രവേശിക്കുന്നതുപോലെ പലതരം പ്രത്യാശകളോടെയാണ് നാം പുതുവർഷവാതിലിലൂടെ 2026 എന്ന വർഷത്തിലേക്ക് കടക്കുന്നത്. ശരിയായ ചുവടുവയ്പിലൂടെ പുതുവർഷത്തിലേക്ക് പ്രവേശിക്കാൻ വാതിലുകളുടെ വാതിലായ ക്രിസ്തു നമ്മളെ സഹായിക്കട്ടെ. ●

## Nazareth Asramam, Othera

**01/11/2025 - 12/12/2025**

**Donation**

| | |
|---|---|
| 1. Well Wisher | Rs. 3000 |
| 2. Achamma Abraham, Kaliyikal Thiruvanvandoor | 5000 |
| 3. Avinash Varghese Palipara, Othera | 6500 |
| 4. Sarah Jacob | 6000 |
| 5. K.A. Abraham Kannangara Vadakel Angadi, Ranni | 6000 |

**T. K Kurian,Thekkattil**
Secretary
Mob : 9544695097

**To make your contributions :**
**Account Details**
M/s Nazareth Asramam Othera
A/c No: 17290100018264
Bank : Federal Bank Ltd.
Branch : Othera
IFSC : FDRL0001729
MICR Code : 689049203




# വിരുന്നുകാർ

പണ്ട് ഒരു കലമാനിന് അസുഖം പിടിപെട്ടു. മറ്റുള്ളവരെ ആശ്രയിക്കുന്ന സ്വഭാവക്കാരനായിരുന്നില്ല കലമാൻ. അതിനാൽ സമൃദ്ധമായി ഇളംപുല്ലുള്ള ഒരു സ്ഥലം തേടിപ്പിടിച്ചശേഷമേ അവൻ കിടപ്പിലായുള്ളു. ഭക്ഷണത്തിന് അധികദൂരം പോകേണ്ടല്ലോ.

എല്ലാവർക്കും നല്ല ഒരയൽക്കാരനും സാമൂഹിക പ്രവർത്തകനുമായിരുന്നു കലമാൻ. അതിനാൽ നേതാവിന്റെ ആരോഗ്യസ്ഥിതി അറിയാൻ കാടിന്റെ പല ഭാഗങ്ങളിൽനിന്നും മൃഗങ്ങൾ അവിടെ എത്തിക്കൊണ്ടിരുന്നു.

സുഖവിവരം അറിയാൻ വരുന്നവരെ വെറും വയറോടെ അയയ്ക്കുന്നത് മര്യാദയല്ലല്ലോ. അതിനാൽ വിരുന്നുകാർക്കൊക്കെ അല്പാൽപ്പം ഇളംപുല്ല് നൽകാൻ അവൻ മടിച്ചില്ല.

അങ്ങനെ വിരുന്നുകാർ തിന്നുതിന്നു ഇളംപുല്ല് മുഴുവൻ തീർന്നു. കലമാനിന്റെ രോഗം പൂർണ്ണമായി ഭേദപ്പെട്ടിരുന്നില്ല. അവശനിലയിലാണെങ്കിലും അതിനു ഭക്ഷണം തേടി അലയേണ്ടതായിവന്നു.

വിരുന്നുകാരില്ല. ബന്ധുക്കളോ സുഹൃത്തുക്കളോ ഇല്ല. സമീപസ്ഥലത്തെങ്ങും വിശപ്പടക്കാനുള്ള പുല്ലും ഇല്ല. അങ്ങനെ ആ കലമാൻ പട്ടിണികിടന്നു മരിച്ചു.

***അവനവന്റെ കാര്യം മറന്ന്***
***സല്ക്കാരത്തിന് തുനിയരുത്.***

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**യോനാ**

1. യോനാ പ്രവചനത്തിൽ എത്ര അദ്ധ്യായങ്ങൾ അടങ്ങിയിരിക്കുന്നു?
2. യോനാ മത്സ്യത്തിന്റെ വയറ്റിൽ കിടന്നത് എത്ര നാൾ?
3. യഹോവ യോനായോട് സൂചിപ്പിച്ച മഹാനഗരം ഏതായിരുന്നു?
4. യഹോവയുടെ സന്നിധിയിൽ നിന്നു ഓടിപ്പോയ പ്രവാചകൻ ആരായിരുന്നു?
5. യഹോവയുടെ സന്നിധിയിൽ നിന്നും ഓടിപ്പോകുവാൻ യോനാ തെരഞ്ഞെടുത്ത പട്ടണം ഏതായിരുന്നു?
6. യോനാ തർശീശിലേക്ക് പുറപ്പെട്ടു പോകുവാൻ എത്തിച്ചേർന്ന സ്ഥലം ഏതായിരുന്നു?
7. ആഴിയിൽ യോനായ്ക്ക് തലപ്പാവായിരുന്നത് എന്തായിരുന്നു?
8. യോനാ പുസ്തകത്തിന്റെ പ്രധാന സന്ദേശം എന്താണ്?
9. ദൈവം യോനായ്ക്ക് തണലായി നൽകിയ ആവണക്ക് ഉണക്കാൻ ദൈവം എന്ത് ജീവിയെ ആണ് കല്പിച്ചാക്കിയത്
10. യോനാ ഏതു ജാതിക്കാരനാണ്?

**ഡിസംബർ മാസത്തിലെ ഉത്തരങ്ങൾ**

**ഒബദ്യാവ്**

1. ഒബദ്യാവ്
2. ഏദോമിനെക്കുറിച്ച്
3. ഹൃദയത്തിന്റെ അഹങ്കാരം
4. മുന്തിരിപ്പഴം
5. ഏശാവിന്റെ പർവ്വതം
6. ഏശാവിനെ യാക്കോബ്
7. യെരുശലേമിന്
8. സീയോൻ
9. യാക്കോബ് ഗൃഹം
10. ഗിലെയാദ്

## Bible Quiz (English) For Children

### The Book of Obadiah

1. Obadiah is the prophecy against which nation?
2. Obadiah was a descendant of which biblical figure?
3. Why was Edom condemned by God?
4. What was Edom’s attitude when Jerusalem was destroyed?
5. According to Obadiah, what caused Edom’s downfall?
6. Where did Edom believe they were secure?
7. “The day of the Lord” in Obadiah refers to:_________
8. What will happen to the house of Jacob according to Obadiah?
9. How many chapters are there in the Book of Obadiah?
10. What is the main message of the Book of Obadiah?

**Answers for the month of December**

1. Shepherd and dresser of sycamor trees
2. Tekoa
3. Israel
4. Idolatry and social injustice
5. Let justice rollon like a river
6. Rome
7. Jeroboam
8. King Uzzaiah of Judah and king Jeroboam II of Israel
9. Judgement on Isral for social injustice, idolatry,and disobedience to God’s laws.
10. Locusts and fire

## 50 – ാം വിവാഹവാർഷികം

04 – 01 – 2026



**കെ. ഒ. ജോസ് & അമ്മിണി ജോസ്**

കല്ലൂർതുണ്ടിയിൽ,
പുല്ലരിക്കുന്ന്, കോട്ടയം

ആശംസകളോടെ
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt -O



## 45th Wedding Anniversary

19.01.2026



**Mr. V.J. Skaria**
**&**
**Jainamma Skaria**

Vattathakidiyil

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം നടത്തി

Celebrating a lifetime of love — with warm wishes
from your children and grandchildren


Advt -O






Advt - O

## ഓതറ നസ്രേത്ത് ഫാർമസി കോളേജ് ക്രിസ്തുമസ് ന്യൂഇയർ പ്രോഗ്രാം.



ഓതറ നസ്രേത്ത് ഫാർമസി കോളേജിലെ ക്രിസ്തുമസ് ന്യൂഇയർ പ്രോഗ്രം. ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ ഉദ്ഘാടനം ചെയ്യുന്നു. പ്രിൻസിപ്പാൾ ഡോ. എൽസി ഏബ്രഹാം, പി.കെ. കുര്യൻ പാട്ടമ്പലത്ത്, ജേക്കബ് ലുക്കോസ് കോയിപ്പുറത്ത്, ഫാ. വി. എ. ഏബ്രഹാം ഇളയശ്ശേരി, മെർലിൻ റ്റി. മാത്യു, പി. എ. ഏബ്രഹാം കുഴിക്കണ്ടത്തിൽ, റ്റി. സി. തോമസ് തോപ്പിൽ, ബൈജുമോൻ ചാക്കോ പുലയക്കുന്നിൽ എന്നിവർ സമീപം.

## ഓതറ നസ്രേത്ത് ആശ്രമം കരോൾ നൈറ്റ് 2025



ഓതറ നസ്രേത്ത് ആശ്രമത്തിലെ ബാലഭവനിലെ കുട്ടികളേയും നസ്രത്ത് ഹോസ്റ്റലിലെ വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള കരോൾ സർവീസ് നസ്രേത്ത് ആശ്രമം ഓഡിറ്റോറിയത്തിൽ നടത്തി.


## 6 – ാം ചരമവാർഷികം

30 – 01 – 2026



**P.T. Zachariah**

(Kunjumon)

(Rtd.Panchayat Superintendent)

Panavelil, Ranny

Advt - O

*പ്രാർത്ഥനയോടെ...* Fr. Jithin Zacharia and Family



## 1 – ാം ചരമവാർഷികം

31 – 01 – 2026



Advt - O

**കെ. സി. തോമസ് (സണ്ണി)**

**വല്യത്തിൽ, ചിങ്ങവനം**

*Though our eyes can't see you, our soul feels you. Your love still guides us everyday, eventhough you are gone.*

Miss you pappa

Your beloved Molly, Jobin and Jeena, Neethu and Rohin, Jibin and Roshni Grandkids Ayaan, Juwana and Johaan



## 40th Day of Demise

29-01-2026



Advt -S

**K.K. Abraham (Avarachan) (85)**

**Kalluparambil, Ranni**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 13-ാം ചരമവാർഷികം
02-01-2026

## 1-ാം ചരമവാർഷികം
16-01-2026



**T.P. Mathew** **Leelamma Mathew**

**Thamarapallil, Paruthicadu, Neelamperoor**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

## 2-ാം ചരമവാർഷികം
28-1-2026



**Mathew Jacob (Jakku)**

**തറയിൽ മുളക്കാംഞ്ചിറ, എറണാകുളം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## 3-ാം ചരമവാർഷികം
07-02-2026



**സി. കെ. തോമസ്**


(Rtd. Asst. Engineer, KSEB)

**ചേലച്ചിറ മങ്ങാട്ട്, കുറിച്ചി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - G



40 – ാം ചരമദിനം
25 – 01 – 2026

**P.O. ABRAHAM (AVARACHEN) (94)**
Pandipurathu (Paranikal)
Thiruvananthapuram

Advt - O

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*



5th Death Anniversary
22 – 01 – 2026

**C. MARKOSE**
**(കുഞ്ഞായി)**
Carackattu House,
Manipuzha, Kottayam

Advt -O

"ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു.
ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു"

By Sorrowing Family

13 – ാം ചരമവാർഷികം
26 – 01 – 2026

19 – ാം ചരമവാർഷികം
20 – 06 – 2026





അമ്മിണി ജോസഫ്

കെ. സി. ജോസഫ് (പാപ്പച്ചൻ)

കോയിക്കൽ പുതുവേലിൽ,
അങ്ങാടി, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

4 – ാം ചരമവാർഷികം
16 – 01 – 2026



N. A. സ്കറിയ (കറിയാച്ചൻ)

നെച്ചുമണ്ണിൽ, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

സ്നേഹസ്മരണയ്ക്ക്
6 – ാം ചരമവാർഷികം
26 – 1 – 2026



യു.കെ. മാത്യു

കുന്നുംപുറത്ത്, വാകത്താനം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

30 – ാം ചരമവാർഷികം
23 – 01 – 2026



സാബു ഏബ്രഹാം

വാളൻപറമ്പിൽ, മഴുക്കീർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 17th Death Anniversary

**24-01-2026**



Advt -S

# C. K. Kuriakose (Kunjumon)


**Cheriyamoozhiyil, Angadi, Ranny**

Daddy we miss you and love you. But we know you are safe in the hands of Lord. You are always in our hearts.

Inserted by-Thankamma, Cinu, Anu, Binu, Julie, Aadhira, Aaron, Aaryan.

## 3rd Death Anniversary

**19-01-2026**



Advt - S

# T. I. Jacob (Kunjubaby)

**Thottupurathu, Kuttoor**

Love You Always Daddy

*Sorrowing Family*



## 43 –ാം ചരമവാർഷികം

**29- 01- 2026**

# പി. ഒ. ഏബ്രഹാം

**പള്ളിയമ്പിൽ**

ഫൗണ്ടർ : പോബ്സ് ഗ്രൂപ്പ്

ഓതറ, തിരുവല്ല


Advt -S

## 26th Death Anniversary
01-02-2026



**Elayachiyamma Chacko**
20-10-1907 - 01-02-2000

## 8th Death Anniversary
09-02-2026



**V.C. Abraham (Aniyan)**
03-09-1931 - 09-02-2018

## 5th Death Anniversary
08-02-2026



**Ammal Thomas**
03-12-1937 - 08-02-2021

Advt -S

*"Those who are righteous will be long remembered" (Psalms 112.6)*

**Valanjanthuruthil Family**

## 4th Death Anniversary
23-01-2026



# E. T. MATHEW

**(Rtd. Supt. of Police)**

**Edavazhikkal , Ernakulam**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*Sorrowing Family*

Advt - G

## 5 -ാം ചരമവാർഷികം
17-01-2026



# ജസ്സി സക്കറിയ

**മുക്കാട്ട്, കുറിച്ചി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സണ്ണി, മിഥുൻ, മരിയ, സനൽ, അലീന *സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

19th Death Anniversary
10–12–2025



Kunjachen

4th Death Anniversary
26–08–2026



Aleykkuty Kunjachen

9th Birthday in Heaven
29–1–2026



Joji P. Abraham

Advt - R

Pulanchanaril, Channanikadu

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

Sorrowing Family members

8th Death Anniversary
17 - 01 - 2026



Thankamma Kuruvilla

Kodinjoor Enclave
Kaviyoor, Thiruvalla

By Sorrowing Family

Advt -O

3 –ാം ചരമവാർഷികം
25–01–2026



ജെയ്സമ്മ തോമസ്

മടുക്കുംമൂട്ടിൽ, പൂവൻതുരുത്ത്

ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു.
ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു.
(2 തിമോ. 4:7)

സന്തപ്ത കുടുംബാംഗങ്ങൾ

Advt -G

10 – ാം ചരമവാർഷികം

29 – 12 – 2025



കെ. യു. തോമസ് (കുളങ്ങര സാർ)

കുളങ്ങര, ചിങ്ങവനം

Conso Group, Chingavanam

Advt -O

## 11 – ാം ചരമ വാർഷികം

30 – 01 – 2026



### M. M. മർക്കോസ്

മാമലതാഴത്ത്, രാമമംഗലം

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -G

## 2 – ാം ചരമവാർഷികം

05-02-2026



### Kuruvilla P.K. (ബോസ്)

പരപ്പൂത്ര (H), പുത്തനങ്ങാടി, കോട്ടയം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 1 – ാം ചരമവാർഷികം

18 – 01 – 2026



### പെണ്ണമ്മ മാത്യു (80)

പൂന്നൂച്ചേരിയിൽ, പാക്കിൽ

നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## 40 – ാം ചരമദിനം

13 – 01 – 2026



### അച്ചാമ്മ പുന്നൂസ്

പഴയകളത്തിലായ കടുങ്ങാത്ത്, കുറിച്ചി

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൾ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

4 – ാം ചരമവാർഷികം
30 – 05 – 2026

1 – ാം ചരമവാർഷികം
29 – 01 – 2026





കെ. സി. ചെറിയാൻ

കുഞ്ഞൂഞ്ഞമ്മ ചെറിയാൻ

കല്ലുവെട്ടാംകുഴിയിൽ, റാന്നി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S



1 – ാം ചരമവാർഷികം
5 – 2 – 2026



SOPHIAMMA MATHEW (76)
Maramkollil House, Ranni
(Kozhichal)

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S



40 – ാം ചരമദിനം
16 – 01 – 2026



സിനു കുറിയാക്കോസ്
എള്ളുംകാലായിൽ (പുന്നമൂട്ടിൽ), വെച്ചൂച്ചിറ

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O



2nd Death Anniversary
29-1-2026



എ സി ചാക്കോ
ആലമൂറ്റത്ത് വള്ളംകുളം

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 40 – ാം ചരമദിനം

12 – 01 – 2026



## സി.എ. സൈമൺ (തമ്പി)

ചെറുവള്ളിൽ, കുറിച്ചി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 1 – ാം ചരമവാർഷികം

12 – 1 – 2026



## ചാച്ചിയമ്മ ചെറിയാൻ

കടവിൽ, കിഴക്കേതിൽ, കല്ലിശ്ശേരി

*മക്കൾ–മരുമക്കൾ–കൊച്ചുമക്കൾ*

Advt - O

## 40 – ാം ചരമദിനം

03 – 02 – 2026



## ടി.ജെ. കുര്യാക്കോസ് (84)

(Ret. SS, KSEB)

തുണ്ടിയിൽ, കുറിച്ചി

8:30 എ.എം.ന് വി. കുർബ്ബാന കുറിച്ചി മോർ ഇഗ്നാത്യോസ് പള്ളിയിൽ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 1st Death Anniversary

8th January 2026



## SOMANKUTTY P.A.

Puthenpurackal (Vakkamattathil)
Mavilangu, Chingavanam

Deeply missed and remembered by
Ammal Soman, Kitty, Kohin, Anna, Anu. Levin

Advt -O



# മല്പാനോടു ചോദിക്കാം

## റാസ എന്നാൽ എന്ത്? എന്തിനെ സൂചിപ്പിക്കുന്നു

'റോസോ' എന്ന പാശ്ചാത്യ സുറിയാനി വാക്കിന്റെ കൽദായ രൂപമാണ് റാസ. രഹസ്യം പ്രതീകം എന്നൊക്കെ ഇതിന് അർത്ഥമുണ്ട്. വി. കൂദാശകൾക്ക് സുറിയാനിയിൽ റോസോ എന്നു പറയുന്നു. കാരണം ദൃശ്യമായ കർമ്മങ്ങളുടെ അദൃശ്യമായ നൽവരമാണല്ലോ കൂദാശകൾ എന്നതിനാലാണ് 'റോസോ' എന്ന പദം ഉപയോഗിക്കുന്നത്. പ്രത്യേകിച്ച് വി. കുർബ്ബാനയ്ക്ക് റോസോ എന്നു പറയുന്നു. കത്തോലിക്ക സഭയിൽ വി. കുർബ്ബാന ആഘോഷപൂർവ്വം എഴുന്നെള്ളിച്ചുകൊണ്ട് പ്രദക്ഷിണം നടത്തുന്നതിനാൽ ആ പ്രദക്ഷിണത്തിന് റാസ എന്ന പേരുണ്ടായി. പരി. സുറിയാനി സഭയിൽ പ്രദക്ഷിണം എന്ന പദത്തിന് 'വടക്കു നിന്ന് തെക്കോട്ട്" എന്നാണ് അർത്ഥം. പള്ളിയുടെ വടക്കേ വാതിൽ നിന്നിറങ്ങി ഒരു പ്രാവശ്യം വലയം ചെയ്ത് തെക്കേ വാതിൽ വഴി പള്ളിയകത്ത് പ്രവേശിക്കുന്നതിന് പ്രദക്ഷിണം എന്നു പറയുന്നു. എന്നാൽ ദുഃഖവെള്ളിയാഴ്ച പ്രദക്ഷിണം മാത്രം തെക്കേ വാതിൽ നിന്നിറങ്ങി വടക്കേവാതിൽ വഴി പള്ളിയകത്ത് പ്രവേശിക്കുന്നു. കർത്താവിന്റെ കുരിശുമരണം സാധാരണയിൽ നിന്ന് വ്യത്യസ്തം എന്നു കാണിക്കുവാൻ അപ്രകാരം ചെയ്യുന്നു. നാടും നഗരവും ചുറ്റി ആഘോഷപൂർവ്വം നടത്തുന്ന ചടങ്ങിനെ റാസ എന്നു പറഞ്ഞു വരുന്നു.

വിശ്വാസികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്വർഗ്ഗീയ കനാനിലേക്കുള്ള സഭയുടെ തീർത്ഥാടനമാണ് റാസ. കൂടാതെ കർത്താവിന്റെ രണ്ടാമത്തെ വരവിൽ അവനെ എതിരേൽക്കുന്നതിന്റെ പ്രതീകമായി റാസയെ കാണുന്നുണ്ട്. അതായത് സാത്താനേയും മരണത്തേയും തോൽപ്പിച്ച് വിജയശ്രീലാളിതനായി വീണ്ടും വരുന്ന ക്രിസ്തുവിനെ വിശ്വാസികൾ എതിരേറ്റു കൊണ്ടുവരുന്ന ഭക്തിനിർഭരവും ആഘോഷപൂർവ്വവുമായ കർമ്മത്തിന്റെ പ്രതീകമായും റാസയെ കണക്കാക്കുന്നു. കുരിശ്, കൊടി, മുത്തുക്കുട, മേൽക്കട്ടി, വാദ്യമേളങ്ങൾ, ദീപാലങ്കാരങ്ങൾ, വെടി, പടക്കം തുടങ്ങിയവയൊക്കെ റാസയിൽ ഉപയോഗിക്കുന്നത് ആഘോഷപൂർവ്വമായ എതിരേല്പ്പിനെ സൂചിപ്പിക്കുന്നു.

ജാതികൾ തിങ്ങിപ്പാർക്കുന്ന സമൂഹത്തിൽ ദേശം ചുറ്റി റാസ നടത്തുമ്പോൾ അത് അവരുടെ മുമ്പാകെയുള്ള ക്രൈസ്തവന്റെ സാക്ഷ്യവും ദേശത്തിന്റെ അനുഗ്രഹവുമായി മാറുന്നു. ഭക്തിഗാനങ്ങൾ മാത്രം ആലപിച്ചുകൊണ്ടാണ് റാസ പോകേണ്ടത്. വിശ്വാസികൾ അയോഗ്യമായി റാസയിൽ പങ്കെടുക്കുന്നതും മറ്റുള്ളവർക്ക് മാർഗ്ഗതടസ്സമായി റാസ നടത്തുന്നതും എതിർ സാക്ഷ്യത്തിന് മുഖാന്തിരമാകും എന്ന കാര്യം കൂടി ഓർക്കേണ്ടതാണ്.

കർത്താവിനെ തൂക്കിയ കുരിശ് യരുശലേമിൽ നിന്ന് എ.ഡി. 4-ാം നൂറ്റാണ്ടിൽ ഹെലനി രാജ്ഞി കണ്ടെടുത്ത് അത് ആഘോഷപൂർവ്വം ഒരു ഘോഷയാത്രയായി ദൈവാലയത്തിലേയ്ക്ക് കൊണ്ടുപോയി പ്രതിഷ്ഠിച്ചതിന്റെ ഓർമ്മയും റാസ നടത്തുന്നതിലുണ്ട്.

●

## ക്രിസ്മസ് നവവത്സര സംഗമം നടത്തി



ചിങ്ങവനം സെന്റ് ജോൺസ് പുത്തൻ പള്ളിയിൽ ക്രിസ്മസ് നവവത്സര സംഗമം ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മാർ സേവേറിയോസ് ഉദ്ഘാടനം ചെയ്തു. വികാരി ഫാ. ജേക്കബ് കല്ലുകുളം അധ്യക്ഷത വഹിച്ചു. മുൻസിപ്പൽ കൗൺസിലർ കെ.കെ. പ്രസാദ്, ട്രസ്റ്റി കെ.കെ. ചാക്കോ കൂർക്കകാലായിൽ, സെക്രട്ടറി ഷൈൻ പ്ലാന്തോട്ടം, പ്രോഗ്രാം കൺവീനർ ജോജൻ മാവേലിൽ എന്നിവർ പ്രസംഗിച്ചു. വിവിധ മത്സരങ്ങളും, സംഗീത സായാഹ്നവും ഉണ്ടായിരുന്നു.

# പഴമയും പുതുമയും

അമ്മാൾ രാജൻ, പുളിമൂട്ടിൽ, സീതത്തോട്

പഴയകാലത്ത് ഒരു വീട്ടിൽ ഒരു മരണം നടന്നാൽ അയൽക്കാരും ബന്ധുക്കളും എല്ലാം ചേർന്നു പാട്ടുപാടിയും പുസ്തകം വായിച്ചും നേരം വെളുപ്പിക്കും. അതിന് ഒരു ഇമ്പമുണ്ടായിരുന്നു. അവിടെ ഒരു വിടപറയലിന്റെ മൂകത ഉണ്ടായിരുന്നു. ഇന്നത് പാടേ മാറി. മോർച്ചറിയും മൊബൈൽ മോർച്ചറിയും ഗായകസംഘവും ഒക്കെകൊണ്ട് ഒരു കല്യാണത്തിന്റെ മേളമായി മാറിക്കഴിഞ്ഞു. ഗായകസംഘം പാട്ടുപാടും. വരുന്ന വീട്ടുകാരും നാട്ടുകാരും വീട്ടുകാര്യവും നാട്ടുകാര്യവുമൊക്കെപ്പറഞ്ഞു സമയംകളയും. ഗായകസംഘം തകർത്തുവച്ചുപാടുന്നതുകൊണ്ട് ആർക്കും പാടേണ്ട ആവശ്യം വരുന്നില്ലല്ലോ. ആദ്യം മുതലാളി അച്ചായന്മാരുടെ വീട്ടിൽ ആരംഭിച്ചു ഇന്ന് സർവ്വ സാധാരണമായി. അല്ലെങ്കിലും എല്ലാം മുതലാളി അച്ചായന്മാരുടെയും കൊച്ചമ്മമാരുടേയും വീട്ടിൽ നിന്നാണല്ലോ തുടങ്ങുന്നത്. പണ്ടൊക്കെ കല്ല്യാണത്തിനുപോലും ഗായകസംഘം ഒന്നുമില്ലായിരുന്നു ഇതിപ്പം ഒന്നുമില്ലെങ്കിലും കടം മേടിച്ചാണെങ്കിലും എത്രയും ഗംഭീരമാക്കാമോ അത്രയും ഗംഭീരമാക്കും അതുപോലെതന്നെയാണ് ഇന്നു മരണവും എത്രയും ഗംഭീരമാക്കാമോ അത്രയും ഗംഭീരമാക്കും. ചടങ്ങുകൾ ഇപ്പോൾ അമേരിക്കയിലെപോലെ ഇവിടെയും മരണനാന്തര ചടങ്ങുകൾ നടത്തുവാൻ ഓരോ ഗ്രൂപ്പുകൾ ഗായകസംഘത്തിന്റെ കൂട്ടായിക്കഴിഞ്ഞു. നമ്മൾ ഏതു രീതിയിൽ പറയുന്നോ അതുപോലെ കാര്യങ്ങൾ നടത്തും ഒടുവിൽ പൈസാ എണ്ണിക്കൊടുത്താൽ മതി, ഭംഗിക്കനുസരിച്ച് താമസിയാതെ കരയുവാനുള്ള ആളിനേയും സംഘടിപ്പിച്ചുകിട്ടും, പിന്നെ എന്തുവേണം. ലോകത്തിന്റെ പോക്ക്!

ഇന്ന് വിവാഹത്തിന് ഏതെല്ലാം രീതിയിലാണ് ഒരുക്കങ്ങൾ നടത്തുന്നത്. വിവാഹത്തിന് ആൾക്കാരെ വിളിക്കുന്നത് അവർക്കുവേണ്ടി വിവാഹസമയത്ത് പ്രാർത്ഥിക്കാൻ കൂടിയാണ്. ഇന്ന് പെണ്ണിന്റെയും ചെറുക്കന്റെ വേഷവും ചുറ്റും നില്ക്കുന്ന ആൾക്കാരുടെ വേഷവും മാച്ചിംഗ് ആണോ. മാച്ചിംഗ് ഇല്ലാത്തവനോടു മാറിനിൽക്കാൻ പറഞ്ഞില്ലെങ്കിലും ഒരു ഭംഗിക്കുറവായി വീട്ടുകാർക്കുതോന്നും. ആരെങ്കിലും ചിന്തിക്കുന്നുണ്ടോ ദൈവം അനുവദിച്ചെങ്കിലെ അടുത്ത നിമിഷം ഉള്ളെന്ന്. ഇന്നു പെൺകുട്ടികളെ മാതാപിതാക്കൾ ഒരുക്കിക്കൊണ്ട് കല്യാണത്തിനു വരുന്നതു കണ്ടാൽ വേഷം കാണിക്കാനുള്ള ഭാവത്തിലാണ് അച്ചായന്റെയും കൊച്ചമ്മയുടേയും വീട്ടിലെ കുട്ടികൾക്ക് ഏതു വേഷത്തിലും വരുന്നതിനു വിലക്കില്ലല്ലോ. ഒത്തിരിനാളു മുമ്പേ ഏതോ ഒരു അമേരിക്കൻ അച്ചായന്റെ മോളു കല്യാണത്തിനു ഒരുങ്ങി വന്ന വേഷത്തെക്കുറിച്ച് എന്തൊരു ചർച്ചയായിരുന്നു. ഇന്നത് സർവ്വ സാധാരണമായി. നാണം മറയ്ക്കാനല്ല ഡ്രസ്. ഇന്ന് വേഷം കാണിക്കാനും ഫാഷൻ കാണിക്കാനുമൊക്കെയാണ്. ഗ്രാമീണ വേഷത്തിൽ ആരെങ്കിലും നടന്നാൽ അവരു പഴഞ്ചനായി മാറും. മരണവീട്ടിലും ഇന്ന് പ്രശസ്തിക്കുവേണ്ടിയുള്ള കാര്യങ്ങൾക്കാണ് ഒന്നാം സ്ഥാനം. അതുകൊണ്ടാണിന്നു ഗായക സംഘവും ഒച്ചപ്പാടും ഒക്കെ അരങ്ങേറിക്കൊണ്ടിരിക്കുന്നത്.

ആകെ അല്പ സമയംമാത്രം എന്റെ യാത്ര തീരുവാൻ. 'എന്റെ യാത്രയുടെ അന്ത്യം ഇന്നലെക്കാൾ അടുപ്പം ലോകത്തിൻ ബാലത കോമളത്വം വസ്തുവകകൾ പൊൻനാണയങ്ങൾ സ്ഥാനങ്ങൾ മാനങ്ങൾ നശ്വരമാം'. ഇതൊക്കെ നമ്മളുതന്നെ പാടുമ്പോൾ ഒരു അനുതാപത്തിന്റെ പ്രതീകമാണ് ഉണ്ടാകുന്നത്. ഡും ഡും ന്നൊക്കെ വച്ച് ഗായകസംഘം പാട്ടു കേൾക്കുമ്പോൾ അനുതാപം ഉണ്ടാകുന്നില്ലല്ലോ. "വിരുന്നുവീട്ടിൽ പോകുന്നതിനേക്കാൾ വിലാപ ഭവനത്തിൽ പോകുന്നതു നല്ലത്. അതല്ലേ സകല മനുഷ്യരുടേയും അവസാനം" (സഭാ.7:2). ഇന്ന് വിലാപ ഭവനങ്ങളും ആർഭാട ഭവനങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ഇന്നിപ്പോൾ മരണവീട്ടിൽ പോയിട്ടു വരുമ്പോൾ ആ ഭവനത്തെക്കുറിച്ചോ മരണത്തേക്കുറിച്ചോ ഓർത്തല്ല ഭാരപ്പെടുന്നത് പെണ്ണിനെ കെട്ടിക്കാൻ കരുതി വയ്ക്കുന്നതുപോലെ മരണാനന്തരക്രിയ നടത്തുവാൻ കരുതി വയ്ക്കണമല്ലോന്നോർത്താണ്. അത്രമാത്രം വിപുലമായിട്ടാണ് ഗായകസംഘം മുതൽ പന്തൽ അലങ്കാരംവരെ ഇന്നു സാധാരണയായി മാറിയിരിക്കുന്നു. സാധാരണക്കാരൻ എന്തു ചെയ്യാൻ. എല്ലാറ്റിനും മാറ്റം വരുത്തേണ്ടിയിരിക്കുന്നു. മുതലാളി അച്ചായന്മാരെ പിൻതുടർന്നാൽ അടുത്ത തലമുറ തീരാക്കടക്കാരായി മാറും. ആത്മീയമായും ഭൗതികമായും ഈ ആർഭാടങ്ങളൊക്കെ അടുത്ത തലമുറയ്ക്ക് മരണവീട്ടിൽ ചെല്ലുമ്പോൾപോലും അനുതാപമില്ലാതെവരും. "ഭൂമി കിറുകിറെ കീറുന്നു. ഭൂമി കിടുകിടെ കുടുങ്ങുന്നു. മത്തനെപോലെ ചാഞ്ചാടുന്നു. അതിന്റെ അകൃത്യം അതിന്മേൽ ഭാരമായിരിക്കുന്നു. അതുവീഴും എഴുന്നേൽക്കുകയുമില്ല (യെശയ്യ. 24:20). ഞാൻ കഴിഞ്ഞിടെ ഒരു മരണവീട്ടിൽപോയി സത്യത്തിൽ മരണവീട്ടിൽ വന്നവർ കരയാത്തവരാരും കാണുകയില്ല. പ്രായമുള്ള മാതാവാണ് എന്നാലും അവിടുത്തെ രംഗം കണ്ടാൽ കരഞ്ഞുപോകും, കരയാത്തവരും. ആ വീട്ടിൽ മരിച്ച ആ മാതാവിനു മാത്രമേ ശരിയ്ക്കും കണ്ണിനു കാഴ്ചയുണ്ടായിരുന്നുള്ളൂ. ബാക്കി ആർക്കും കാഴ്ചയില്ല. മകനും ഭർത്താവിനും ഒട്ടും കാഴ്ചയില്ല. അവിടെ ചെന്നപ്പോൾ മുതലാണ് ഗായകസംഘം പാടുന്നത് ഒരു മുഷിപ്പായിട്ടു തോന്നിയത്. അവിടെയിരുന്ന് അനുതാപത്തോടെ പാടുവാൻ കഴിഞ്ഞില്ല. ഞാൻ വിചാരിച്ചു മരണവീട്ടിലും ഗായകസംഘം പതിവായല്ലോ. പള്ളിയിൽ കുർബ്ബാന ഗായകസംഘം ജനങ്ങൾക്കു ചുമ്മാതെ നിന്നാൽ മതി. ആരാധിക്കാൻ വരുന്നവർ പാട്ടിന്റെ ഈണത്തിനു ശ്രദ്ധ കൊടുത്ത് നിൽക്കുന്നു. ഇതെല്ലാം മനുഷ്യനെ ദൈവത്തിൽ നിന്നകറ്റിക്കൊണ്ടുപോകുന്നു. "അടിസ്ഥാനങ്ങൾ മറിഞ്ഞുപോയാൽ നീതിമാൻ എന്തു ചെയ്യും" (സങ്കീ. 11:3).

മണ്ണിൽ നേടിയതെല്ലാം ഞൊടി നേരം പോയിടും
കണ്ടീടും നാം വിണ്ണിൽ ദൂരെ ആ ദേശം
ഒരുങ്ങിട്ടുണ്ടോ നാം ഒരുങ്ങിട്ടുണ്ടോ
വിശുദ്ധിയെ തികച്ചും പറന്നുപോകാൻ

ഉറ്റവരെ നാം പിരിയും പുതിയൊരു യാത്ര തുടങ്ങും. മണ്ണിൽ ജീവിതം എന്നാൽ ലാഭം ആറടി മാത്രം. മൃത്യുവിൻ രൂപം നമ്മിൽ നിഴലായി ഉണ്ടെന്ന് ഓർക്ക. പ്രായം നോക്കാതെ നമ്മെ ചേർത്തു പിടിക്കുമെന്നോർക്കുക. ●




എബി

# എഡ്ഗർ റൈസ് ബെറോസ്

**ടാർസന്റെ പിതാവ്**

വനാന്തരങ്ങളിലൂടെ സഞ്ചരിച്ച് മരങ്ങളിൽ നിന്ന് മരങ്ങളിലേയ്ക്ക് ചാടുന്ന ടാർസൻ എന്ന അനശ്വര കഥാപാത്രത്തെ സൃഷ്ടിച്ച എഡ്ഗർ റൈസ് ബെറോസ് എന്ന എഴുത്തുകാരൻ ഒരിക്കൽ റെയിൽവേയിൽ ഒരു ഗാർഡായിരുന്നു എന്ന വിവരം എത്രപേർക്കറിയാം. എന്നാൽ ഇതു മാത്രമല്ല അത്ഭുതം. പട്ടാളക്കാരനായും കച്ചവടക്കാരനായും ഖനിതൊഴിലാളിയായും ഒക്കെ ജീവിച്ച് പരാജയപ്പെട്ട ഒരു ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. സമ്പന്നതയിൽ ജനിച്ചുവളർന്നെങ്കിലും തൊടുന്നതെല്ലാം പരാജയമായിരുന്നു. അങ്ങനെ നിരാശയുടെ പടുകുഴിയിൽ നിന്നും ഉയിർത്തെഴുന്നേറ്റ് വിജയം വരിച്ച കഥയാണിത്. ഇതൊക്കെ സംഭവിക്കുന്നത് ഒന്നര നൂറ്റാണ്ടുകൾക്ക് മുമ്പ് A.I. ഒന്നുമില്ലാതിരുന്ന ഒരു കാലത്താണെന്നോർക്കണം. നിരാശയുടെ അടിത്തട്ടിൽ നിന്നായിരുന്നു ടാർസൻ എന്ന അനശ്വര കഥാപാത്രത്തിന് ബെറോസ് ജന്മം നൽകിയത്. അത് 1912 ഒക്ടോബറിലായിരുന്നു.



